പഞ്ചായത്ത്‌രാജ്

പുസ്തകം 54 ◆ ലക്കം 4 · പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം · ജൂലൈ 2014

ജീവനോപാധി മേഖലയിൽ **കുടുംബശ്രീ** ചരിത്ര നേട്ടത്തിലേക്ക്

- പ്രാദേശിക ഭരണവും യുവജനങ്ങളും
- മഴക്കാല രോഗങ്ങളും പ്രതിരോധമാർഗ്ഗങ്ങളും

'നമ്മുടെ പഞ്ചായത്ത്
ശുചിത്വത്തിന്റെ പാതയിൽ

പഞ്ചായത്തിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'

- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

നമ്മുടെ ലക്ഷ്യം
മാലിന്യമുക്ത കേരളം

മാലിന്യമുക്ത കേരളം

പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

പഞ്ചായത്ത് രാജ്

ജൂലൈ 2014

ഉള്ളടക്കം

5 എഡിറ്ററുടെ പേജ്

6 പ്രാദേശിക ഭരണവും യുവജനങ്ങളും
ഡോ. എം.കെ. മുനീർ

8 മഴക്കാല രോഗങ്ങളും പ്രതിരോധമാർഗ്ഗങ്ങളും
ഡോ. ജോസ്മോൻ ജോർജ്

11 ക്വാളിറ്റി സർക്കിൾ
ഡോ. ജെ.ബി. രാജൻ & ബിജു. എസ്.കെ.

13 സൂര്യനും ഭൂമിയിലെ ഋതുഭേദങ്ങളും
ഡോ. പ്രദീപ് കുമാർ.പി.കെ

17 പഞ്ചായത്ത് അക്കൗണ്ട് സംശയങ്ങളും മറുപടികളും
ഉദയഭാനു കണ്ടേത്ത്

20 ഗ്രാമപഞ്ചായത്തുകളിലൂടെ

22 ഓഡിറ്റ് റിപ്പോർട്ട്: ഭരണസമിതി അംഗങ്ങളും ബാദ്ധ്യസ്ഥർ?
കെ. രവി

25 കണ്ണീർമഴയത്ത് – കഥ
വി.എസ്.ബിജുകുമാർ

28 ജീവനോപാദി മേഖലയിൽ കുടുംബശ്രീ ചരിത്ര നേട്ടത്തിലേക്ക്
ടി. ഷാഹുൽഹമീദ്

31 തദ്ദേശ ഭരണസ്ഥാപനങ്ങളും പദ്ധതിവിഹിത വിനിയോഗവും
നിയതി

34 വർഷപാതത്തിന്റെ വരവിളികൾ
വി.കെ. ശ്രീധരൻ

37 ഓമല്ലൂർ വയൽവാണിഭം

38 മലയോര വികസനത്തിന്റെ പൂമുഖപ്പടിയിൽ
മനോഹരൻ കൈതപ്രം

മുൻ ത്രിതല പഞ്ചായത്ത് മെമ്പർമാർക്ക് തിരിച്ചറിയൽ കാർഡ്

കേരളത്തിലെ ത്രിതല പഞ്ചായത്തുകളിൽ സേവനം അനുഷ്ഠിച്ച അരലക്ഷത്തിലധികം വരുന്ന മുൻ ജനപ്രതിനിധികളുടെ വർഷങ്ങളായുള്ള ആവശ്യം സർക്കാർ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ മുൻ ജനപ്രതിനിധികൾക്കുള്ള തിരിച്ചറിയൽ കാർഡിന്റെ സംസ്ഥാന തല ഉദ്ഘാടനം പഞ്ചായത്തു സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ: എം.കെ.മുനീർ കോഴിക്കോടു നിർവ്വഹിച്ചു. കാൽ നൂറ്റാണ്ടുകാലം പഞ്ചായത്ത് പ്രസിഡന്റായി സേവനം അനുഷ്ഠിച്ച ഓമശ്ശേരി മുൻ പഞ്ചായത്ത് പ്രസിഡന്റ് പി.പി.സെയ്ദു ഹാജിക്ക് ഐഡന്റിറ്റി കാർഡ് നൽകികൊണ്ടാണ് ഉദ്ഘാടനം നിർവഹിച്ചത്. എം.എൽ.എമാരായ സി.മോയിൻകുട്ടി, എ.കെ.ശശീന്ദ്രൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കാനത്തിൽ ജമീല, ബി.ജെ.പി ദേശീയ നിർവ്വഹണ സമിതി അംഗം അഡ്വ. പി.എസ്. ശ്രീധരൻപിള്ള തുടങ്ങിയവർ പങ്കെടുത്തു. മുൻ ജനപ്രതിനിധി അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് കെ.വി.അബ്ദുൽ റഹ്മാൻ അദ്ധ്യക്ഷത വഹിച്ചു.

കില ഡയറക്ടർ ടീം ലീഡർ

പഞ്ചായത്ത് രാജ് ശാക്തീകരണത്തിനുള്ള രാജീവ്ഗാന്ധി പഞ്ചായത്ത് ശാക്തീകരൺ അഭിയാന്റെ(ആർ.ജി.പി.എസ്.എ) ദേശീയ അസസ്മെന്റ് ടീം ലീഡറായി കില ഡയറക്ടർ ഡോ.പി.പി.ബാലനെ കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയം നോമിനേറ്റുചെയ്തു. രാജസ്ഥാൻ, മഹാരാഷ്ട്ര, തമിഴ്നാട്, കർണാടക തുടങ്ങിയ സംസ്ഥാനങ്ങളുടെ ചുമതലയാണ് അദ്ദേഹത്തിനുള്ളത്. ആർ.ജി.പി.എസ്.എ പരിപാടികളുടെ ഭാഗമായ വിവിധ പരിശീലനപരിപാടികൾ, വരുമാനം വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ, കെട്ടിടങ്ങളില്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ പഞ്ചായത്ത് ഓഫീസ് കെട്ടിടനിർമ്മാണം, ഉദ്യോഗസ്ഥനിയമനങ്ങൾ തുടങ്ങിയവയുടെ മേൽനോട്ടമാണ് അസസ്മെന്റ് ടീമിന് നിർവഹിക്കാനുള്ളത്.

പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ജൂലൈ 2014 | പുസ്തകം 54 | ലക്കം 4 | വാർഷിക വരിസംഖ്യ: ₹120

www.lsgkerala.gov.in

ഉപദേശക സമിതി

ചെയർമാൻ

ഡോ. എം.കെ. മുനീർ
പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പ് മന്ത്രി

അംഗങ്ങൾ

ജയിംസ് വർഗ്ഗീസ്, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശസ്വയംഭരണവകുപ്പ്

മിനി ആന്റണി, ഐ.എ.എസ്.
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

പി.ടി. മാത്യു
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

ജി. രാജീവ്
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം

എ. ഹാഷിം
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ

എ. സെയിദ്
പഞ്ചായത്ത് ഡയറക്ടർ (ഇൻചാർജ്)

എഡിറ്റർ

എ. സെയിദ്
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ

എ. ഹാഷിം
e-mail: prodp12@gmail.com
Ph: 0471-2321280

കവർ ഡിസൈൻ & ലേ ഔട്ട്
mayasanthoshm@gmail.com

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്വമില്ല.

മേൽവിലാസം

എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.

എഡിറ്റോറിയൽ

കേരളത്തിലെ ഗ്രാമപഞ്ചായത്ത് കാര്യാലയങ്ങൾ പ്രവർത്തന ക്ഷമതയുടെ കാര്യത്തിൽ മറ്റ് ഇതര വകുപ്പ് കാര്യാലയങ്ങളെ അപേക്ഷിച്ച് വളരെ മുന്നിലാണ്. മറ്റ് വകുപ്പുകൾ ഒന്നും നേടാത്ത ഐ.എസ്.ഒ അംഗീകാരം നേടിയെടുക്കാൻ പഞ്ചായത്ത് വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. പത്തിലധികം ഗ്രാമപഞ്ചായത്തുകളും ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസും ഐ.എസ്.ഒ അംഗീകാരം നേടിക്കഴിഞ്ഞു. ബാക്കിയുള്ള ഗ്രാമ പഞ്ചായത്തുകളും മറ്റ് ജില്ലാ ആഫീസുകളും ഐ.എസ്.ഒ അംഗീകാരം നേടാനുള്ള ശ്രമത്തിലാണ്. പേപ്പർലെസ് ആഫീസ് ആകുന്നതിന്റെ മുന്നോടിയായി ഗ്രാമപഞ്ചായത്തുകൾ ലെസ് പേപ്പർ - ആഫീസുകളായി മാറിക്കഴിഞ്ഞു.

വിവരാവകാശ നിയമവും സേവനാവകാശ നിയമവും നിലവിലുള്ള ഈ കാലഘട്ടത്തിൽ ഗ്രാമ പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ കാര്യക്ഷമതയും സുതാര്യതയും ഉണ്ടാകേണ്ടതുണ്ട്. നിലവിലുള്ള ജീവനക്കാരെ മാത്രം ആശ്രയിച്ച് വർദ്ധിച്ച് വരുന്ന ജോലിഭാരം പൂർത്തീകരിക്കാൻ കഴിയില്ല. ഈ വസ്തുത ജനപ്രതിനിധികൾക്കും ബോധ്യമുള്ളതാണ്. ഇതിന് ഒരു പരിധിവരെ സഹായകരമാകുന്ന ഒരു നടപടിയാണ് 19.03.2014ലെ സ.ഉ.(കൈ) നം.57/2014/തസ്വഭവ ഉത്തരവിലൂടെ സർക്കാർ കൈക്കൊണ്ടത്. ആയത് പഞ്ചായത്തുകളിൽ നികുതി പിരിവുകൾ ഉൾപ്പെടെയുള്ള വിവിധ ഫീൽഡ് ചുമതലകളിൽ കുടുംബശ്രീ സംവിധാനത്തെ സഹകരിപ്പിച്ച് പ്രവർത്തനം സുഗമമാക്കുക എന്നതുതന്നെ. നികുതി പിരിവ്, ഗ്രാമസഭാ സംഘാടനം, തുടങ്ങിയ കാര്യങ്ങളിൽ കുടുംബശ്രീ പ്രവർത്തകരുടെ സേവനം ഉറപ്പാക്കാൻ കഴിയും. ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇതു സംബന്ധിച്ച് കൂടുതൽ എന്തെങ്കിലും നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കാനുണ്ടെങ്കിൽ പ്രസിഡന്റുമാർക്ക് അക്കാര്യം ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

ജനങ്ങളുടെ വർദ്ധിച്ച് വരുന്ന ആവശ്യം പരിഗണിച്ച് ഗ്രാമപഞ്ചായത്തു കാര്യാലയങ്ങളുടെ സൗകര്യങ്ങളും വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. RGPSA പ്രകാരമുള്ള പദ്ധതികൾ അതിന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് സമയബന്ധിതമായി സമർപ്പിച്ച് അംഗീകാരം നേടി പ്രാവർത്തികമാക്കാൻ ഗ്രാമപഞ്ചായത്തു സെക്രട്ടറിമാരും, ജനപ്രതിനിധികളും ശ്രദ്ധിക്കേണ്ടതാണ്.

ഇപ്പോൾ നിലവിലുള്ള പഞ്ചായത്ത് ഭരണസമിതിയുടെ കാലാവധി 2015 ഒക്ടോബർ 31ന് അവസാനിക്കുകയാണ്. തിരഞ്ഞെടുപ്പ് നടപടികൾ ആരംഭിക്കുന്നതിനു മുമ്പേ ചെയ്തു തീർക്കേണ്ട വസ്തു നികുതി പരിഷ്കരണ നടപടികൾ പല ഗ്രാമ പഞ്ചായത്തുകളും പൂർത്തീകരിച്ചിട്ടില്ല. കൂടാതെ ജനന മരണ രജിസ്ട്രേഷന്റെ പാസ്റ്റ് ഡേറ്റാ എൻട്രി, കഴിഞ്ഞ സാമ്പത്തിക വർഷത്തെ എഎഫ്എസ് തുടങ്ങിയവ പൂർത്തീകരിക്കാത്ത പഞ്ചായത്തുകളിലെ സെക്രട്ടറിമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

എ. സെയിദ്
പഞ്ചായത്ത് ഡയറക്ടർ (ഇൻചാർജ്)

ഡോ. എം.കെ. മുനീർ
പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി

പ്രാദേശിക ഭരണവും യുവജനങ്ങളും

ഒരു സമൂഹത്തിന്റെ സാമൂഹികവും ബൗദ്ധികവും സാംസ്കാരികവുമായ പ്രവർത്തനങ്ങളിൽ സൃഷ്ടിപരമായ പങ്കുവഹിക്കുന്ന വിഭാഗമാണ് യുവജനങ്ങൾ. നമ്മുടെ ജനസംഖ്യയുടെ ഒരു നല്ല പങ്ക് യുവജനങ്ങളാണ്; അതായത് 65% ആളുകൾ 35 വയസ്സിന് താഴെപ്രായമുള്ളവരാണ്. യുവജനങ്ങളുടെ പുരോഗതിയും അവരിലൂടെ വികസനവും സാധ്യമാക്കുകയും അവരെ ദേശീയബോധവും സാമൂഹ്യബോധവും പൗരബോധവും പാരിസ്ഥിതിക ബോധവും സ്വയംപര്യാപ്തതയും ഉള്ള പൗരന്മാരായി ഉയർത്തുകയും ചെയ്യുക എന്നതാണ് നമ്മുടെ ദേശീയ നയം. ഈ നയം വിജയിപ്പിക്കുന്നതിന് സത്യം, അഹിംസ, മതേതരത്വം, സാഹോദര്യം തുടങ്ങിയ മൂല്യങ്ങൾ യുവാക്കൾക്കിടയിൽ വളർത്തിയെടുക്കുകയും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും കാത്തുസൂക്ഷിച്ച് ഇന്ത്യൻ ഭരണഘടനയോട് കൂറും വിധേയത്വവുമുള്ളവരാക്കി അവരെ മാറ്റുകയും വേണം. യുവജനങ്ങളുടെ സമഗ്രവികസനത്തിലൂടെ അവരെ ശാക്തീകരിക്കുക അതിലൂടെ രാഷ്ട്രത്തിന്റെ സുസ്ഥിര വികസനം സാദ്ധ്യമാക്കുക എന്നതും നാം ലക്ഷ്യമിടുന്നു. സാമൂഹ്യനീതിയിലധിഷ്ഠിതമായ സാമ്പത്തിക വികസനം എന്ന ലക്ഷ്യത്തിലെത്താൻ യുവജന പങ്കാളിത്തം അനിവാര്യമാണ്. കേരളത്തിലെ യുവജനങ്ങൾ ഉയർന്ന സാക്ഷരതയുള്ളവരാണ്. അവർ സാമൂഹിക-രാഷ്ട്രീയബോധം, സംഘടനാബോധം, വായനാശീലം, കലാ-കായിക രംഗങ്ങളിൽ മികവ് തുടങ്ങിയ മേന്മകൾ ഉള്ളവരാണ്. ഇതര സംസ്ക്കാരവുമായി ഇഴുകിചേരാനും പുതിയ അറിവും സാങ്കേതിക വിദ്യകളും സ്വായത്തമാക്കാനും തൊഴിലിനു വേണ്ടി പുറംനാടുകളിൽ പോകുന്നത് താത്പര്യവും

നൈപുണ്യവും ഉള്ളവരാണ്.

മേഖല ഏതുമായിക്കൊള്ളട്ടെ, പരിവർത്തനത്തിനുള്ള ചാലകശക്തിയാണ് യുവജനങ്ങൾ. ലോകത്തെവിടെയുള്ള രാഷ്ട്രങ്ങളിലും ഏതു കോണിലും ഇത് തന്നെയാണ് സ്ഥിതി. ഫ്രാൻസിൽ, റഷ്യയിൽ, ചൈനയിൽ, ഈജിപ്തിൽ ഒക്കെ യുവജനശക്തിയുടെ ഊക്കേറിയ പ്രവാഹത്തിൽ നിലവിൽ നിന്ന പല വിശ്വാസ - ചിരപ്രതിഷ്ഠിത സാമൂഹ്യ ഗോപുരങ്ങൾ തകർന്നു വീഴുന്നത് നാം കണ്ടു. പുതിയ ഒരു ദുർജയശക്തിയുടെ ഉദയം അവിടങ്ങളിൽ നാം ദർശിച്ചു. സമഗ്രപരിവർത്തനത്തിന്റെ കൊടുങ്കാറ്റാണ് അവിടെ വീശിയടിച്ചത്. പീരങ്കിയും വെടിയുണ്ടകളും ഒന്നും അവരെ പിന്തിരിപ്പിച്ചില്ല. ജീർണ്ണതക്കെതിരായ സമരങ്ങളിൽ യുവജനങ്ങൾ മുന്നിട്ടിറങ്ങിയ അവസരങ്ങളിൽ അവ വിജയം കണ്ട ചരിത്രമാണുള്ളത്.

അഹിംസ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ മുഖമുദ്രയായിരുന്നുവെങ്കിലും യുവജനതയെ ത്രസിപ്പിക്കുന്നതിൽ രാജഗുരുവിന്റെയും ഭഗത്സിംഗിന്റെയും ആത്മബലിയും നേതാജി സുഭാഷ് ചന്ദ്രബോസിന്റെയും ആചാര്യനരേന്ദ്രദേവിന്റെയും ആദർശാഭിനിവേശവും സൃഷ്ടിച്ച പങ്ക് വിസ്മരിക്കാൻ കഴിയുകയില്ല. ഇന്ത്യയും കേരളവും സാമൂഹിക ജീർണ്ണതകൾ തുടച്ചുമാറ്റാൻ ജാഗ്രതയോടെ കർമ്മനിരതമാകേണ്ടഘട്ടമാണിത്. സ്ത്രീകൾക്കും കുട്ടികൾക്കും മുതിർന്നവർക്കും എതിരായ അതിക്രമങ്ങൾ അചിന്ത്യമായ തലങ്ങളിലേക്ക് വളർന്ന് ബന്ധങ്ങളുടെ പവിത്രതയെ ഇരുട്ടിലേക്കെറിയുന്ന സ്ഥിതി വിശേഷമുണ്ട്. ഇത് നമ്മൾ ഇതുവരെ കെട്ടിപ്പടുത്ത എല്ലാ സംസ്കാരങ്ങളും പുരോഗതിയും തകർന്നടിയുന്ന അവസ്ഥയിൽ കൊണ്ടെത്തിക്കും. അതിബൃഹത്തായ ബോധവൽക്കരണത്തിലൂടെയും ഒരു വൻസന്നദ്ധ പ്രതിരോധ സന്നാഹത്തിലൂടെയും മാത്രമേ ഇതിന് തടയിടാൻ കഴിയുകയുള്ളൂ. നമ്മുടെ സ്ത്രീകളും കുട്ടികളും സുരക്ഷിതരാകുമ്പോൾ മാത്രമേ സാമൂഹ്യജീവിതം സംഘർഷരഹിതമായി മുന്നോട്ടു പോവുകയുള്ളൂ. ഒരു ലക്ഷം യുവജനങ്ങളെ പങ്കാളികളാക്കിക്കൊണ്ട് സാമൂഹ്യനീതിയും സഹായവും അർഹിക്കുന്ന എല്ലാവരിലും എത്തിക്കാനുള്ള ഒരു സന്നദ്ധസേന രൂപവത്കരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. യുവജന പ്രസ്ഥാനങ്ങൾക്ക് ഈ സംരംഭവുമായി സഹകരിക്കാൻ കഴിയും.

പഞ്ചായത്ത് രാജ് സംവിധാനം നടപ്പിലായതോടെ പ്രാദേശിക ഭരണകൂടങ്ങൾ ശാക്തീകരിക്കപ്പെട്ടു. ശ്രീ. രാജീവ്ഗാന്ധി മുൻകയ്യെടുത്താണ് അധികാരവികേന്ദ്രീകരണം എന്ന ആശയം ഇന്ത്യയിൽ നടപ്പാക്കിയത്. അതിനായി ഭരണഘടനാ ഭേദഗതികൾ അദ്ദേഹം കൊണ്ടുവന്നു. അധികാരം ഇന്ത്യൻ പൗരന്മാരിലേക്ക് കൈമാറാനുള്ള ഇച്ഛാശക്തിയാണ് ഇവിടെ നമുക്ക് ദർശിക്കാനാവുക. അധികാരവികേന്ദ്രീകരണം വിജയകരമായി നടപ്പാക്കിയ സംസ്ഥാനമാണ് കേരളം. നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപന ഭരണസമിതികളിൽ യുവാക്കളുടെയും സ്ത്രീകളുടെയും പാർശ്വവൽക്കൃത സമൂഹത്തിന്റെയും മികച്ച പ്രാതിനിധ്യമുണ്ട്. ഇന്ത്യയുടെയും കേരളത്തിന്റെയും പ്രാദേശികാവശ്യങ്ങളിൽ അധിഷ്ഠിതമായ വികസനവും അതിലൂടെ രാജ്യത്തിന്റെ സമഗ്ര പുരോഗതിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ യായിരിക്കും. യുവജന പ്രസ്ഥാനങ്ങൾ അതുകൊണ്ട് തന്നെ ഇവയിൽ ഏറെ താത്പര്യം കാണിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുകളിലെ ഗ്രാമസഭകൾ വികസനത്തിന്റെയും സാമൂഹ്യ സാമ്പത്തിക തീരുമാനങ്ങളുടെയും അടിസ്ഥാന യൂണിറ്റുകളാണ്. യുവജനങ്ങൾ ഗ്രാമസഭായോഗങ്ങളിൽ കൃത്യമായി പങ്കെടുക്കുന്നത് തദ്ദേശീയ വികസന പരിപാടികളിൽ അവരുടെ സജീവ പങ്കാളിത്തം ഉറപ്പാക്കും. പരിസ്ഥിതി സംരക്ഷണ ത്തെപ്പറ്റി തീരുമാനമെടുക്കാനുള്ള അധികാരം ഗ്രാമസഭകളിൽ നിക്ഷിപ്തമാക്കണമെന്ന അഭിപ്രായം ഇവിടെ ഓർക്കാം. തദ്ദേശീയ തെരഞ്ഞെടുപ്പുകളിൽ മത്സരിച്ച് പ്രാദേശിക ഭരണകൂടങ്ങളെ നയിക്കാനുള്ള അവസരം പ്രയോജനപ്പെടുത്താനും യുവ ജനങ്ങൾ തയാറാവണം പ്രാദേശിക ഭരണസമിതികളിലെ അംഗങ്ങൾക്ക് ഇനി കേവലം കാഴ്ചക്കാരായി നിൽക്കാൻ കഴിയുകയില്ല. അവർ മികച്ച മാനേജ്മെന്റ് വൈദഗ്ദ്ധ്യമുള്ളവരാവണം. ഭരണരംഗത്തെ നിയമങ്ങളെയും നടപടി ക്രമങ്ങളെയുംപറ്റി പൊതുവായ അവബോധം ഉള്ളവരായിരിക്കണം. കാരണം, വികസനം മുതൽ ക്രമസമാധാനം വരെ പ്രാദേശിക ഭരണകൂടത്തിന്റെ ദൈനംദിന വിഷയങ്ങളാവുന്നു. പദ്ധതി ആസൂത്രണവും നിർവഹണവും അവരുടെ ചുമതലയിലാകുന്നു. ജനപക്ഷത്ത് നിൽക്കുന്നതും എന്നാൽ തികച്ചും പ്രൊഫഷണലായതുമായ ഒരു സമീപനമാണ് ഇനി തദ്ദേശഭരണസ്ഥാപനസമിതി അംഗങ്ങൾക്കും അദ്ധ്യക്ഷന്മാർക്കും ഉണ്ടാവേണ്ടത്. ഈ സമിതികളുടെ നായകത്വം വഹിക്കേണ്ട യുവജനങ്ങൾ ഈ അവബോധം സ്വായത്തമാക്കാൻ ശ്രമിച്ചേ തീരൂ. വികേന്ദ്രീകൃത ജനാധിപത്യം കൂടുതൽ ശാക്തീകരിക്കുന്നതിൽ ഇനി നിർണ്ണായക പങ്ക് യുവാക്കൾക്കാണ്. ◆

ഡോ. ജോസ്മോൻ ജോർജ്

മഴക്കാല രോഗങ്ങളും

വേനലിന്റെ ഉഗ്രതയ്ക്കും കുടിവെള്ളത്തിനായുള്ള നെട്ടോട്ടത്തിനും അറുതി വരുത്തിക്കൊണ്ട് മനസ്സിനും ശരീരത്തിനും പ്രകൃതിയ്ക്കും കുളിരായി അവൾ വീണ്ടും വന്നെത്തി. മഴ സഖിയായി സാധാരണക്കാരന്റെ പ്രതീക്ഷകളും, സാമ്പത്തിക ബഡ്ജറ്റും ആരോഗ്യവും തകിടം മറിക്കുന്ന കുറെ രോഗങ്ങളും. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെയും ജനങ്ങളുടേയും സമ്പത്തും ജനങ്ങളുടെ ജീവനും കവർന്നെടുക്കുന്ന ഈ പ്രതിഭാസം ഓരോ വർഷവും തീവ്രത ഒട്ടുംചോരാതെ ആവർത്തിക്കപ്പെടുന്നു എന്നുള്ളത് വിചിത്രവും, ആരോഗ്യ കേരളത്തിന് അപമാനവും. നമ്മുടെ പ്രതിരോധ മാർഗ്ഗങ്ങളടെ ഫലപ്രാപ്തിയെക്കുറിച്ചും പുനർവിചിന്തനത്തിന് വിഷയീഭവിക്കേണ്ട വസ്തുതയുമാണ്. "എന്നെ തല്ലണ്ട അമ്മാവാ ഞാൻ നന്നാവില്ല." എന്നുള്ള മലയാളിയുടെ ജന്മസിദ്ധമായ മനോഭാവവും പരിസരശുചീകരണത്തിൽ നാം കാണിക്കുന്ന അലംഭാവവും ഈ ആരോഗ്യ പ്രതിസന്ധിക്ക് ആഴവും വ്യാപ്തിയും നൽകുന്നു.

എല്ലാവർക്കും ചെയ്യുവാൻ കഴിയുന്ന ചില ചെറിയ കാര്യങ്ങൾ മാത്രം ശ്രദ്ധിച്ചാൽ, സ്വയം ചികിത്സ ഒഴിവാക്കിയാൽ മഴക്കാല രോഗങ്ങളെ ഫലപ്രദമായി പ്രതിരോധിക്കുവാനും ഇതുമൂലമുണ്ടാകുന്ന മരണങ്ങൾ കുറയ്ക്കുവാനും സാധിക്കും.

മഴക്കാല രോഗങ്ങൾ എന്നാൽ എന്താണ്?

കേരളത്തിൽ ജൂൺ-ജൂലായ് മാസത്തിൽ ആരംഭിക്കുന്ന മൺസൂൺ കാലഘട്ടത്തിൽ മാത്രമോ അല്ലെങ്കിൽ കൂടുതലായോ കാണപ്പെടുന്ന രോഗങ്ങളെയാണ് മഴക്കാല രോഗങ്ങൾ എന്ന് വിളിക്കുന്നത്.

എന്തൊക്കെയാണ് ഈ മഴക്കാല രോഗങ്ങൾ?

നമ്മുടെ സംസ്ഥാനത്ത് താരതമ്യേന മറ്റു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതൽ മഴ ലഭിക്കുന്നതിനാൽ രോഗങ്ങളുടെ ആധിക്യവും കൂടുതലാണ്. ഡെങ്കിപ്പനി (Dengue fever), എലിപ്പനി (Wails disease or leptosprasis), മഞ്ഞപ്പിത്തം (Viral Hepatitis A and E), ടൈഫോയ്ഡ് പനി (Typhoid fever), ഛർദ്ദി, അതിസാരം (Acute Dearshaed Dieseases), കോളറ വിവിധ തരത്തിലുള്ള വൈറൽ പനികൾ (Viral fever), ജപ്പാൻ ജ്വരം (Japanese Enaephalitis), അമിത രക്തസ്രാവമുണ്ടാക്കുന്ന പനികൾ (Haemorshagic fever) ചിക്കൻഗുനിയ (chekungniya), മലമ്പനി (മലേറിയ) എന്നിവയാണ് കേരളത്തിൽ മഴക്കാല രോഗത്തോടനുബന്ധിച്ച് സാധാരണയായി കാണുന്ന രോഗങ്ങൾ. ഇവയെ കൂടാതെ സ്ഥിരീകരിക്കപ്പെടാത്ത രോഗങ്ങൾ പ്രത്യേകിച്ച് വൈറസുകൾ മൂലമുണ്ടാകുന്ന (unidentified viruses) പനികളും മഴക്കാലത്ത് കാണപ്പെടുന്നു. ഉദാ: റൂബല്ലക്ക് സമാനമായ രോഗ ലക്ഷണങ്ങളുള്ള വൈറൽ പനി ഇപ്പോൾ കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

എല്ലാവർക്കും ചെയ്യുവാൻ കഴിയുന്ന ചില ചെറിയ കാര്യങ്ങൾ മാത്രം ശ്രദ്ധിച്ചാൽ, സ്വയം ചികിത്സ ഒഴിവാക്കിയാൽ മഴക്കാല രോഗങ്ങളെ ഫലപ്രദമായി പ്രതിരോധിക്കുവാനും ഇതുമൂലമുണ്ടാകുന്ന മരണങ്ങൾ കുറയ്ക്കുവാനും സാധിക്കും.

പ്രതിരോധമാർഗ്ഗങ്ങളും

എന്താണ് ഈ മഴക്കാലരോഗങ്ങളുടെ പ്രത്യേകത?

മഴക്കാല രോഗങ്ങളിൽ ഭൂരിപക്ഷവും പരിസരശുചിത്വമില്ലായ്മ, വ്യക്തിശുചിത്വമില്ലായ്മ, അശുദ്ധമായ ഭക്ഷണപാനീയങ്ങൾ, കൊതുകുകൾ എന്നിവ മൂലമുണ്ടാകുന്ന രോഗങ്ങളാണ്. അതു കൊണ്ടുതന്നെ ഈ രോഗങ്ങളെ വളരെ ഫലപ്രദമായി പ്രതിരോധിക്കുവാനും നമുക്കു കഴിയും. ഇതിന് വ്യക്തികളും സമൂഹവും ലളിതമായ അടിസ്ഥാനപരമായ ആരോഗ്യ പ്രമാണങ്ങൾ പാലിച്ചാൽ മാത്രം മതി.

ഇവയിൽ ഡെങ്കിപ്പനി, ചിക്കുൻഗുനിയ പനി എന്നിവ പകർത്തുന്നത് കൃത്രിമ ജലാശയങ്ങളിലും, കെട്ടിക്കിടക്കുന്ന വെള്ളത്തിലും വളരുന്ന ഈഡിസ് വിഭാഗത്തിൽപ്പെടുന്ന കൊതുകുകളാണ്. ജപ്പാൻജ്വരം ക്യൂലക്സ് വിഭാഗത്തിൽപ്പെടുന്ന കൊതുകുകളും മലേറിയ അഥവാ മലമ്പനി അനോഫിലസ് വിഭാഗത്തിൽപ്പെടുന്ന കൊതുകുകളുമാണ് പകർത്തുന്നത്. എലിപ്പനി പരിസരശുചിത്വമില്ലായ്മയിലൂടെയും, മഞ്ഞപ്പിത്തം (A&E), ടൈഫോയ്ഡ് പനി, ഛർദ്ദി, അതിസാരം, കോളറ തുടങ്ങിയവ അശുദ്ധമായ ഭക്ഷണപാനീയങ്ങളിലൂടെയാണ് പകരുന്നത്. പുതിയതായി കാണപ്പെടുന്ന മിക്ക പനികളും പകരുന്നത് എങ്ങനെ എന്ന് പഠനങ്ങളിലൂടെ വ്യക്തമായിട്ടില്ലെങ്കിലും ഇവയുടെ രോഗ വാഹകർ കൊതുകുകൾ ആകുവാനുള്ള സാധ്യത വളരെ കൂടുതലാണ്.

മഴക്കാല രോഗങ്ങൾ മരണകാരണമാകാവുന്നത്ര മാരകമാണോ?

സാധാരണയായി മഴക്കാല രോഗങ്ങളിൽ മിക്ക രോഗങ്ങളും പ്രാരംഭത്തിലെ തന്നെ ചികിത്സിച്ചാൽ പൂർണ്ണമായും ഭേദമാക്കാവുന്ന രോഗങ്ങളാണ്. എന്നാൽ സ്വയം ചികിത്സയും കൃത്യസമയത്ത് ചികിത്സിക്കാതിരിക്കുന്നതും പലപ്പോഴും രോഗം മൂർച്ഛിക്കുന്നതിനും മരണത്തിന് കാരണവും ആയിത്തീരാറുണ്ട്.

സാധാരണ ഡെങ്കിപ്പനി മരണകാരണമായ ഒരു രോഗമല്ലെങ്കിലും ശരീരത്തെ രക്തം കട്ടയാക്കുന്നതിന് സഹായിക്കുന്ന പ്ലേറ്റ്ലെറ്റ് (Platelet)ന്റെ അളവും അപകടകരമാംവണ്ണം കുറയും. ഡെങ്കു ഹെമഗ്രാജിക് പനി (Dengue heamorshagic fever) ശരീരത്തിലെ രക്തസമ്മർദ്ദം കുറയുന്ന ഡെങ്കു ഷോക്ക് സിൻഡ്രോം (Dengue shock syrdrome) എന്നിവ മരണകാരണമായ രോഗാവസ്ഥകളാണ്.

എലിപ്പനി (leptosprosis) രോഗാരംഭത്തിൽ തന്നെ ചികിത്സിക്കു

മഴക്കാല രോഗങ്ങളിൽ ഭൂരിപക്ഷവും പരിസരശുചിത്വമില്ലായ്മ, വ്യക്തിശുചിത്വമില്ലായ്മ, അശുദ്ധമായ ഭക്ഷണപാനീയങ്ങൾ, കൊതുകുകൾ എന്നിവ മൂലമുണ്ടാകുന്ന രോഗങ്ങളാണ്. അതു കൊണ്ടുതന്നെ ഈ രോഗങ്ങളെ വളരെ ഫലപ്രദമായി പ്രതിരോധിക്കുവാനും നമുക്കു കഴിയും. ഇതിന് വ്യക്തികളും സമൂഹവും ലളിതമായ അടിസ്ഥാനപരമായ ആരോഗ്യ പ്രമാണങ്ങൾ പാലിച്ചാൽ മാത്രം മതി.

മൂത്രത്തിന്റെ അളവ് കുറയുക, മൂത്രം മഞ്ഞ നിറത്തിലോ, കട്ടൻ ചായയുടെ യോ നിറത്തിൽ പോകുക, അമിതമായി നാഡിമിടിപ്പ്, പ്രഷർ (രക്തസമ്മർദ്ദം– ബ്ലെഡ് പ്രഷർ) കുറയുക, രക്തം ഛർദ്ദിക്കുക, കഫത്തിൽ രക്തത്തിന്റെ അം ശം കാണുക, പല്ലു തേക്കുമ്പോൾ മോണകളിൽ നിന്നും രക്തം പൊടിയുക, ശ്വാസംമുട്ടൽ, ശക്തിയായ വയറുവേദന. രോഗി അബോധാവസ്ഥയിലേക്ക് പോകുക, പരസ്പര ബന്ധമില്ലാതെ സംസാരിക്കുക, ഓർമ്മക്കുറവ് എന്നിവ മരണകാരണമായേക്കാവുന്ന രോഗാവസ്ഥയുടെ ലക്ഷണങ്ങളാണ്.

കയാണെങ്കിൽ നാലോ അഞ്ചോ ദിവസത്തെ ചികിത്സ കൊണ്ട് പൂർണ്ണമായും മാറാവുന്ന രോഗമാണ്. എന്നാൽ രോഗം മൂർച്ഛിച്ചാൽ മരണസാദ്ധ്യത വളരെയേറെയാണ്. വൃക്കകൾക്കുണ്ടാകുന്ന തകരാറ് (Acute kidny injury). ഹൃദയത്തിൽ ഉണ്ടാകുന്ന തകരാറ് (smyocarditis), പാൻക്രിയാസ് എന്ന ഗ്രന്ഥിയെ ബാധിക്കുന്ന pancreatitis, പെട്ടെന്നുണ്ടാകുന്ന ശ്വാസതടസ്സം (Actue respirstory distress syndrome). ശ്വാസകോശത്തിൽ ഉണ്ടാകുന്ന രക്തസ്രാവം (acute pulmanary haeomoehafe) എന്നിവ എലിപ്പനിയിൽ കാണപ്പെടുന്ന മരണകാരണമായ കാരണങ്ങളാണ്.

അതുപോലെ തന്നെ ഛർദ്ദി, അതിസാരം, കോളറ, മഞ്ഞപ്പിത്തം, ജപ്പാൻജ്വരം എന്നിവയെല്ലാം തക്ക സമയത്ത് ചികിത്സിച്ചില്ലായെങ്കിൽ മരണകാരണമാവാം.

എന്തൊക്കെയാണ് രോഗലക്ഷണങ്ങൾ?

പനി, ശരീരം വേദന, തലവേദന, സന്ധികളിലുണ്ടാകുന്ന നീരും വേദനയും, വായിലും തൊലിപ്പുറത്തും കാണുന്ന മൊട്ടുസൂചി വലിപ്പത്തിലുള്ള തിണർപ്പുകൾ, ഛർദ്ദി, ഒഴിച്ചിൽ, കണ്ണിലും ശരീരഭാഗങ്ങളിലും മഞ്ഞ നിറം കാണുക, വിശപ്പില്ലായ്മ എന്നിവയാണ് സാധാരണ രോഗ ലക്ഷണങ്ങൾ.

മഴക്കാല രോഗങ്ങളിലെ മരണകാരണമായ രോഗാവസ്ഥയുടെ ലക്ഷണങ്ങൾ എന്തൊക്കെയാണ്?

മൂത്രത്തിന്റെ അളവ് കുറയുക, മൂത്രം മഞ്ഞ നിറത്തിലോ, കട്ടൻ ചായയുടെയോ നിറത്തിൽ പോകുക, അമിതമായി നാഡിമിടിപ്പ്, പ്രഷർ (രക്തസമ്മർദ്ദം- ബ്ലെഡ് പ്രഷർ) കുറയുക, രക്തം ഛർദ്ദിക്കുക, കഫത്തിൽ രക്തത്തിന്റെ അംശം കാണുക, പല്ലു തേക്കുമ്പോൾ മോണകളിൽ നിന്നും രക്തം പൊടിയുക, ശ്വാസംമുട്ടൽ, ശക്തിയായ വയറുവേദന. രോഗി അബോധാവസ്ഥയിലേക്ക് പോകുക, പരസ്പര ബന്ധമില്ലാതെ സംസാരിക്കുക, ഓർമ്മക്കുറവ് എന്നിവ മരണ കാരണമായേക്കാവുന്ന രോഗാവസ്ഥയുടെ ലക്ഷണങ്ങളാണ്.

മഴക്കാല രോഗങ്ങളെ എങ്ങനെ പ്രതിരോധിക്കാം?

മഴക്കാല രോഗങ്ങൾ പകർത്തുന്നതിൽ കൊതുകുകളുടെ പങ്ക് നിർണ്ണായകമാണ്. പല രോഗങ്ങൾക്കുമുള്ള പ്രധാന കാരണം വ്യക്തി ശുചിത്വമില്ലായ്മയും പരിസര ശുചിത്വമില്ലായ്മയുമാണ്.

കൊതുകുകൾ പെരുകുന്നതിന് കാരണമായ കൃത്രിമ ജലാശയങ്ങൾ നശിപ്പിക്കുക, വെള്ളം കെട്ടിക്കിടക്കുവാൻ സാദ്ധ്യതയുള്ള ചിരട്ടകൾ, തേങ്ങാതോടുകൾ, കുപ്പികൾ, പ്ലാസ്റ്റിക് പാത്രങ്ങൾ, ടയറുകൾ, ചെടിചട്ടികൾ, പ്ലാസ്റ്റിക് കവറുകൾ, റബ്ബർ തോട്ടങ്ങളിൽ ഉപയോഗിക്കുന്ന ചിരട്ടകൾ എന്നിവ കമഴ്ത്തി വയ്ക്കുകയോ നശിപ്പിക്കുകയോ ചെയ്താൽ നല്ലൊരളവു വരെ കൊതുകുകളുടെ പ്രജനനം തടയുവാൻ സാധിക്കും. കൂടാതെ കൊതുകുകളെ നശിപ്പിക്കുവാൻ മീനുകളെ കുളങ്ങളിൽ വളർത്തുക. രാസപദാർത്ഥങ്ങൾ ഉപയോഗിക്കുക, കൊതുകു കടിയിൽ നിന്നും രക്ഷനേടുവാനായി കൊതുകു വലകൾ, കൊതുകു തിരികൾ, പുതപ്പുകൾ എന്നിവ ഉപയോഗിക്കുന്നതും രോഗപ്രതിരോധ മാർഗ്ഗങ്ങളായി സ്വീകരിക്കാവുന്നതാണ്. കൂടാതെ ധാരാളം സമയം തുറന്നു വച്ച ഭക്ഷണപാനീയങ്ങൾ ഉപയോഗിക്കാതിരിക്കുക, തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കുവാനായി ഉപയോഗിക്കുക, വ്യക്തിശുചിത്വം പാലിക്കുക, വീടുകളുടെയും ഓഫീസുകളുടെയും പരിസരങ്ങൾ വൃത്തിയായി സൂക്ഷിക്കുക, ചുറ്റുമുള്ള ചപ്പുചവറുകൾ കത്തിച്ചുകളയുക, ശുചിത്വമുള്ള ഹോട്ടലുകളിൽ നിന്നുമാത്രം ഭക്ഷണം കഴിക്കുക, എന്നിവയും ലളിതമായ ഫലപ്രദമായ രോഗപ്രതിരോധ മാർഗ്ഗങ്ങളാണ്. മഴക്കാലരോഗങ്ങളിലും രോഗം വന്നിട്ടു ചികിത്സിക്കുന്നതിനെക്കാൾ രോഗം വരാതെ ശ്രദ്ധിക്കുന്നത് തന്നെയാണ് കരണീയം.

മഴക്കാല രോഗങ്ങൾക്കുള്ള ചികിത്സ എന്താണ്?

ചികിത്സയിൽ ഏറ്റവും പ്രധാനം രോഗ ലക്ഷണങ്ങൾ കാണുമ്പോൾ തന്നെ ഡോക്ടറെ കണ്ട് ചികിത്സ തേടുകയെന്നതാണ്. സ്വയം ചികിത്സ പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. രോഗം മൂർച്ഛിച്ചു കഴിഞ്ഞാൽ പലപ്പോഴും ചികിത്സ ദുഷ്കരവും ഫലപ്രദമല്ലാതാവുകയും ചെയ്യും. ഡോക്ടർ നിർദ്ദേശിക്കുന്ന രക്ത പരിശോധനകൾ പലപ്പോഴും ആവശ്യമായി വരും പ്രാരംഭദശയിൽ എല്ലാ ആശുപത്രികളിലും മഴക്കാല രോഗങ്ങൾ ചികിത്സിച്ചു ഭേദമാക്കുവാൻ കഴിയും. മിക്ക വൈറൽ പനികൾക്കും ആന്റിബയോട്ടിക് ചികിത്സ ആവശ്യമില്ല. അതുകൊണ്ട് ഡോക്ടറുടെ നിർദ്ദേശമില്ലാതെ ആന്റിബയോട്ടിക്കുകളും വേദന സംഹാരികളും വാങ്ങി കഴിക്കുന്നത് അനാവശ്യവും അപകടകരവുമാണ്.

ലേഖകൻ:
കോട്ടയം മെഡിക്കൽ കോളേജിലെ ജനറൽ മെഡിസിൻ വിഭാഗത്തിൽ അസി: പ്രൊഫസറാണ്.

ലേഖന പരമ്പര – ഏഴ്

ഡോ. ജെ.ബി. രാജൻ
അസിസ്റ്റന്റ് പ്രൊഫസർ, കില
&
ബിജു. എസ്.കെ.
അസിസ്റ്റന്റ് പ്രൊഫസർ,
ഗവ. കോളേജ്, കാഞ്ഞിരംകുളം

ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ. 9001 : 2008

ക്വാളിറ്റി സർക്കിൾ

ആമുഖം

പങ്കാളിത്തമെന്നാൽ എല്ലാവരേയും ഉൾച്ചേർത്തുകൊണ്ടുള്ള ഭരണ പ്രക്രിയയാണ്. പങ്കാളിത്തപരമായ രീതിയിൽ ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ നടത്തുകയാണ് ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിന്റെ അന്തഃസത്ത. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി കേരളത്തിൽ നടപ്പിലാക്കിയ ജനകീയാസൂത്രണം പങ്കാളിത്ത തത്വത്തിൽ അധിഷ്ഠിതമാണല്ലോ. പങ്കാളിത്തവേദികളായ സ്റ്റിയറിംഗ് കമ്മിറ്റിയും, സ്റ്റാന്റിംഗ് കമ്മിറ്റികളും, സ്ഥാപന മാനേജ്മെന്റ് കമ്മിറ്റികളും ശാക്തീകരിക്കുകയും ഉദ്യോഗസ്ഥതലത്തിൽ ക്വാളിറ്റി സർക്കിളുകൾ രൂപീകരിക്കുകയും വേണം. കൂടാതെ ഗ്രാമസഭയും (സവിശേഷ/പ്രത്യേക വിഭാഗങ്ങളുടെ ഗ്രാമസഭഉൾപ്പെടെ) മറ്റ് ജനകീയ വേദികളും സംഘടിപ്പിക്കണം. പങ്കാളിത്തം സജീവമാക്കാൻ ഓരോ വ്യക്തികളും സ്ഥാപനത്തിന്റെ നിർണ്ണായക ഘടകമാണെന്ന്

ബോധ്യപ്പെടുത്തുകയും ആവശ്യമായ കാര്യശേഷി വികസിപ്പിക്കുകയും വേണം.

ക്വാളിറ്റി സർക്കിൾ (Quality Circle)

ജോലി സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പരസ്പര സഹകരണത്തോടെയുള്ള ഉത്തരവാദിത്ത നിർവ്വഹണം ഉറപ്പുവരുത്തുന്നതിനും ഉള്ള ജീവനക്കാരുടെ കൂട്ടായ്മയാണ് 'ക്വാളിറ്റി സർക്കിൾ'. ഉത്തരവാദിത്തബോധം വളർത്തുക, സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുക, നിരന്തര വിശകലനം നടത്തുക, പരിശീലനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക, നൂതന ആശയങ്ങൾ രൂപീകരിക്കുക എന്നീ തലങ്ങളിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി സർക്കിളുകൾ പ്രശ്നപരിഹാരത്തിനുള്ള ജനാധിപത്യ വേദിയാണ്. ക്വാളിറ്റി സർക്കിൾ അജണ്ട, മിനിറ്റ്സ്, അതിന്റെ പ്രവർത്തനങ്ങൾ എന്നിവയുടെ മേൽനോട്ടം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്താവുന്നതാണ്. കുടിശ്ശിക ജോലികൾ ചെയ്തുതീർക്കുകയല്ല, മറിച്ച് പഞ്ചായത്ത് ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കുക, പ്രശ്നങ്ങൾ, പ്രതിബന്ധങ്ങൾ, കുറവുകൾ പരിഹരിക്കാൻ ശ്രമിക്കുക, ജീവനക്കാരുടെ തലത്തിൽ കഴിയാത്ത കാര്യങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലൂടെ പഞ്ചായത്ത് സമിതിയിൽ അവതരിപ്പിച്ച് പരിഹാരം കാണുക എന്നിവയാണ് ക്വാളിറ്റി സർക്കിളിന്റെ ഉത്തരവാദിത്തങ്ങൾ.

ക്വാളിറ്റി സർക്കിളും ജീവനക്കാരുടെ യോഗവും തമ്മിൽ വ്യത്യാസമുണ്ട്. ജീവനക്കാരുടെ യോഗം (Staff Meeting) എല്ലാ ജീവനക്കാരും മാസത്തിലൊരിക്കൽ ഒത്തുകൂടുന്നതും ഔദ്യോഗികവുമാണ്. സെക്രട്ടറിയുടെ മേൽനോട്ടത്തിൽ കാര്യങ്ങൾ ചർച്ച ചെയ്യും. ക്വാളിറ്റി സർക്കിൾ ജീവനക്കാരുടെ പ്രതിനിധികളായ കുറച്ചു ജീവനക്കാരുടെ ഗുണമേന്മക്കുള്ള സൗഹൃദ കൂട്ടായ്മയാണ്. ഓഫീസ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക, സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുക ഓഫീസിലെ പ്രശ്ന പരിഹാര വേദിയാകുക എന്നിവയാണ് ഉത്തരവാദിത്തം. ക്വാളിറ്റി സർക്കിൾ രൂപീകരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ചുവടെ കൊടുക്കുന്നു.

ക്വാളിറ്റി സർക്കിൾ– ഘടന

1. അംഗങ്ങൾ (5/6 പേർ)
2. ഒരു കൺവീനർ (കാലാവധി - 2 മാസം)
3. സ്ഥാനമല്ല, വ്യക്തികൾക്കാണ് പ്രാധാന്യം
4. മൂന്നുമാസത്തിലൊരിക്കൽ പകുതി അംഗങ്ങൾ മാറി മറ്റുള്ളവർക്ക് അവസരമുണ്ടാക്കണം.
5. 15 ദിവസത്തിലൊരിക്കൽ ഒത്തുചേരൽ

പഞ്ചായത്തിലെ വിവിധ ദൗത്യങ്ങളുടെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ 'ക്വാളിറ്റി സർക്കിൾ' (Quality Circle) രൂപീകരിച്ചാൽ പഞ്ചായത്ത് ഓഫീസിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹരിക്കുന്നതിനും ഉള്ള വേദിയായും; തുടർച്ചയായ പരിശീലന വിഷയങ്ങൾ നിശ്ചയിക്കുക, സംഘടിപ്പിക്കുക എന്നീ ഉത്തരവാദിത്തങ്ങൾ നിറവേറ്റാനുള്ള സംവിധാനമായും, പരസ്പര സൗഹൃദം ഉറപ്പിക്കുവാനുള്ള വഴികാട്ടിയായും ജീവനക്കാരുടെ ക്വാളിറ്റി സർക്കിൾ സംവിധാനം ഉപകരിക്കും.

ഉത്തരവാദിത്തം

1. ചർച്ചാ വിഷയം - ഓഫീസ് പ്രവർത്തനങ്ങൾ, ജീവനക്കാരുടെ പ്രശ്നങ്ങൾ, പ്രശ്നകാരണങ്ങൾ, പരീഹാരമാർഗങ്ങൾ, പരിശീലനങ്ങൾ
2. നല്ല പ്രവർത്തനം കാഴ്ച്ചവെച്ച ഉദ്യോഗസ്ഥർക്ക് അംഗീകാരത്തിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വഴി പഞ്ചായത്തിന് ശുപാർശ
3. പരിഹരിക്കാൻ കഴിയാത്ത പ്രശ്നങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയെ അറിയിച്ച് പരിഹാരം കാണൽ
4. നിരന്തരം ഗുണമേൻമാ വർദ്ധനവിന് നൂതനാശയങ്ങൾ രൂപീകരിച്ച് നടപ്പിലാക്കൽ
5. പരിശീലന വിഷയങ്ങൾ തീരുമാനിക്കൽ, വിഭവസമാഹരണം, മറ്റു പഞ്ചായത്തുകളെ അറിയിക്കൽ, പരിശീലകനെ കണ്ടെത്തൽ, പരിപാടി ഭംഗിയായി നടത്തൽ, വിലയിരുത്തൽ, പ്രശ്ന പരിഹാരം
6. ഉദ്യോഗസ്ഥ ജനപ്രതിനിധി ബന്ധം സൗഹൃദമാക്കൽ
7. ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കുന്നതു വരെയുള്ള കുടിശ്ശിക ജോലികൾ തീർക്കാനുള്ള ശ്രമത്തിനായി എല്ലാവരേയും പങ്കാളികളാക്കുക
8. റെക്കോർഡ് റൂം മോണിറ്ററിംഗും പുതുക്കലും
9. ഗുണനിലവാര വർദ്ധനവിനായി തുടർച്ചയായ പ്രവർത്തനം നടത്തികൊണ്ടിരിക്കുക.

(അടുത്ത ലക്കം - ഐ.എസ്.ഒ. 9001 : 2008 ലഭിച്ച പഞ്ചായത്തുകളിലൂടെ)

◆

ഡോ. പ്രദീപ് കുമാർ.പി.കെ

സൂര്യനും ഭൂമിയിലെ ഋതുഭേദങ്ങളും

സ്വയം ജ്വലിക്കുകയും തിരിയുകയും ചെയ്യുന്ന ഒരു നക്ഷത്രമാണല്ലൊ സൂര്യൻ. ഭൂമിയിൽ നിന്നും ഏകദേശം 150000000 (150 x 10^6) കിലോമീറ്റർ അകലത്തിലുള്ള സൂര്യഗോളത്തിന്റെ വ്യാസം ഏകദേശം 1392000 കിലോ മീറ്ററാണ്. ഇതിന്റെ ദ്രവ്യമാനം ഏകദേശം 2 x 10^{30} കിലോഗ്രാമും ശരാശരി സാന്ദ്രത ഒരു ഘന സെന്റീമീറ്ററിന് 1.4 ഗ്രാമും ആകുന്നു. അതായത് അധികവും വാതക പദാർത്ഥങ്ങളാണെന്നർത്ഥം. നമുക്കു കാണാൻ കഴിയുന്ന സൂര്യന്റെ പുറംഭാഗത്തിന് ഫോട്ടോസ്ഫിയർ എന്ന് പറയുന്നു. ഈ ഭാഗത്തിന്റെ ശരാശരി താപം 6000 ഡിഗ്രി സെന്റിഗ്രേഡാണ്. എന്നാൽ സൂര്യന്റെ ആന്തരികതാപം 13000000 ഡിഗ്രി സെന്റിഗ്രേഡിൽ അധികമുണ്ടാകുമെന്നാണ് കരുതപ്പെടുന്നത്. ഏകദേശം 90 ശതമാനം ഹൈഡ്രജനും 8 ശതമാനം ഹീലിയവും 2 ശതമാനം ഘന പദാർത്ഥങ്ങളും കൂടിക്കലർന്ന ഈ നക്ഷത്രത്തിന്റെ ആന്തരികതാപത്താൽ താപ-അണുകേന്ദ്രീയ അഭിക്രിയകൾ നടക്കുകയും തദ്വാരാ ഊർജ്ജം ഉൽപ്പാദിപ്പിക്കപ്പെടുകയും ചെയ്യുന്നു. പ്രസ്തുത ഊർജ്ജമാണ് വികിരണങ്ങളായി പുറത്തേക്ക് സദാ പ്രവഹിച്ചു കൊണ്ടിരിക്കുന്നതും.

സൂര്യൻ പുറത്തേക്ക് വിടുന്ന ഊർജ്ജത്തിൽ ചെറിയൊരംശം മാത്രമെ ഭൂമി സ്വീകരിക്കുന്നുള്ളുവെങ്കിലും നമ്മുടെ ഗ്രഹത്തിലെ സകല ജീവജാലങ്ങളുടെയും നിലനിൽപ്പ് സൂര്യരശ്മികളെ ആശ്രയിച്ചാണിരിക്കുന്നത്. ഒന്നോ രണ്ടോ ദിവസം സൂര്യൻ ഉദിക്കാത്ത ഒരവസ്ഥയിൽ സൂര്യവെളിച്ചത്തിന് തുല്യമായ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനെക്കുറിച്ച് ചിന്തിക്കുമ്പോഴായിരിക്കും ഈ മഹാനക്ഷത്രം നമുക്ക് തരുന്ന ഊർജ്ജത്തിന്റെ ഒരേകദേശ രൂപം മനസ്സിൽ തെളിഞ്ഞു വരുകയുള്ളു. ഭൂമിയിലെ അന്തരീക്ഷ സ്ഥിതിക്കും കാലാവസ്ഥക്കും പ്രധാന കാരണം സൗരോർജ്ജമാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലൊ. ഭൂമിയിലെ താപ വ്യതിയാനങ്ങൾക്കും അതുമൂലമുണ്ടാകുന്ന അന്തരീക്ഷമർദ്ദ വ്യത്യാസത്തിനും കാറ്റുകൾക്കും കടൽ പ്രവാഹങ്ങൾക്കും ആവശ്യമായ ഊർജ്ജത്തിന്റെ 99.9 ശതമാനവും സൂര്യനിൽ നിന്നുതന്നെയാണ് ലഭിക്കുന്നത്. ആയതിനാൽ സൗരോർജ്ജത്തിന്, ഭൂമിയുടെ ഉപരിതലത്തിലുണ്ടാകുന്ന സ്ഥലകാല മാറ്റങ്ങളെക്കുറിച്ച് അറിഞ്ഞിരിക്കുന്നത് വളരെ നല്ലതാണ്.

സൂര്യനുമായി താരതമ്യപ്പെടുത്തുമ്പോൾ ഭൂമിക്ക് രണ്ടു വിധത്തിലുള്ള ചലനമുണ്ട്. സ്വയം തിരിയലും ഭ്രമണവും. ഭൂമി, അതിന്റെ അച്ചുതണ്ടിൽ (ധ്രുവങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു സാങ്കൽപ്പിക രേഖ) സ്വയം തിരിയാൻ 24 മണിക്കൂർ എടുക്കുന്നു. ഇങ്ങനെ തിരിയുമ്പോൾ സൂര്യവെളിച്ചം തട്ടുന്ന ഭാഗത്ത് പകലും തട്ടാത്ത ഭാഗത്ത് രാത്രിയും അനുഭവപ്പെടുന്നു. ഭൂമിയിലുള്ള ഒരാൾക്ക് സൂര്യനാണ് ഭൂമിയെ ചുറ്റുന്നതെന്ന് തോന്നും. എന്നാൽ സത്യമതല്ലെന്ന് മനസ്സിലാക്കാവുന്നതേയുള്ളു.

മുന്നൂറ്റി അറുപത്തിയഞ്ചേകാൽ ദിവസം കൊണ്ടാണ് ഭൂമി, സൂര്യനെ ഒരു പ്രാവശ്യം പ്രദക്ഷിണം വെയ്ക്കുന്നത്. ഒരു മണിക്കൂറിൽ ഏകദേശം 113,000 കിലോമീറ്ററാണ് ഭൂമി, ദീർഘവൃത്തീയ പദത്തിൽ സൂര്യന് ചുറ്റും സഞ്ചരിക്കുന്നത്. ഭൂമിയുടെ അന്തരീക്ഷത്തിലുള്ള വായു സഞ്ചരിക്കാതെ ഭൂമിമാത്രം വായു മാധ്യമത്തിലൂടെ (സാങ്കല്പികം) സഞ്ചരിക്കുകയായിരുന്നുവെങ്കിൽ ഈ വേഗത നമുക്ക് അനുഭവപ്പെടുമായിരുന്നു. നാം തുറന്ന വാഹനങ്ങളിൽ സഞ്ചരിക്കുമ്പോൾ എതിർദിശയിൽ കാറ്റനുഭവപ്പെടുമ്പോഴാണ് വേഗതയെക്കുറിച്ച് ബോധവാന്മാരാകുന്നത്. അതിവേഗതയിൽ പറക്കുന്ന വിമാനത്തിനുള്ളിലിരിക്കുന്ന ഒരാൾക്ക് വിമാന വേഗത അറിയാത്തതിന്റെ കാരണം ബാഹ്യവായു ജനൽ വഴി അകത്തു കടക്കുന്നില്ല എന്നതു തന്നെ. ഭൂമി, സൂര്യനെ പ്രദക്ഷിണം വെയ്ക്കുമ്പോൾ വായു അടങ്ങിയിട്ടുള്ള അന്തരീക്ഷവും ഗുരുത്വാകർഷണത്താൽ ഭൂമിയുടെ അതേ വേഗതയിൽ ഒപ്പം സഞ്ചരിക്കുന്നതിനാലാണ് നമ്മുടെ ഗ്രഹത്തിന്റെ സഞ്ചാരവേഗത ഇതിലുള്ള ഒരാൾക്ക് തീരെ അറിയാത്തത്.

ഒരു വർഷത്തിൽ നാം ഭൂമിയിൽ പല ഋതുഭേദങ്ങൾ കാണുകയും

ആസ്വദിക്കുകയും ചെയ്യുന്നുണ്ട ല്ലോ. ചില മാസങ്ങളിൽ നല്ല തണു പ്പ്. മറ്റു ചില മാസങ്ങളിൽ നേരെ വിപരീതം. അസഹനീയമായ ചൂട്. കേരളത്തിനെക്കുറിച്ച് പറയുമ്പോൾ എല്ലാവർഷവും ജൂൺ മാസത്തിൽ മഴക്കാലം തുടങ്ങുന്നു. ഇതിനൊക്കെ അടിസ്ഥാന കാരണം ഭൂമിയുടെ അച്ചുതണ്ടിലുള്ള (ഉത്തരധ്രുവവും ദക്ഷിണധ്രുവവും തമ്മിൽ ബന്ധി പ്പിക്കുന്ന സാങ്കൽപ്പിക രേഖ) ചരി വാണ്. ഭൂമിയുടെ ഭ്രമണതലവും അച്ചുതണ്ടും തമ്മിൽ നേർലംബമല്ല. 23½° ചരിഞ്ഞാണിരിക്കുന്നത്. ആയ തിനാൽ ഭൂമി സൂര്യനെ പ്രദക്ഷിണം വെയ്ക്കുമ്പോൾ സൂര്യരശ്മികൾ ലംബമായി പതിക്കുന്ന പ്രദേശങ്ങൾ മാറി മാറി വരുന്നു. ശൈത്യകാലത്ത് ശൈത്യം അനുഭവപ്പെടുന്ന സ്ഥല ങ്ങളിൽ സൂര്യരശ്മി പതിക്കുന്ന സമയത്തിന്റെ ദൈർഘ്യവും സൗ രോർജ്ജ തീക്ഷ്ണതയും കുറഞ്ഞി രിക്കും. എന്നാൽ ഉഷ്ണകാലത്ത് സൗരോർജ്ജ സമയം ദൈർഘ്യവും തീക്ഷ്ണതയും കൂടിയിരിക്കും. സൂ ര്യരശ്മികൾ ലംബമായി പതിക്കുന്ന ഭാഗത്ത് ഊർജ്ജം (ചൂട്) കൂടുതലാ യിരിക്കുമെന്ന് ചിത്രം 1 ൽ നിന്നും മനസ്സിലാക്കാം.

ഒരു യൂണിറ്റ് സൂര്യരശ്മി ഒരു

പട്ടിക – 1 : അയനാന്ത വിഷുവ ദിവസങ്ങളിലെ പകലിന്റെ ദൈർഘ്യം

ഉത്തര അക്ഷാംശം (ഡിഗ്രി)	ഉത്തര അയനാന്തം (ജൂൺ 21)	ദക്ഷിണ അയനാന്തം ഡിസംബർ 21	വിഷുവം സെപ്റ്റംബർ 22/ മാർച്ച് 21
0	12 മണിക്കൂർ	12 മണിക്കൂർ	12 മണിക്കൂർ
10	12 മ 35 മി	11മ 25 മി	12 മണിക്കൂർ
20	13 മ 12 മി	10മ 48 മി	12 മണിക്കൂർ
30	13 മ 56 മി	10മ 04 മി	12 മണിക്കൂർ
40	14 മ 52 മി	9 മ 08 മി	12 മണിക്കൂർ
50	16 മ 18 മി	7മ 42 മി	12 മണിക്കൂർ
60	18 മ 27 മി	5 മ 33 മി	12 മണിക്കൂർ
70	24 മ (2 മാസം)	0	12 മണിക്കൂർ
80	24 മ (4 മാസം)	0	12 മണിക്കൂർ
90	24 മ (6 മാസം)	0	12 മണിക്കൂർ



ഭൂമി സൂര്യനെ പ്രദക്ഷിണം വെയ്ക്കുമ്പോൾ സൂര്യരശ്മികൾ ലംബമായി പതിക്കുന്ന ഭാഗത്ത് ഊർജ്ജം കൂടുതലായിരിക്കും





സൂര്യരശ്മികൾ നേർലംബമാകുമ്പോൾ രശ്മികളുടെ സാന്ദ്രത കൂടുന്നു. ചരിഞ്ഞു പതിക്കുമ്പോൾ ഊർജ്ജകാഠിന്യം വീതിക്കപ്പെടുന്നു

യൂണിറ്റ് വിസ്തീർണ്ണത്തിൽ പതിക്കുമ്പോഴുള്ള ഊർജ്ജവും അതേ സൂര്യരശ്മി രണ്ട് യൂണിറ്റ് വിസ്തീർണ്ണത്തിൽ പതിക്കുമ്പോഴുള്ള ഊർജ്ജവും താരതമ്യപ്പെടുത്തിയാൽ ഊർജ്ജത്തിന്റെ തീക്ഷ്ണത വ്യത്യാസം ഊഹിക്കാവുന്നതേയുള്ളൂ. ഒരു ഗ്ലാസ് ചായയിലിടുന്ന പഞ്ചസാര രണ്ടു ഗ്ലാസ്സിലായി വീതിക്കുമ്പോൾ മധുരം കുറയുന്നില്ലേ, അതുപോലെ തന്നെ. സൂര്യരശ്മികൾ നേർലംബമാകുമ്പോൾ രശ്മികളുടെ സാന്ദ്രത കൂടുന്നു. ഭൂമിയുടെ അന്തരീക്ഷത്തിലൂടെ കടന്നിട്ടാണല്ലോ രശ്മികൾ ഉപരിതലത്തിൽ പതിക്കുന്നത്. നേർകുത്തനെ പതിക്കുന്ന രശ്മികൾക്ക് അന്തരീക്ഷത്തിൽ കുറച്ചു സഞ്ചരിച്ചാൽ മതി. എന്നാൽ ചരിഞ്ഞ് പതിക്കുമ്പോൾ അന്തരീക്ഷത്തിൽ കൂടുതൽ സഞ്ചരിക്കേണ്ടിവരികയും ഊർജ്ജ കാഠിന്യം വീതിക്കപ്പെടുകയും ചെയ്യുന്നു (ചിത്രം 2) 90 ഡിഗ്രിയിൽ പതിക്കുന്ന സൂര്യരശ്മി ഒരു അന്തരീക്ഷ ദൂരം സഞ്ചരിക്കുമ്പോൾ 30 ഡിഗ്രിയിൽ പതിക്കുന്ന സൂര്യരശ്മി ഏകദേശം രണ്ട് അന്തരീക്ഷ ദൂരം സഞ്ചരിക്കുന്നു. ഇത് 5 ഡിഗ്രിയാകുമ്പോൾ സൂര്യരശ്മി ഏകദേശം പതിനൊന്ന് അന്തരീക്ഷ ദൂരം സഞ്ചരിക്കേണ്ടതായി വരുന്നു. സൂര്യരശ്മികൾ എത്ര അധികം ദൂരം അന്തരീക്ഷത്തിൽ സഞ്ചരിക്കുന്നുവോ അത്രയ്ക്കും അതിന്റെ കാഠിന്യം പ്രതിഫലനമായും പ്രകീർണനമായും അവശോഷണമായും വിഭജിക്കപ്പെടുന്നു. ഉച്ച സമയത്ത് ചൂടുകൂടാനും സൂര്യോദയസമയത്തും സൂര്യാസ്തമന സമയത്തും ചൂടു താരതമ്യേന കുറയാനും കാരണം മുകളിൽ സൂചിപ്പിച്ച വസ്തുതകൾ തന്നെ.

ഭൂമി ഒരു ഉരുണ്ട ഗോളമാണല്ലോ. ഇതിന്റെ അച്ചുതണ്ടിന് $23\frac{1}{2}^{o}$ ചരിവില്ലായിരുന്നുവെങ്കിൽ എല്ലാ കാലത്തും ഒരേ അക്ഷാംശത്തിൽ മാത്രമെ സൂര്യരശ്മികൾ ലംബമായി പതിക്കുമായിരുന്നുള്ളു. അങ്ങനെയായിരുന്നുവെങ്കിൽ ഇന്നും നാം അനുഭവിക്കുന്ന ഋതുഭേദങ്ങൾ ഉണ്ടാകുമായിരുന്നില്ല തന്നെ. അച്ചുതണ്ടിനുള്ള ചരിവു നിമിത്തം, ഭൂമി സൂര്യനെ പ്രദക്ഷിണം വെയ്ക്കുമ്പോൾ സൂര്യരശ്മികളുടെ ലംബമായുള്ള പതനം വിവിധ അക്ഷാംശങ്ങളിലായി മാറി വരുന്നു. വർഷത്തിൽ ആറു മാസം ഉത്തരധ്രുവം, ദക്ഷിണധ്രുവത്തെ അപേക്ഷിച്ച് സൂര്യനഭിമുഖമായി ചരിഞ്ഞിരിക്കുന്നു. ആ സമയത്ത് സൂര്യരശ്മികൾ ലംബമായി പതിക്കുന്നത് ഉത്തരാർദ്ധ ഗോളത്തിലെ വിവിധ അക്ഷാംശത്തിലായിരിക്കും. ആറു മാസത്തിന് ശേഷം ഭൂമി, സൂര്യന്റെ എതിർദിശയിലായിരിക്കുമ്പോൾ

ദക്ഷിണധ്രുവം ഉത്തരധ്രുവത്തെ അപേക്ഷിച്ച് സൂര്യനഭിമുഖമായി ചരിഞ്ഞിരിക്കുകയും ചെയ്യുന്നു. ഈ ദിവസങ്ങളിൽ സൂര്യരശ്മികൾ ലംബമായി പതിക്കുന്നത് വിവിധ ദക്ഷിണ അക്ഷാംശത്തിലായിരിക്കും. ഒരു വർഷത്തിൽ സൂര്യരശ്മികൾ ലംബമായി പതിക്കുന്ന അക്ഷാംശങ്ങൾ $23\frac{1}{2}^{\circ}$ ഉത്തരത്തിനും $23\frac{1}{2}^{\circ}$ ദക്ഷിണത്തിനും ഇടയിലാണെന്ന് മനസ്സിലാക്കാം (ചിത്രം 3).

ഭൂമി, സൂര്യനെ ഒരു പ്രാവശ്യം പ്രദക്ഷിണം വെയ്ക്കുന്നത് $365\frac{1}{4}$ ദിവസം കൊണ്ടാണെന്ന് സൂചിപ്പിച്ചുവല്ലോ. ഭൂമിയുടെ അച്ചുതണ്ടിനുള്ള ചരിവ് നിമിത്തം ജൂൺ 21നോ 22നോ ആണ് സൂര്യരശ്മികൾ $23\frac{1}{2}^{\circ}$ ഉത്തര അക്ഷാംശത്തിൽ ലംബമായി പതിക്കുന്നത്. ഈ അക്ഷാംശത്തെ ഉത്തര അയനാന്തം

അഥവാ കർക്കടകം രാശി (ട്രോപിക് ഓഫ് കാൻസർ) എന്ന് പറയുന്നു. ഉത്തരാർദ്ധ ഗോളത്തിൽ താമസിക്കുന്നവർക്ക് ഈ സമയം ചൂടു കാലമായതിനാൽ ഇവിടെയുള്ളവർ പ്രസ്തുത ദിവസത്തെ സമ്മർ സോൾസ്റ്റിസ് എന്നും പറയാറുണ്ട്. ആറു മാസത്തിനുശേഷം അതായത് ഡിസംബർ 21നോ 22നോ ആണ് ദക്ഷിണധ്രുവം സൂര്യനഭിമുഖമായി ഏറ്റവും കൂടുതൽ ചരിഞ്ഞു നിൽക്കുന്നത്. ആ ദിവസത്തിൽ സൂര്യരശ്മികൾ ലംബമായി പതിക്കുന്നത് $23\frac{1}{2}^{\circ}$ ദക്ഷിണ അക്ഷാംശത്തിലാണ്. ഈ അക്ഷാംശത്തെ ദക്ഷിണ അയനാന്തം അഥവാ മകരരാശി (ട്രോപിക് ഓഫ് കാപ്രികോൺ) എന്ന് പറയുന്നു. ഉത്തരാർദ്ധ ഗോളത്തിലുള്ളവർക്ക് ഈ സമയം തണുപ്പുകാലമായതിനാൽ ഇവിടെയുള്ളവർ പ്രസ്തുത ദിവസത്തെ വിന്റർ സോൾസ്റ്റിസ് എന്നും പറയുന്നു.

സൂര്യരശ്മികൾ ഭൂമദ്ധ്യരേഖയിൽ (0°) ലംബമായി പതിക്കുന്നത് വർഷത്തിൽ രണ്ട് പ്രാവശ്യമാണ്. ഇതിൽ ശരത് വിഷുവം (ഓട്ടോണൽ ഇക്വിനോക്സ്) സെപ്റ്റംബർ 22നോ 23നോ ആണ്. വസന്തവിഷുവം (വെർണൽ ഇക്വിനോക്സ്) മാർച്ച് 21നോ 22നോ ആണ്. വിഷു സമയങ്ങളിലാണ് ഭൂമദ്ധ്യരേഖാ പ്രദേശങ്ങളിൽ ഏറ്റവും കൂടുതൽ ചൂട് അനുഭവപ്പെടുന്നത്.

ഭൂമിയുടെ അച്ചുതണ്ടിനുള്ള ചരിവു നിമിത്തം ഭൂമി, സൂര്യനെ ഒരു പ്രാവശ്യം പ്രദക്ഷിണം വെയ്ക്കുമ്പോൾ ഓരോ പ്രദേശങ്ങളിലെയും, ഭൂമദ്ധ്യരേഖാ ഭാഗങ്ങളിലൊഴിച്ച്, പകലിന്റെയും രാത്രിയുടെയും ദൈർഘ്യങ്ങൾ മാറി മാറി വരുന്നു. ഉത്തര അയനാന്ത ദിവസത്തിൽ ഉത്തരാർദ്ധ ഗോളത്തിൽ പകലിന്റെ ദൈർഘ്യം രാത്രിയിലേതിനേക്കാൾ കൂടുതലാണ്. എന്നാൽ ദക്ഷിണ അയനാന്ത ദിവസത്തിൽ ഇത് നേരെ മറിച്ചാണ്. ഈ ദിവസത്തിൽ ഉത്തരാർദ്ധഗോളത്തിൽ പകലിന്റെ ദൈർഘ്യം കുറഞ്ഞിരിക്കുകയും രാത്രിയുടേത് കൂടിയിരിക്കുകയും ചെയ്യും. പട്ടിക 1ൽ ഭൂമിയുടെ വിവിധ ഉത്തര അക്ഷാംശങ്ങളിൽ വിവിധ കാലങ്ങളിലുള്ള പകലിന്റെ ദൈർഘ്യം കൊടുത്തിട്ടുണ്ട്.

ശേഷം 27-ാം പേജിൽ

Find suitable life partner through
Vow of Trust

Vow of trust will help you to find a suitable life partner at a low expense. Spend only ₹ 200 for your advertisement. It's a hassle free matrimonial vista.

You'll get a brochure of suitable Bride / Groom profile. You can easily contact the party directly to get the details, and be convinced of the party before making alliance. Vow of trust matrimonial service is available for all religious groups.

വൗ ഓഫ് ട്രസ്റ്റ് വഴി ജീവിത പങ്കാളിയെ കണ്ടെത്തൂ..

ഏറ്റവും കുറഞ്ഞ ചിലവിൽ ജീവിത പങ്കാളിയെ കണ്ടെത്താൻ വൗ ഓഫ് ട്രസ്റ്റ് നിങ്ങളെ സഹായിക്കുന്നു. നിങ്ങളുടെ ഒരു പരസ്യത്തിന് വെറും 200 രൂപ മാത്രം. അനുയോജ്യരായ വധു – വരന്മാരുടെ വിശദാംശങ്ങൾ അടങ്ങിയ ബുക്ക് നിങ്ങൾക്ക് സൗജന്യമായി നൽകുന്നു.

ബ്രോക്കർമാരില്ലാതെ പാർട്ടിയുമായി നേരിട്ടു ബന്ധപ്പെടുവാൻ സാധിക്കുന്നു. ജാതി – മത ഭേദമെന്യേ എല്ലാ വിഭാഗക്കാർക്കും വൗ ഓഫ് ട്രസ്റ്റ് സേവനം നൽകുന്നതാണ്.

വിവരങ്ങൾ നേരിട്ട് ബോദ്ധ്യപ്പെട്ട ശേഷം വിവാഹബന്ധത്തിലേർപ്പെടുക.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക

Vow of Trust

Mulayara, Thingalkarikom P.O., Kulathupuzha-691310, Kerala.
Mob : 9400576842, 9447736842, 9447325461. Email : vowoftrust@gmail.com

ഉദയഭാനു കണ്ടേത്ത്

പഞ്ചായത്ത് അക്കൗണ്ട് സംശയങ്ങളും മറുപടികളും

ബാങ്ക് റിക്കൺ സിലിയേഷനും ട്രഷറി റിക്കൺ സിലിയേഷനും തമ്മിൽ വ്യത്യാസമുണ്ടോ?

ഇല്ല. കേരള ട്രഷറി കോഡ് വാല്യം I, ഭാഗം VIII അദ്ധ്യായം, എ (3)ൽ ഇപ്രകാരം പറയുന്നു. "........ ലോക്കൽ ഫണ്ടുകളുടെ കാഷ് ബാലൻസുകൾ പബ്ലിക് അക്കൗണ്ടിനകത്ത് "ലോക്കൽ ഫണ്ട് നിക്ഷേപങ്ങൾ" എന്ന ഡെപ്പോസിറ്റ് ഹെഡിനു കീഴിലാണ് അക്കൗണ്ട് ചെയ്യുന്നത്. ഇത്തരം ഡെപ്പോസിറ്റുകളെ സംബന്ധിച്ച് സർക്കാർ നിർവഹിക്കുന്നത് ബാങ്കറുടെ ചുമതലയാണ്." ബാങ്ക് ഏതുവിധം നിക്ഷേപങ്ങൾ സ്വീകരിച്ച് കൈകാര്യം ചെയ്യുന്നുവോ അതേ രീതിയിലാണ് ട്രഷറി ലോക്കൽ ഫണ്ട് നിക്ഷേപങ്ങളെ കൈകാര്യം ചെയ്യുന്നത്. അതിനാൽ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പോലെ തന്നെയാണ് ട്രഷറി റിക്കൺ സിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടത്.

ട്രഷറി റിക്കൺസിലിയേഷൻ സംബന്ധിച്ച് ഏതെങ്കിലും സർക്കാർ ഉത്തരവുകൾ നിലവിലുണ്ടോ?

ഉണ്ട്. 2006 ഏപ്രിൽ 12-ലെ ജി.ഒ(പി) 177/2006/ഫിൻ നമ്പർ സർക്കാർ ഉത്തരവിന്റെ 24-ാം ഖണ്ഡികയിൽ ഇപ്രകാരം വായിക്കാം:

"24.2 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓരോ ഡെപ്പോസിറ്റ് ഹെഡിനു കീഴിലും കഴിഞ്ഞ മാസം നടന്ന ഇടപാടുകൾ രേഖപ്പെടുത്തിയ കമ്പ്യൂട്ടർ സ്റ്റേറ്റ്മെന്റ് ഓരോ ട്രഷറിയും 5-ാം തീയതിക്കകം നൽകണം."

"24.3 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ രേഖകളുമായി ഒത്തുനോക്കി പ്രസ്തുത സ്റ്റേറ്റ്മെന്റ് ശരിയാണോ എന്ന് സെക്രട്ടറി ഓരോ മാസവും 10-ാം തീയതിക്കകം പരിശോധിക്കണം. വ്യത്യാസങ്ങളുണ്ടെങ്കിൽ അവ പൊരുത്തപ്പെടുത്തി ട്രഷറിക്ക് റിപ്പോർട്ട് ചെയ്യണം. ഇപ്രകാരം പൊരുത്തപ്പെടുത്തിയിട്ടില്ലെങ്കിൽ പബ്ലിക് അക്കൗണ്ടിൽ നിന്ന് ഒരു തുകയും പിൻവലിക്കാൻ ട്രഷറി ഓഫീസർ അനുവദിക്കുകയില്ല.

ബാങ്ക്/ട്രഷറി റിക്കൺസിലിയേഷൻ അഥവാ പൊരുത്തപ്പെടുത്തൽ എന്നാൽ എന്താണ്?

ഇക്കാര്യത്തിൽ പ്രധാനമായും രണ്ട് തെറ്റിദ്ധാരണകൾ നിലവിലുണ്ട്. തെറ്റിദ്ധാരണ 1 : ബാങ്കിന്റേയോ ട്രഷറിയുടേയോ പഞ്ചായത്തിന്റേയോ അക്കൗണ്ടിൽ സംഭവിച്ചുപോയ തെറ്റുകളെല്ലാം തിരുത്തിക്കഴിഞ്ഞ്, തെറ്റുകളൊന്നും ഇല്ലാതായിത്തീർന്ന സ്ഥിതിയേയാണ് "പൊരുത്തപ്പെടുത്തി" അഥവാ "റിക്കൺ സൈൽ ചെയ്ത്" എന്ന പദം കൊണ്ടുദ്ദേശിക്കുന്നത്. തെറ്റിദ്ധാരണ 2: ട്രഷറി അക്കൗണ്ടിന്റെ കാര്യത്തിൽ ട്രഷറി സ്റ്റേറ്റ്മെന്റ് അപ്പാടെ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതാണ് ട്രഷറി റിക്കൺ സിലിയേഷൻ.

മേൽപ്പറഞ്ഞ രണ്ടു തെറ്റിദ്ധാരണകളും മാറേണ്ടതാണ്. (1) തെറ്റുകൾ ബാങ്കിന്റേയും ട്രഷറിയുടേയും പഞ്ചായത്തിന്റേയും കണക്കുകളിൽ സംഭവിക്കാം. ചില ഇടപാടുകൾ രേഖപ്പെടുത്താൻ വിട്ടുപോയിട്ടുണ്ടാകാം. മറ്റുചില ഇടപാടുകൾ നടക്കാൻ പോകുന്നതേയുള്ളു എന്നതായിരിക്കും സ്ഥിതി. കാഷ് ബുക്കിന്റെ ബാലൻസിൽ നിന്ന് ആരംഭിച്ച് ചിലതെല്ലാം കൂട്ടി, ചിലതെല്ലാം കുറച്ച്, പാസ്ബുക്കിന്റെ ബാലൻസിൽ എത്തിച്ചേരുന്നതാണ് ബാങ്ക്/ട്രഷറി റിക്കൺസിലിയേഷൻ. നേരെ മറിച്ചും ആവാം. കാഷ് ബുക്കിന്റെ സ്ഥാനത്ത് ബാങ്ക്ബുക്ക്, പാസ്ബുക്കിന്റെ സ്ഥാനത്ത് ബാങ്ക്/ട്രഷറി സ്റ്റേറ്റ്മെന്റ് എന്നും ആവാം, താഴെ കൊടുക്കുന്നതാണ് ബാങ്ക്/ട്രഷറി റിക്കൺ സിലിയേഷൻ സ്റ്റേറ്റ്മെന്റിന്റെ മാതൃക:

1. ബാങ്ക് ബുക്ക് പ്രകാരം ക്ലോസിംഗ് ബാലൻസ്:
2. കൂട്ടുക: കാഷ് ചെയ്യാത്ത ചെക്കുകൾ
3. കൂട്ടുക: ബാങ്ക്/ട്രഷറിയിൽ നേരിട്ട് ക്രെഡിറ്റ്
4. ആകെ:
5. കുറയ്ക്കുക: കളക്ഷൻ ആയിട്ടില്ലാത്ത ചെക്ക്/ഡിഡി.
6. അറ്റതുക:
7. കുറയ്ക്കുക: ബാങ്ക്/ട്രഷറിയിൽ നേരിട്ട് ഡെബിറ്റ്:
8. ബാങ്ക്/ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം ക്ലോസിംഗ് ബാലൻസ്

ഇപ്രകാരം ബാങ്ക്/ട്രഷറി റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്ന പ്രക്രിയയെയാണ് "റിക്കൺസൈൽ" ചെയ്യുക അല്ലെങ്കിൽ പൊരുത്തപ്പെടുത്തുക എന്ന പദം കൊണ്ടുദ്ദേശിക്കുന്നത്.

ട്രഷറി സ്റ്റേറ്റ്മെന്റ് അപ്പാടെ സ്വീകരിക്കാനാവാത്ത സാഹചര്യ

ങ്ങളുണ്ടാവാം. ട്രഷറിയുടേയോ പഞ്ചായത്തിന്റേയോ അക്കൗണ്ടിൽ തെറ്റുകളോ വിട്ടുപോകലുകളോ സംഭവിച്ചിരിക്കാം. ഇവ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ പ്രതിപാദിക്കുകയും അടുത്ത മാസത്തെ അക്കൗണ്ടിൽ തിരുത്തുകയുമാണ് ചെയ്യേണ്ടത്. മുൻ വർഷത്തേയോ മുൻ മാസത്തേയോ മുൻ ദിവസത്തേയോ കണക്കിൽ തെറ്റോ വിട്ടുപോകലോ (error or omission) കണ്ടെത്തിയാൽ അത് അന്നേ ദിവസമാണ് (current date) രേഖപ്പെടുത്തേണ്ടത്. ഇതാണ് ലോകമെങ്ങും പിന്തുടരുന്ന പൊതുവേ സ്വീകാര്യമായ അക്കൗണ്ടിംഗ് തത്വം (Generally Accepted Accounting principle)

2011-12ൽ ലെറ്റർ ഓഫ് അതോറിറ്റി പ്രകാരം ലഭിച്ച രണ്ടു ഗഡു വികസന ഫണ്ട് തുകകൾ ട്രഷറി കണക്കിൽ ഉൾക്കൊള്ളിച്ചിട്ടില്ല. ലെറ്റർ ഓഫ് അതോറിറ്റി ട്രഷറി ഓഫീസിൽ ലഭിക്കാത്തതാണ് കാരണം. പഞ്ചായത്ത് അവരുടെ കണക്കിൽ ഈ തുകകൾ വകവെച്ചിട്ടുണ്ട്. ഇത് ഒരു വിട്ടുപോക്കൽ (omission) തന്നെയാണെന്ന് ട്രഷറിക്കും മനസ്സിലാകുന്നുണ്ട്. പക്ഷെ 2011-12 സാമ്പത്തിക വർഷത്തെ കണക്കുകളെല്ലാം ക്ലോസ് ചെയ്ത സ്ഥിതിക്ക് ഇനി എന്തെങ്കിലും ചെയ്യാൻ കഴിയുമോ?

സർക്കാരിന്റെ കാര്യത്തിൽ കൺസോളിഡേറ്റഡ് ഫണ്ടിന്റെ കാര്യത്തിൽ മാത്രമാണ് ഓരോ സാമ്പത്തിക വർഷത്തേക്കും ബാധകമായ "ധനവിനിയോഗബിൽ" പാസ്സാക്കുന്നത്. പബ്ലിക് അക്കൗണ്ടിന് ഇത് ബാധകമല്ല. മാത്രവുമല്ല, ധനകാര്യ വകുപ്പ് തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ സമർപ്പിച്ച ബില്ലിന്റെ അടിസ്ഥാനത്തിൽ കൺസോളിഡേറ്റഡ് ഫണ്ടിലെ "3604" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും പിൻവലിച്ച് പബ്ലിക് അക്കൗണ്ടിലെ "8448" എന്ന ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് മൊത്തം തുകയും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഇപ്രകാരം "8448"-ൽ 2011-12ലെ അക്കൗണ്ടിൽ തന്നെ അക്കൗണ്ടന്റ് ജനറലിന്റെ കണക്കിൽ ഉൾപ്പെടുത്തിക്കഴിഞ്ഞ തുകയാണിത്. തിരുവനന്തപുരം ജില്ലാ ട്രഷറിയിലാണ് ഈ ട്രാൻസ്ഫർ ക്രെഡിറ്റ് ആദ്യം സംഭവിച്ചത്. അവിടെ ഈ തുക നിശ്ചയമായും കുറവു ചെയ്തിരിക്കും. ബന്ധപ്പെട്ട ട്രഷറിയിൽ അത്രയും തുക വർദ്ധിപ്പിച്ചില്ലെന്നു മാത്രമേയുള്ളൂ. ഈ തുക ഇപ്പോൾ ബന്ധപ്പെട്ട സബ്ട്രഷറിയുടെ കണക്കിൽ ഉൾപ്പെടുത്തിയാൽ ഒരു ഹെഡ് ഓഫ് അക്കൗണ്ടിനു മാറ്റം സംഭവിക്കുന്നില്ല. അതിനാൽ ഏജിയുടെ കണക്കിൽ ഒരു മാറ്റവും സംഭവിക്കുന്നില്ല. ട്രഷറി ഡയറക്ടറുടെ അനുമതിയോടെ വിട്ടുപോയ ക്രെഡിറ്റ് ഇപ്പോൾ നൽകാവുന്നതാണ്,

മാർച്ച് മാസത്തെ ട്രഷറി സ്റ്റേറ്റ്മെന്റ് കിട്ടിയപ്പോൾ ഒരു നിർവഹണ ഉദ്യോഗസ്ഥൻ ട്രഷറിയിൽ നിക്ഷേപിച്ച രണ്ട് ചെലാനുകളുടെ തുക കൂടി അതിൽ ഉൾപ്പെട്ടിരുന്നു. VPFA I -ൽ ആയിരുന്നു ഇത്. ഏപ്രിൽ മാസത്തിലാണ് ട്രഷറി സ്റ്റേറ്റ്മെന്റ് കിട്ടിയത്. മാർച്ച് മാസത്തിൽ വിവരം അറിയാതിരുന്നതുകൊണ്ട് ചെലാനുകൾ പഞ്ചായത്തിന്റെ കണക്കിൽ ഉൾപ്പെടുത്തിയിരുന്നില്ല. ട്രഷറി റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി, ഈ ചെലാനുകൾ ഏപ്രിലിൽ വരവുവച്ച്, വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് അയച്ചുകൊടുത്തു. ഇപ്പോൾ ലഭിക്കുന്ന ഉപദേശം ഈ ചലാനുകളുടെ വരവ് മാർച്ച് മാസത്തിൽ തന്നെ രേഖപ്പെടുത്തിയേ മതിയാവൂ എന്നാണ്. എന്തു ചെയ്യണം?

ഈ ഉപദേശം ശരിയല്ല. ഒന്നാമത്തെ കാരണം ക്ലോസ് ചെയ്ത് ഓഡിറ്റിന് അയച്ചു കഴിഞ്ഞ കണക്കിൽ തിരുത്തലുകൾ വരുത്താനാവില്ല; തിരുത്തൽ വരുത്തേണ്ടത് തന്നാണ്ടിലെ കണക്കിലാണ് എന്നതാണ്. രണ്ടാമത്തെ കാരണം, മാസം അവസാനിച്ചു കഴിഞ്ഞ് ലഭിക്കുന്ന ബാങ്ക്/ട്രഷറി സ്റ്റേറ്റ്മെന്റിൽ കാണുന്ന "നേരിട്ടുള്ള ക്രെഡിറ്റ്", "നേരിട്ടുള്ള ഡെബിറ്റ്" എന്നീ ഇനങ്ങളിൽ ഉൾപ്പെടുന്ന തുകകൾ അടുത്ത മാസത്തെ കണക്കിൽ ഉൾപ്പെടുത്തുന്നതാണ്. ലോകമെങ്ങും സ്വീകാര്യമായ അക്കൗണ്ടിംഗ് തത്വം എന്നതും.

സർക്കാർ വകുപ്പുകൾ അവരുടെ കണക്കുകൾ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുമായി റിക്കൺസൈൽ ചെയ്യുമ്പോൾ ഏജിയുടെ കണക്കുകൾ അപ്പടി സ്വീകരിക്കണമെന്നല്ലേ നിയമം? അതുപോലെ പഞ്ചായത്തുകളും ട്രഷറിയുടെ കണക്കുകൾ അപ്പടി സ്വീകരിക്കേണ്ടതല്ലേ?

സംസ്ഥാന സർക്കാരുകളുടെ കണക്കുകൾ തയ്യാറാക്കാനുള്ള ചുമതല കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലി (സി.എ.ജി)നാണ് (1971-ലെ സി.എ.ജി (ഡി.പി.സി) നിയമം, 11-ാം വകുപ്പ്). പ്രാഥമിക കണക്കുകൾ മാത്രമാണ് സർക്കാർ വകുപ്പുകൾ തയ്യാറാക്കുന്നത്. എങ്കിലും ഇവയുടെ അടിസ്ഥാനത്തിൽ ഏജിയുടെ കണക്കുകളിൽ തെറ്റുണ്ടെങ്കിൽ ചൂണ്ടിക്കാട്ടി തിരുത്താൻ അഭ്യർത്ഥിക്കാൻ അവസരം നൽകിയിരിക്കുന്നു. ഇതാണ് സർക്കാർ വകുപ്പുകൾ ഏജിയുമായി നടത്തുന്ന റിക്കൺസിലിയേഷൻ. റിക്കൺസിലിയേഷൻ നടത്തിയില്ലെങ്കിൽ സിഏജിയുടെ കണക്കുകൾ അപ്പടി സ്വീകരിക്കേണ്ടിവരും.

ഇതേ രീതിയിൽ ട്രഷറിയിൽ പബ്ലിക് അക്കൗണ്ടിലെ തെറ്റുകൾ ചൂണ്ടിക്കാട്ടി തിരുത്തൽ ആവശ്യപ്പെടാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 12-4-2006ലെ ജിഒ(പി)177/2006/ഫിൻ നമ്പർ സർക്കാർ ഉത്തരവിന്റെ 24-3-ാം ഖണ്ഡിക അവകാശം നൽകിയിരിക്കുന്നു.

ട്രഷറിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അക്കൗണ്ടുകളെ "പേഴ്സണൽ ഡെപ്പോസിറ്റ് അക്കൗണ്ട് (പി.ഡി അക്കൗണ്ട്" എന്നാണല്ലോ വിളിക്കുന്നത്. ഇവ യഥാർത്ഥത്തിൽ വ്യക്തിപര അക്കൗണ്ടുകളല്ല. എന്നിട്ടും ഇവയെ പി.ഡി അക്കൗണ്ടുകൾ എന്നു വിളിക്കുന്നതെന്തുകൊണ്ട്?

തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ട്രഷറിയിൽ ഉള്ള അക്കൗണ്ടുകളെ പി.ഡി അക്കൗണ്ട് എന്നല്ല വിളിക്കുന്നത്. അവയെ വിളിക്കേണ്ടത്

വി.പി.എഫ് അക്കൗണ്ട് /ബി.പി.എഫ് അക്കൗണ്ട്/ഡിപിഎഫ് അക്കൗണ്ട്/ എംഎഫ് അക്കൗണ്ട്/എംസിഎഫ് അക്കൗണ്ട് എന്നാണെന്ന് 12.4.2006-ലെ ജിഒ(പി)177/2006/ഫിൻ നമ്പർ സർക്കാർ ഉത്തരവിന്റെ ഒന്നാം ഖണ്ഡികയിൽ സുവ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ നിർദ്ദേശത്തിന് ആധാരം കേരള ട്രഷറി കോഡ് വാല്യം 1, ഭാഗം 8, അദ്ധ്യായം 5 എ. "ലോക്കൺ ഫണ്ടുകൾ" എന്ന ഭാഗത്തെ നിർദ്ദേശങ്ങളാണ്. അവ ചുരുക്കി താഴെ നൽകിയിരിക്കുന്നു.

"....സർക്കാർ വകുപ്പുകളുടെ ഭാഗമല്ലെങ്കിലും സർക്കാർ നിയന്ത്രണത്തിനു വിധേയമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പണം ലോക്കൽ ഫണ്ടുകൾ എന്ന വിഭാഗത്തിൽ ഉൾപ്പെടുന്നു.... ഇവയെ ഉൾപ്പെടുത്തുന്നത് പബ്ലിക് അക്കൗണ്ടിൽ "ലോക്കൽ ഫണ്ട് നിക്ഷേപങ്ങൾ" എന്ന ഡെപ്പോസിറ്റ് ഹെഡിലാണ്. അത്തരം നിക്ഷേപങ്ങളെ സംബന്ധിച്ച് സർക്കാർ നിർവഹിക്കുന്നത് ബാങ്കറുടെ ചുമതലയാണ്.... ചില പ്രധാന ലോക്കൽഫണ്ടുകൾ ഇനി പറയുന്നവയാണ്.... (2) മുനിസിപ്പൽ ഫണ്ടുകൾ (3) പഞ്ചായത്ത് ഫണ്ടുകൾ.... വർഷാവസാനം ലോക്കൽ ഫണ്ട് കൈകാര്യം ചെയ്യുന്ന സ്ഥാപനത്തിൽ നിന്ന് അവരുടെ കണക്കു പ്രകാരമുള്ള ബാലൻസ് സംബന്ധിച്ച സർട്ടിഫിക്കറ്റ് ട്രഷറി ഓഫീസർ വാങ്ങി ജൂലൈ 10നകം കിട്ടത്തക്കവിധം അക്കൗണ്ടന്റ് ജനറലിന് അയച്ചു കൊടുക്കണം. ...... പ്രസ്തുത സർട്ടിഫിക്കറ്റിൽ ട്രഷറി കണക്കുകൾ പ്രകാരവും സ്ഥാപനത്തിന്റെ കണക്കു പ്രകാരമുള്ള ബാലൻസുകൾ തമ്മിൽ വ്യത്യാസമുണ്ടെങ്കിൽ വിശദീകരിക്കണം.

ധനകാര്യ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ 2014-15ലെ ബജറ്റ് രേഖകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ പാർട്ട് സിയിൽ "Debt Budget 2014-15" എന്നുകാണാം. അത് ഡൗൺലോഡ് ചെയ്താൽ പൂർണനാമം ' Detailed Estimates of Receipts and Disburments under Debt Head 2014-15" എന്നാണെന്നു മനസ്സിലാകും. ഇതിൽ 105-ാം പേജിൽ 8443 സിവിൽ നിക്ഷേപങ്ങൾ (Civil Deposits) എന്നതിനു താഴെ 8443-00-106 വ്യക്തികളുടെ പേരിലുള്ള നിക്ഷേപങ്ങൾ (Presonal Deposits) എന്നു കാണാൻ കഴിയും. ഇവയെപ്പറ്റി കേരള ട്രഷറി കോഡ് ഒന്നാം വാല്യത്തിൽ 93-ാം ചട്ടത്തിനു കീഴിലുള്ള രണ്ടാമത്തെ കുറിപ്പിലും 208-ാം ചട്ടത്തിലും പ്രതിപാദിച്ചിട്ടുണ്ട്. സർക്കാർ ഉദ്യോഗസ്ഥർ തന്നാണ്ടിലെ ചെലവിനായി കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നു പിൻവലിച്ച് ട്രഷറി പബ്ലിക് അക്കൗണ്ടിൽ സൂക്ഷിക്കുന്നവയാണ് പേഴ്സണൽ ഡെപ്പോസിറ്റ് അക്കൗണ്ടുകൾ (പിഡി അക്കൗണ്ടുകൾ).

ലോക്കൽ ഫണ്ട് നിക്ഷേപങ്ങൾ ഇവയിൽ നിന്നു വ്യത്യസ്തമാണ്. 2014-15ലെ ഡെബിറ്റ് ഹെഡ് ബഡ്ജറ്റിൽ 107-ാം പേജു മുതൽ 110-ാം പേജു വരെ നോക്കുക. 8448- ലോക്കൽ ഫണ്ട് നിക്ഷേപങ്ങളും അവയുടെ കീഴിൽ വിശദമായി മുനിസിപ്പൽ ഫണ്ട് അക്കൗണ്ടുകളുടെയും പഞ്ചായത്ത് ഫണ്ട് അക്കൗണ്ടുകളുടേയും വിവരങ്ങൾ കാണാം.

"To call a spade a spade എന്ന പഴഞ്ചൊല്ല് ഓർക്കുക. സർക്കാർ ഉദ്യോഗസ്ഥരുടെ പിഡി അക്കൗണ്ടുകളെ പിഡി അക്കൗണ്ടുകൾ എന്നു വിളിക്കാം. അവ 8443 - സിവിൽ ഡെപ്പോസിറ്റ് എന്ന മേജർ ഹെഡിനു കീഴിലാണ്. 8448- ലോക്കൽ ഫണ്ട് ഡെപ്പോസിറ്റ് എന്ന മേജർ ഹെഡിനു കീഴിലുള്ള വിപിഎഫ് അക്കൗണ്ട്, ബിപിഎഫ് അക്കൗണ്ട്, ഡിപിഎഫ് അക്കൗണ്ട്, എംഎഫ് അക്കൗണ്ട് എന്നിവയെ പൊതുവായ ലോക്കൽ ഫണ്ട് അക്കൗണ്ട് എന്നു വിളിച്ചാൽ പോരേ? മറ്റൊരർത്ഥം സൂചിപ്പിക്കുന്ന പിഡി അക്കൗണ്ട് എന്ന് അവയെ വിളിക്കുന്നത് ശരിയാണോ?

ആർ. ഉണ്ണികൃഷ്ണൻ, അക്കൗണ്ടന്റ്, മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്, (പത്തനംതിട്ട, ഉന്നയിക്കുന്ന ചോദ്യത്തിന്റെ രത്നച്ചുരുക്കം; 2013-14 സാമ്പത്തിക വർഷത്തിൽ ഒരു പ്രൈവറ്റ് സ്ഥാപനത്തിന് 12421/- രൂപയുടെ ചെക്ക് നൽകിയിരുന്നു. പ്രസ്തുത ചെക്ക് എൻക്യാഷ് ചെയ്യപ്പെട്ടില്ല. ബാങ്ക് റിക്കൺസിലിയേഷനിൽ പ്രസ്തുത ചെക്ക് അൺക്യാഷ്ഡ് ആയി രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ നമ്പർ ചെക്ക് നഷ്ടപ്പെട്ടുപോയെന്നും പകരം പുതിയ ചെക്ക് നൽകണമെന്നും സ്ഥാപനം അഭ്യർത്ഥിച്ചിരിക്കുന്നു. തുടർന്ന് പഞ്ചായത്ത് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ചെക്ക് നാളിതുവരെ എൻക്യാഷ് ചെയ്തിട്ടില്ല എന്ന് ബാങ്ക് സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. പ്രസ്തുത ചെക്കിന്റെ പേയ്മെന്റ് സ്റ്റോപ്പ് ചെയ്തിരിക്കുന്നു. 2014-15 വർഷത്തിൽ സ്ഥാപനത്തിന് പുതിയ ചെക്ക് നൽകാൻ കഴിയുമോ? എങ്കിൽ ഏതെല്ലാം നടപടിക്രമങ്ങളാണ് സാംഖ്യയിലും അല്ലാതെയും സ്വീകരിക്കേണ്ടത്?

ലഭിച്ച ചെക്ക് നഷ്ടപ്പെട്ടെന്നും പകരം പുതിയ ചെക്ക് നൽകണമെന്നും ആവശ്യപ്പെട്ടാൽ താഴെ പറയുന്ന കാര്യങ്ങളാണ് ചെയ്യേണ്ടത്.

1. പരാമർശ വിധേയമായ ചെക്ക് ഇതുവരെ എൻക്യാഷ് ചെയ്തിട്ടില്ല എന്ന വിവരത്തിന് ബാങ്ക്/ട്രഷറി നോൺ പേയ്മെന്റ് സർട്ടിഫിക്കറ്റ് തരണം.
2. ചെക്കിന്റെ പേയ്മെന്റ് സ്റ്റോപ്പ് ചെയ്തതായി ബാങ്ക്/ട്രഷറി അറിയിക്കണം.
3. മേല്പ്പറഞ്ഞവ രണ്ടും ലഭിച്ചു കഴിഞ്ഞാൽ നൽകിയ ചെക്ക് ക്യാൻസൽ ചെയ്യുന്നതിനായുള്ള രസീത് എൻട്രിയും പുതിയ ചെക്ക് നൽകുന്നതിനുള്ള പേയ്മെന്റ് എൻട്രിയും സാംഖ്യയിൽ രേഖപ്പെടുത്തണം. ബാങ്കിന് ഡെബിറ്റും 350 80 01 01 Liabi-lity in respect of state cheques issued എന്ന ഹെഡിന് ക്രെഡിറ്റും നൽകി രസീത് രേഖപ്പെടുത്തുക. ഉടൻതന്നെ, ഇതേ ലയബിലിറ്റി ഹെഡിന് ഡെബിറ്റും ബാങ്കിന് ക്രെഡിറ്റും നൽകി പേയ്മെന്റ് ഓർഡറും പേയ്മെന്റും രേഖപ്പെടുത്തുക.

ഇക്കാര്യത്തിൽ ബാങ്കിൽ നിന്നു ലഭിക്കേണ്ട കാര്യങ്ങൾ ലഭിച്ചു കഴിഞ്ഞതിനാൽ ബാക്കികാര്യങ്ങൾ ചെയ്താൽ മതിയാവും.

വാഴൂരിനു 'ശ്രീ'യായി കുടുംബശ്രീ

സാധാരണക്കാരായ സ്ത്രീകൾക്ക് ആത്മവിശ്വാസവും ഉണർവ്വും പകർന്നു നൽകുന്ന പ്രവർത്തനശൈലിയാണ് വാഴൂർ ഗ്രാമപഞ്ചായത്ത് കുടുംബശ്രീ സി.ഡി.എസിനെ മറ്റു യൂണിറ്റുകളിൽ നിന്നും ശ്രദ്ധേയമാക്കുന്ന സവിശേഷത.

കുടുംബശ്രീയുടെ 15-ാം ജന്മദിനത്തിൽ നൂതനവും വ്യത്യസ്തവുമായ പരിപാടികൾ സംഘടിപ്പിക്കണമെന്ന് ഗ്രാമപഞ്ചായത്ത് ഭരണസമിതിയും കുടുബശ്രീ സി.ഡി.എസും ആഗ്രഹിച്ചതിന്റെ ഫലമായി 2014 മേയ്മാസം 16-ാം തീയതി വാഴൂർ ഗ്രാമപഞ്ചായത്തിൽ സംഘടിപ്പിച്ച സമൂഹവിവാഹ പരിപാടി വിജയകരവും സംസ്ഥാന തലത്തിൽ ശ്രദ്ധപിടിച്ചുപറ്റുകയും ചെയ്തിരുന്നു. അന്ന് നാടാകെ സംഘടിപ്പിച്ച ചടങ്ങിൽ 8 ജോഡി വധൂവരന്മാരാണ് വിവാഹിതരായത്. വിവാഹ ചെലവ് വഹിക്കാൻ കുടുംബശ്രീ പ്രവർത്തകർക്കൊപ്പം വളരെയധികം സുമനസ്സുകൾ മുന്നോട്ടുവന്നത് ശ്രദ്ധേയമായിരുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു മാതൃകയായി ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്

ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് 2013-14 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിയ ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് 22-ാം വാർഡിലെ ഹൈസ്കൂൾ/ഹയർ സെക്കണ്ടറി തലത്തിൽ പഠിക്കുന്ന എല്ലാ പട്ടികജാതി വിദ്യാർത്ഥികൾക്കുമുള്ള ലാപ്ടോപ്പുകളുടെ വിതരണം പട്ടാമ്പി എം.എൽ.എ സി.പി. മുഹമ്മദ് 22-ാം വാർഡിലെ കരിമ്പുള്ളി സെന്ററിൽ വെച്ച് നിർവ്വഹിച്ചു. വൈസ് പ്രസിഡന്റ് എം.എം.ഹസ്സൻകുട്ടി പ്രത്യേക താൽപ്പര്യമെടുത്താണ് ഈ പദ്ധതി നടപ്പിലാക്കിയത്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എൻ.ഷക്കീല ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

പരിസ്ഥിതിദിനം - പൊൽപ്പുള്ളിയിൽ 'പുഷ്പശ്രീ' ഉദ്ഘാടനം ചെയ്തു

ജൈവവൈവിദ്ധ്യ സംരക്ഷണം പൂമരങ്ങളിലൂടെ എന്ന ആശയവുമായി പൊൽപ്പുള്ളി ഗ്രാമപഞ്ചായത്തിൽ പുഷ്പശ്രീ പദ്ധതിയ്ക്ക് തുടക്കമായി. ഗ്രാമപഞ്ചായത്ത് ഹാളിൽ നടന്ന ചടങ്ങിൽ പുലരി അയൽക്കൂട്ട അംഗംകൂടിയായ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.പ്രസീത, വൈസ് പ്രസിഡന്റ് വി.പങ്കജവല്ലിക്ക് കണിക്കൊന്നമരം കൈമാറി പദ്ധതി ഉദ്ഘാടനം ചെയ്തു. തുടർന്ന് പ്രസിഡന്റ് സംസ്ഥാന പുഷ്പമായ കണിക്കൊന്ന പഞ്ചായത്ത് പരിസരത്ത് നട്ടു. 'പരിസ്ഥിതി സംരക്ഷണം പാരസ്പര്യത്തിലൂടെ' എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ച് ഗ്രാമപഞ്ചായത്തിലെ വിവിധ കുടുംബശ്രീ അയൽക്കൂട്ടം പ്രതിനിധികൾ പൂമരച്ചെടികളും ഫലവൃക്ഷത്തൈകളും പരസ്പരം കൈമാറി.

കുടുംബശ്രീ ജില്ലാ മിഷൻ നൽകിയ തൈകളും അയൽക്കൂട്ടം പ്രതിനിധികൾ ഏറ്റുവാങ്ങി.

അജിത് എഴക്കാട്, സെക്രട്ടറി
പൊൽപ്പുള്ളി ഗ്രാമപഞ്ചായത്ത്

തദ്ദേശഭരണ തെരഞ്ഞെടുപ്പിലും നിഷേധവോട്ട് വരുന്നു

തദ്ദേശഭരണ തെരഞ്ഞെടുപ്പിലും നിഷേധവോട്ട് രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്ന കാര്യം സജീവ പരിഗണനയിലാണെന്ന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷൻ കെ.ശശിധരൻ നായർ അറിയിച്ചു. ഇതിനാവശ്യമായ ഭരണഘടനാഭേദഗതി കൊണ്ടുവരുന്നതിന് സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുന്നതാണെന്നും അദ്ദേഹം വ്യക്തമാക്കി. തദ്ദേശഭരണതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നിയമാവബോധം നൽകുന്നതിനുള്ള പരിശീലനപരിപാടിയുടെ ഭാഗമായി കിലയിൽ സംഘടിപ്പിച്ച ഏകദിന ശിൽപ്പശാലയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. അമ്പതു ശതമാനത്തിൽ കൂടുതൽ നിഷേധവോട്ടുണ്ടായാൽ ആ തെരഞ്ഞെടുപ്പ് റദ്ദാക്കണമെന്ന് കമ്മീഷൻ അഭിപ്രായപ്പെട്ടു.

റിട്ടേണിംഗ് ഓഫീസർമാർക്കും അസി.റിട്ടേണിംഗ് ഓഫീസർമാർക്കുമാണ് രണ്ടാംഘട്ട പരിശീലനം. തെരഞ്ഞെടുപ്പു തീയതി പ്രഖ്യാപിക്കുന്നതു മുതൽ ഫലപ്രഖ്യാപനം കഴിയുന്നതുവരെയുള്ള നടപടിക്രമങ്ങളെക്കുറിച്ചാണ് പരിശീലനം. ഗ്രാമ- ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകളിലെ പ്രസിഡന്റുമാർ, സെക്രട്ടറിമാർ, ഇലക്ട്രൽ രജിസ്ട്രേഷൻ ഓഫീസർമാർ എന്നിവർക്കായിരുന്നു ആദ്യഘട്ടത്തിൽ പരിശീലനം നൽകിയത്. താഴെ തട്ടിലുള്ള ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും കൂടി പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ട്.

കെ. രവി

ഓഡിറ്റ് റിപ്പോർട്ടുകളിലെ ക്രമക്കേടുകൾക്ക് ഭരണസമിതി അംഗങ്ങളേയും ഉത്തരവാദികളും ബാദ്ധ്യസ്ഥരുമാക്കേണ്ടതല്ലേ?

അധികാരത്തിന്റേയും കർത്തവ്യങ്ങളുടേയും ചുമതലകളുടേയും കാര്യത്തിൽ 1960-ലെ കേരള പഞ്ചായത്ത് ആക്ടിലെ പഞ്ചായത്ത് പ്രസിഡന്റും 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ പ്രസിഡന്റും തമ്മിൽ അജഗജാന്തരമുണ്ട്. 1960 ലെ ആക്ട് പ്രകാരം പഞ്ചായത്തിന്റെ എക്സിക്യൂട്ടീവ് അതോറിറ്റി പഞ്ചായത്തിലെ സർക്കാർ ഉദ്യോഗസ്ഥനായ എക്സിക്യൂട്ടീവ് ഓഫീസർ ആയിരുന്നു. പഞ്ചായത്തിന്റെ സാമ്പത്തികാധികാരം ഉൾപ്പെടെയുള്ള എല്ലാ അധികാരങ്ങളും എക്സിക്യൂട്ടീവ് ഓഫീസറിൽ കേന്ദ്രീകരിച്ചിരുന്നു. പഞ്ചായത്തിന്റെ എക്സിക്യൂട്ടീവ് അതോറിറ്റി കൂടിയായ എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിൽ പ്രസിഡന്റിന് കാര്യമായ നിയന്ത്രണാധികാരങ്ങളോ മേൽനോട്ട ചുമതലയോ ഉണ്ടായിരുന്നില്ല. പഞ്ചായത്തിന്റെ ബഡ്ജറ്റ് തയ്യാറാക്കി അവതരിപ്പിക്കുന്നതിനുള്ള അധികാരവും എക്സിക്യൂട്ടീവ് ഓഫീസർക്കായിരുന്നു.

ഇന്ത്യൻ ഭരണ ഘടനയുടെ 73-ാം ഭേദഗതി പ്രകാരം 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (കെ.പി.ആർ ആക്ട്) 24/04/1994 ൽ പ്രാബല്യത്തിൽ വന്നതോടെ സംസ്ഥാനത്തെ തൃതല പഞ്ചായത്തുകൾ പ്രാദേശിക സർക്കാരുകളായി. ആലങ്കാരികമായി പറഞ്ഞാൽ ഗ്രാമസഭകൾ 'നിയമസഭയും' പഞ്ചായത്ത് ഭരണസമിതി 'ക്യാബിനറ്റു'മായി കെ.പി.ആർ ആക്ടും ചട്ടങ്ങളും പ്രകാരമുള്ള എല്ലാ അധികാരങ്ങളും ഭരണ സമിതിയിലും പ്രസിഡന്റിലും കേന്ദ്രീകരിച്ചു. പ്രസിഡന്റ് പഞ്ചായത്തിന്റെ എക്സിക്യൂട്ടീവ് അതോറിറ്റിയായി. 1960ലെ ആക്ടിൽ എക്സിക്യൂട്ടീവ് അതോറിറ്റിയായിരുന്ന എക്സിക്യൂട്ടീവ് ഓഫീസർ 'സെക്രട്ടറി' എന്ന പേരിൽ പഞ്ചായത്തിന്റെ കാര്യ നിർവ്വഹണ ഉദ്യോഗസ്ഥൻ മാത്രമായി. പ്രസിഡന്റ് പഞ്ചായത്തിന്റെ മുഴുവൻ സമയ കാര്യനിർവ്വഹണാധികാരിയായി. ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനും പഞ്ചായത്ത് പാസ്സാക്കുന്ന പ്രമേയങ്ങൾ (തീരുമാനങ്ങൾ) നടപ്പിലാക്കുന്നതിനും ആവശ്യമുള്ള നിർവ്വഹണാധികാരം പ്രസിഡന്റിൽ നിക്ഷിപ്തമായി. ഈ ആക്ടിനാലോ അതിൻ കീഴിലുള്ള ചട്ടങ്ങളിലോ ചുമതലപ്പെട്ട കർത്തവ്യങ്ങളും ചുമതലകളും നിറവേറ്റുന്നതിന് പ്രസിഡന്റിന് നേരിട്ട് ഉത്തരവാദിത്വവും അതിനാവശ്യമായ അധികാരവും ലഭിച്ചു.

പഞ്ചായത്തിലെ ഉദ്യോഗസ്ഥരും ജീവനക്കാരും ചെയ്യുന്ന കൃത്യങ്ങളുടേയും എടുത്ത നടപടികളുടേയും മേൽനോട്ടം വഹിക്കേണ്ടതും അവയെ നിയന്ത്രിക്കേണ്ടതും പ്രസിഡന്റാണ്. ഇവരുടെ പൊതുവായ മേൽനോട്ടം പ്രസിഡന്റിൽ നിക്ഷിപ്തമായി. പഞ്ചായത്തിലെ ഉദ്യോഗസ്ഥരുടേയും ജീവനക്കാരുടേയും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടേയും ജീവനക്കാരുടേയും പ്രവൃത്തികൾക്ക് പൊതുവായ മേൽനോട്ടം വഹിക്കലും പ്രസിഡന്റിന്റെ കർത്തവ്യമായി.

പഞ്ചായത്ത് തീരുമാനങ്ങളുടേയും പ്രസിഡന്റിന്റെ ഉത്തരവുകളുടേയും നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ തന്നിൽ നിക്ഷിപ്തമായ കർത്തവ്യങ്ങളും ചുമതലകളും അധികാരവും വിനിയോഗിക്കുന്ന കാര്യനിർവ്വഹണ ഉദ്യോഗസ്ഥനാണ്

സെക്രട്ടറി. പ്രസിഡന്റിന്റെ പൊതുവായ മേൽനോട്ടത്തിനും നിയന്ത്രണത്തിനും വിധേയമായിട്ടാണ് പഞ്ചായത്തിന്റെ കീഴിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരേയും ജീവനക്കാരേയും സെക്രട്ടറി നിയന്ത്രിക്കുന്നത്. പ്രസിഡന്റ് ഏൽപ്പിച്ചുകൊടുക്കുന്ന ചെലവുകൾക്കും പഞ്ചായത്ത് അധികൃതമാക്കുന്ന ചെലവുകൾക്കുള്ള തുകകൾ നൽകാനേ സെക്രട്ടറിക്ക് അധികാരമുള്ളു. ചുരുക്കിപ്പറഞ്ഞാൽ സെക്രട്ടറിക്ക് ഒരു രൂപപോലും ചെലവഴിക്കുന്നതിനുള്ള സ്വതന്ത്ര അധികാരമില്ല.

കുറ്റങ്ങൾ രാജിയാക്കുന്നതിനുള്ള അപേക്ഷ സ്വീകരിച്ച് കുറ്റങ്ങൾ രാജിയാക്കുന്നതിനും അപേക്ഷ നിരസ്സിക്കുന്നതിനും സെക്രട്ടറിക്ക് പ്രസിഡന്റിന്റെ അനുമതി ആവശ്യമാണ്. പഞ്ചായത്തിന് ലഭിക്കേണ്ട നികുതി, ഉപനികുതി മുതലായവയുടെ കുടിശിക ഈടാക്കലുമായി ബന്ധപ്പെട്ട് സെക്രട്ടറി മജിസ്ട്രേറ്റ് കോടതിയിൽ ഫയൽ ചെയ്യുന്ന കേസുകൾ കോടതിയുടെ അനുമതി കൂടാതെ രാജിയാക്കാമെങ്കിലും ഇതിനും പ്രസിഡന്റിന്റെ അനുമതി ആവശ്യമാണ്.

കെ.പി.ആർ ആക്ടും അതിന്റെ കീഴിലുള്ള ചട്ടങ്ങളിലും പ്രസിഡന്റിൽ നിക്ഷിപ്തമായിട്ടുള്ള ചില കർത്തവ്യങ്ങളും ചുമതലകളും അധികാരങ്ങളും മാത്രമാണ് മുകളിൽ പരാമർശിച്ചിട്ടുള്ളത്. ഇവ കൂടാതെ വിപുലമായ സാമ്പത്തികാധികാരവും പ്രസിഡന്റിൽ നിക്ഷിപ്തമാണ്.

ഭരണസമിതി തീരുമാനവും പ്രസിഡന്റിന്റെ ഓതറൈസേഷനും (ചെലവനുമതി) ഇല്ലാതെ പഞ്ചായത്ത് ഫണ്ടിൽ നിന്നോ സംസ്ഥാന – കേന്ദ്ര സർക്കാർ ഫണ്ടിൽ നിന്നോ പണം ചെലവഴിക്കുന്നതിന് സെക്രട്ടറിക്ക് അധികാരമില്ല. ചുരുക്കത്തിൽ പഞ്ചായത്ത് ഭരണ സമിതിയുടേയും പ്രസിഡന്റിന്റേയും കർക്കശ നിയന്ത്രണത്തിന് വിധേയമായും സർക്കാരിന്റേയും തദ്ദേശ സ്വയംഭരണ വകുപ്പ് അധികൃതരുടേയും നിയന്ത്രണത്തിനും നിർദ്ദേശങ്ങൾക്കും ഉത്തരവുകൾക്കും വിധേയമായും പ്രവർത്തിക്കുന്ന ഒരു സർക്കാർ ഉദ്യോഗസ്ഥനാണ് പഞ്ചായത്ത് സെക്രട്ടറി.

പഞ്ചായത്തിനെ സംബന്ധിക്കുന്ന പണം കൊടുക്കലും തിരികെ കൊടുക്കലും അധികൃതമാക്കുക, പഞ്ചായത്ത് ഫണ്ടിൽ നിന്നും പണം പിൻവലിക്കുന്നതിന് സെക്രട്ടറിക്ക് ഉത്തരവ് നൽകുക, സർക്കാർ നിശ്ചയിക്കുന്ന പരിധിക്കുവിധേയമായി കണ്ടിൻജൻസി ചെലവുകൾ ചെയ്യുക, അടിയന്തിര സാഹചര്യങ്ങളിൽ ഏതെങ്കിലും പണിയോ പ്രവൃത്തിയോ ചെയ്യുന്നതിന് നിർദ്ദേശം നൽകലും അപ്രകാരമുള്ള പണി നടത്തുന്നതിനോ പ്രവൃത്തി ചെയ്യുന്നതിനോ ഉള്ള ചെലവുകൾ പഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകേണ്ടതാണെന്ന് നിർദ്ദേശം നൽകലും, ചെലവ് അനുവാദം നൽകുക തുടങ്ങിയ സാമ്പത്തികാധികാരങ്ങൾ പ്രസിഡന്റിൽ നിക്ഷിപ്തമാണ്. പഞ്ചായത്ത് തീരുമാനവും പ്രസിഡന്റിന്റെ ചെലവനുമതിയും ഇല്ലാതെ ചെലവ് ചെയ്യുന്നതിനുള്ള അധികാരം സെക്രട്ടറിക്ക് ഇല്ല.

ജനകീയാസൂത്രണ പദ്ധതി പ്രകാരമുള്ള അംഗീകൃത പ്രോജക്ടുകളുടെ നിർവ്വഹണത്തിന് പണം ചെലവഴിക്കുന്നതിന് (ഓരോ പ്രോജക്ടിനും) സെക്രട്ടറി ഉൾപ്പെടെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ഓതറൈസേഷൻ (ചെലവനുമതി) നൽകാനുള്ള അധികാരവും പ്രസിഡന്റിനാണ്.

ഭരണസമിതി തീരുമാനവും പ്രസിഡന്റിന്റെ ഓതറൈസേഷനും (ചെലവനുമതി) ഇല്ലാതെ പഞ്ചായത്ത് ഫണ്ടിൽ നിന്നോ സംസ്ഥാന-കേന്ദ്ര സർക്കാർ ഫണ്ടിൽ നിന്നോ പണം ചെലവഴിക്കുന്നതിന് സെക്രട്ടറിക്ക് അധികാരമില്ല. ചുരുക്കത്തിൽ പഞ്ചായത്ത് ഭരണ സമിതിയുടേയും പ്രസിഡന്റിന്റേയും കർക്കശ നിയന്ത്രണത്തിന് വിധേയമായും സർക്കാരിന്റേയും തദ്ദേശ സ്വയംഭരണ വകുപ്പ് അധികൃതരുടേയും നിയന്ത്രണത്തിനും നിർദ്ദേശങ്ങൾക്കും ഉത്ത

രവുകൾക്കും വിധേയമായും പ്രവർത്തിക്കുന്ന ഒരു സർക്കാർ ഉദ്യോഗസ്ഥനാണ് പഞ്ചായത്ത് സെക്രട്ടറി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറാണ് പഞ്ചായത്തിന്റെ Statutory Auditor. ലോക്കൽ ഫണ്ട് ഓഡിറ്റ് കൂടാതെ സിഎജിയുടെ ഓഡിറ്റും പെർഫോർമെൻസ് ഓഡിറ്റ് വിഭാഗത്തിന്റെ ഓഡിറ്റും (ത്രൈമാസ ഓഡിറ്റ്) പഞ്ചായത്തുകളിൽ നടക്കുന്നുണ്ട്. പഞ്ചായത്തിന് എന്തെങ്കിലും ധനനഷ്ടമോ പാഴ് ചെലവുകളോ ഉണ്ടായിട്ടുണ്ടെങ്കിൽ അവയെപ്പറ്റിയും ധനദുർവിനിയോഗം സംഭവിച്ചിട്ടുണ്ടെങ്കിൽ അതിനെപ്പറ്റിയും അത്തരം നഷ്ടം, പാഴ്ചെലവ്, ധനദുർവിനിയോഗം എന്നിവയ്ക്ക് ഉത്തരവാദികളാരാണെന്നും ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിക്കാറുണ്ട്.

ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾക്കും നിരാകരണത്തിനും ഉത്തരവാദികൾ സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും മാത്രമാണെന്ന നിഗമനത്തിലാണ് കാലങ്ങളായി ഓഡിറ്റർമാർ എത്തിച്ചേരുന്നത്. (ഈ ലേഖനത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടുകളെക്കുറിച്ച് മാത്രമാണ് പരാമർശിക്കുന്നത്). പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിലും പ്രസിഡന്റിന്റെ അനുമതിയുടെ അടിസ്ഥാനത്തിലും സെക്രട്ടറിയോ മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരോ ചെയ്യുന്ന പ്രവൃത്തികൾ മൂലം പഞ്ചായത്തിന് ഉണ്ടാകുന്ന ധനനഷ്ടത്തിനും പാഴ്ചെലവിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരോടൊപ്പം ബന്ധപ്പെട്ട തീരുമാനം പാസ്സാക്കിയ അവസരത്തിൽ ഹാജരായിരുന്ന ഭരണ സമിതി അംഗങ്ങളും അനുമതി നൽകിയ പ്രസിഡന്റിനും ഉത്തരവാദിത്വവും ബാധ്യതയും ഓഡിറ്റ് റിപ്പോർട്ടുകളിൽ സാധാരണ നിശ്ചയിച്ച് കാണാറില്ല (എന്നാൽ ചില ഓഡിറ്റർമാർ) നിരാകരണത്തിന് ഭരണസമിതി അംഗങ്ങളെയും, വളരെ വിരളമായിട്ടെങ്കിലും, ഉത്തരവാദികളാക്കിയിട്ടുണ്ടെന്നുള്ള കാര്യം വിസ്മരിക്കുന്നില്ല). പഞ്ചായത്ത് തീരുമാനത്തിന്റേയും പ്രസിഡന്റിന്റെ അനുമതിയുടേയും അടിസ്ഥാനത്തിൽ ചെലവ് ചെയ്ത സെക്രട്ടറി മാത്രം (മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും) ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സത്തിനും നിരാകരണത്തിനും ഉത്തരവാദിയാകുന്നു. ഭരണ സമിതി അംഗങ്ങൾക്കും പ്രസിഡന്റിനും ഇതിൽ ഉത്തരവാദിത്വവും ബാധ്യതയും ഇല്ലെങ്കിൽ പഞ്ചായത്ത് തീരുമാനത്തിന്റേയും പ്രസിഡന്റിന്റെ അനുമതിക്കും പഞ്ചായത്ത് കമ്മറ്റിയിലും പ്രസിഡന്റിലും നിക്ഷിപ്തമായിട്ടുള്ള മേൽ വിവരിച്ച കർത്തവ്യങ്ങൾക്കും ചുമതലകൾക്കും അധികാരങ്ങൾക്കും പ്രസക്തിയില്ലാതാകും. പഞ്ചായത്തിന്റെ എക്സിക്യൂട്ടീവ് അതോറിറ്റിയായ, ഓഫീസ് മേധാവിയായ, എല്ലാ കാര്യങ്ങളിലും മേൽനോട്ട ചുമതലയുള്ള, നിയന്ത്രണങ്ങളുള്ള, ചെലവനുമതി നൽകുന്ന പ്രസിഡന്റിന് ഇവയ്ക്കൊക്കെ ഉത്തരവാദിത്വവും ബാധ്യതയും ഇല്ലെങ്കിൽ ഈ അധികാരങ്ങൾക്ക് എന്താണ് പ്രസക്തി? അപൂർവ്വം ചില ഓഡിറ്റർമാർ ഉദ്യോഗസ്ഥനോടൊപ്പം ഭരണസമിതി അംഗങ്ങളുടെ പേരിലും പ്രസിഡന്റിന്റെ പേരിലും ബാധ്യത നിശ്ചയിച്ചിട്ടുണ്ടെന്നുള്ള കാര്യം വിസ്മരിക്കുന്നില്ല.

SGRY, NREG എന്നീ പദ്ധതികളുടെ ഓഡിറ്റിൽപ്പോലും തടസ്സപ്പെടുത്തലിനും നിരാകരണത്തിനും പ്രസിഡന്റ് ഉത്തരവാദിയോ ബാധ്യസ്തനോ ആകുന്നില്ല (ഈ രണ്ട് പദ്ധതികളുടേയും ചെക്കിൽ പ്രസിഡന്റും ഒപ്പ് വെക്കുന്നതാണ്). എല്ലാ തടസ്സത്തിനും നിരാകരണത്തിനും സെക്രട്ടറിയെ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉത്തരവാദിയായി കാണിക്കുന്നത്. പഞ്ചായത്ത് തീരുമാനം ഇല്ലാതെയും പ്രസിഡന്റിന്റെ ചെലവനുമതിയില്ലാതെയും ഒരു രൂപ പോലും ചെലവഴിക്കാൻ അധികാരമില്ലാത്ത സെക്രട്ടറിക്ക് മാത്രമാണ് ഓഡിറ്റിലെ തടസ്സങ്ങൾക്കും നിരാകരണത്തിനും ഉത്തരവാദിത്വവും ബാധ്യതയും. ഇത് നിയമപരമല്ല. നീതീകരിക്കാവുന്നതുമല്ല. നിയമ വിരുദ്ധമായി ചെലവാക്കുന്നവരുടെ പേരിലും ചെലവാക്കുന്നതിന് അധികാരം നൽകുന്ന (ചെലവനുമതി) ആളുടെ പേരിലും സർചാർജ് ചെയ്യുന്നതിന് ഓഡിറ്റർക്ക് അധികാരമുണ്ട്. (കെപിആർ ആക്ടിന്റെ 2015 (9) വകുപ്പ്).

ചെലവ് കാര്യത്തിൽ മാത്രമല്ല പഞ്ചായത്ത് തീരുമാനത്തിന്റേയും പ്രസിഡന്റിന്റെ അംഗീകാരത്തോടെയും സെക്രട്ടറി/മറ്റ് ഉദ്യോഗസ്ഥർ നടത്തുന്ന ഏതൊരു നടപടിക്കും പ്രവൃത്തിക്കും പഞ്ചായത്തിനും പ്രസിഡന്റിനും ഉത്തരവാദിത്വമുണ്ട്. പഞ്ചായത്ത് തീരുമാനത്തിന്റേയും പ്രസിഡന്റിന്റെ അംഗീകാരത്തിന്റേയും അടിസ്ഥാനത്തിൽ നടത്തുന്ന/നിർവ്വഹണം നടത്തുന്ന ഏതൊരു പ്രവൃത്തിയിലും പ്രോജക്ടിലും ക്രമക്കേട് കണ്ടെത്തിയാൽ സെക്രട്ടറിയെക്കൂടാതെ തീരുമാനം പാസ്സാക്കിയ ഭരണസമിതി അംഗങ്ങൾക്കും അംഗീകാരം നൽകിയ പ്രസിഡന്റിനും ഉത്തരവാദിത്വമുണ്ട്. പഞ്ചായത്ത് തീരുമാനവും പ്രസിഡന്റിന്റെ അനുമതിയും ആവശ്യമുള്ള സംഗതിയിൽ ഇതു രണ്ടും കൂടാതെ പ്രവൃത്തിക്കുന്നതുമൂലം സംഭവിക്കുന്ന ക്രമക്കേടിനും ധനനഷ്ടത്തിനും പാഴ്ചെലവിനും സെക്രട്ടറി മാത്രമായിരിക്കും ഉത്തരവാദിയെന്ന കാര്യത്തിൽ സംശയമില്ല.

ജനാധിപത്യ സംവിധാനത്തിൽ യഥാർത്ഥ ഭരണാധികാരികൾ ഉദ്യോഗസ്ഥരല്ല. അപ്പോൾ ഭരണം നടത്തുന്നവർ അതുമൂലമുണ്ടാകുന്ന എല്ലാ ക്രമക്കേടുകൾക്കും സാമ്പത്തിക നഷ്ടത്തിനും ഉത്തരവാദികളാകണമല്ലോ. പഞ്ചായത്ത് തീരുമാനത്തിന്റേയും പ്രസിഡന്റിന്റെ ചെലവാനുമതിയോടെയും നടത്തുന്ന ചെലവുകൾ ഓഡിറ്റിൽ തടസ്സപ്പെടുത്തുകയോ നിരാകരിക്കുകയോ ചെയ്താൽ അതിന്റെ ഉത്തരവാദിത്വവും ബാധ്യതയും ഭരണ സമിതി അംഗങ്ങളിലും പ്രസിഡന്റിലും കൂടി ചുമത്തേണ്ടതാണ്. പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിലും പ്രസിഡന്റിന്റെ അറിവോടെയും അംഗീകാരത്തോടെയും നടത്തപ്പെടുന്ന ഏതൊരു നടപടികളുടെ പേരിലും അന്വേഷണമോ (വിജിലൻസ് അന്വേഷണമുൾപ്പെടെ) കേസോ ഉണ്ടായാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനോടൊപ്പം ഭരണസമിതി അംഗങ്ങളേയും കക്ഷി ചേർക്കേണ്ടതാണ്.

ലേഖകൻ പഞ്ചായത്ത് വകുപ്പിൽ നിന്നും ഡെപ്യൂട്ടി ഡയറക്ടറായി റിട്ടയർ ചെയ്തയാളാണ്.

അന്ന് ക്ലാസ്സിൽ മലയാളം മാഷ് കുട്ടികളോട് ചോദിച്ചു

ഇന്നത്തെ വേഷവിധാനങ്ങൾ വച്ച് ആണിനെയും പെണ്ണിനെയും തിരിച്ചറിയുന്നതെങ്ങനെയെന്ന്. കുട്ടികൾ ആശ്ചര്യത്തോടെ മുഖത്തോടുമുഖം നോക്കി. പത്താം തരം ക്ലാസ്സിലെ കുട്ടികളായതിനാൽ പരിഭ്രമമില്ലാതെ കമന്റുകൾ ഓരോന്നായി വന്നു.

നിമ്നോന്നത ഭാഗങ്ങൾ നോക്കിയേ അതിനു കഴിയൂ.

മാഷിന്റെ മറുപടികേട്ട് എല്ലാവരും പൊട്ടിച്ചിരിച്ചു.

അപ്പു മാറാല കെട്ടിയ മനസ്സിൽ നിന്നും ഓർമ്മയുടെ ചിത്രങ്ങൾ പതിയെ പരതുകയാണ്. പുറത്ത് നിർത്താതെ പെയ്യുന്ന വേനൽമഴ അവൻ ശ്രദ്ധിച്ചതേയില്ല. മുറ്റത്തെ മാവിൽ നിറയെ കായ്ച്ചുകിടക്കുന്ന മൽഗോവ മാങ്ങ കാറ്റത്താടിയുലയുന്നു. അപ്പു നട്ടുവളർത്തിയ മുന്തിരിവള്ളിയിൽ നിന്നും മഴവെള്ളം ഇറ്റുവീഴുന്നതും അവൻ നോക്കിയില്ല. ഗൃഹാതുരമായ ഓർമ്മകളുമായി അവൻ പിന്നെയും യാത്രതുടർന്നു. ആണിനെയും പെണ്ണിനെയും വേഷഭൂഷാധികൾക്കിടയിൽ തിരിച്ചറിയാനുള്ള വിദ്യ പറഞ്ഞുതന്ന മാഷ് എന്തേ ഒരു പെണ്ണിനെ നേരെ മനസ്സിലാക്കാനുള്ള വഴി പറഞ്ഞു തന്നില്ല. തെല്ലു പരിഭവത്തോടെ അവൻ ചിന്തിച്ചു.

ഒരു നിമിഷം തരൂ നിന്നിലലിയാൻ

ഒരു യുഗം തരൂ നിന്നെയറിയാൻ

ഈ വരികൾ കോറിയിട്ട കവി എത്രയോ മുൻപേ അത് പറഞ്ഞു വച്ചു പോയി.

സ്കൂളിൽ അവനെ പ്രണയിക്കാൻ ഓടിയെത്തിയ കൊച്ചുസുന്ദരി അത്തരമൊരാളായിരുന്നോ? കീഴ്ചുണ്ടു കടിച്ച് പ്രണയാർദ്രഭാവങ്ങൾ കാട്ടിയ അവളെ ശ്രദ്ധിക്കാൻ അപ്പുവിനു കഴിഞ്ഞിരുന്നില്ല.പക്ഷേ

കണ്ണീർമഴയത്ത്

വി.എസ്.ബിജുകുമാർ

കൂട്ടുകാരികൾക്കൊപ്പം വന്ന് അവൻ പോകുന്ന വഴിയിലെല്ലാം പേരുചൊല്ലി പാട്ടുപാടിപോകുന്ന ആ പാവാടക്കാരി അവനെ വിടുന്ന ലക്ഷണമില്ലായിരുന്നു. രാജി, അവൾ ഓരോ നിമിഷവും അവനിലേക്കടുക്കാൻ വെമ്പൽ കാട്ടി. അവന്റെ പ്രണയം അവളോടല്ലായിരുന്നു.മറിച്ച് സാമൂഹ്യമാറ്റത്തിനുള്ള കാഹളമുയർത്താനും പൊരുതാനുമായിരുന്നു അവന്റെ മനസ്സ് തുടികൊട്ടി കൊണ്ടിരുന്നത്.

കാലപ്രവാഹത്തിൽ അവർക്ക് ജീവിതത്തിന്റെ പല വഴികളിലൂടെ സഞ്ചരിക്കേണ്ടിവന്നു. അപ്പു എല്ലാവരുമായി സൗഹൃദം കാട്ടിയും സ്നേഹിച്ചും സ്വന്തം വഴിത്താരയിൽ നടന്നു നീങ്ങി. രാജി പുതിയ പച്ചപ്പുകൾ തെരഞ്ഞെടുത്ത് ജീവിതം കെട്ടിപ്പടുത്തു, ഭാര്യയായി, കുടുംബിനിയായി..... അവൾ മറ്റൊരു വഴിയിലൂടെ സ്വപ്നങ്ങൾ പൂവണിയിക്കാൻ തുടങ്ങി.

ഋതുക്കൾ മാറി മറിഞ്ഞു കൊണ്ടിരുന്നു. ഗ്രാമത്തിൽ നിന്നും അപ്പു നഗരഹൃദയത്തിലേയ്ക്ക് യാത്ര ആരംഭിച്ചു. പുതിയ പാഠ്യ ഭാഗങ്ങൾ ഹൃദ്യസ്ഥമാക്കാൻ.

ഫിലിപ്പോസ് സർ പറയുകയാണ്: India is an agriculture country. Indian farmers are born in debt live in debt and die in debt.

അടുത്ത പീരിയഡിൽ വന്ന ശ്രീധരൻമാഷ് പറഞ്ഞത്: Debit what comes in and credit what goes out

debt - ഉം debit - ഉം ഒന്നും അപ്പുവിന് മനസ്സിലായില്ല. ഇതൊന്നുമല്ല ജീവിതത്തിന്റെ നീതിശാസ്ത്രങ്ങളെന്ന് അവൻ അറിയാൻ പോകുന്നതേ ഉണ്ടായിരുന്നുള്ളു.

അക്കാലത്ത് അവനിലേക്കെത്തിയ പെൺകുട്ടിയെ വല്ലാതെ ഇഷ്ടപ്പെടുകയുണ്ടായി. അവൾക്ക് ആവോളം വാത്സല്യം നുകർന്നു നൽകി.അവളുടെ നാസികാഗ്രത്തിൽ പിടിച്ചാണവൻ തന്റെ സ്നേഹപ്രകടനം നടത്തിയത്. കീഴ്താടിയിലെ അവളുടെ മറുകിനെ ചൂണ്ടി അവൻ പറയാറുണ്ട് ഈ മറുക് എന്റേതാണു മുന്നീ. അവൾക്കതുകേൾക്കാൻ ഇഷ്ടമായിരുന്നു.അവനാഗ്രഹിക്കുന്നതെന്തും ഒരു പിടി മുൻപേ മനസ്സിലാക്കുന്നവളായിരുന്നു മുന്നീ. അവന്റെ മുറിയും മേശപ്പുറവും കിടക്കയുമെല്ലാം ആരും പറയാതെ തന്നെ അവൾ വൃത്തിയാക്കി സൂക്ഷിച്ചിരുന്നു. ഒഴിവു സമയങ്ങളിൽ കട്ടിലിൽ അവന്റെ ഓരത്ത്വന്നിരുന്ന് തലയിൽ വിരലോടിച്ചുകൊണ്ട് അവൾ പറയുന്നതെല്ലാം അവൻ കൗതുകത്തോടെ കേട്ടുകൊണ്ടിരുന്നു.എന്തോ അവളുടെ സാമിപ്യം അവനെ വല്ലാത്തൊരാനന്ദാവസ്ഥയിലെത്തിച്ചിരുന്നു.അവൾ സങ്കടപ്പെടുന്നതോ കരയുന്നതോ അവനിഷ്ടമില്ലായിരുന്നു.കാരണം ഒരു കുഞ്ഞിനെയെന്നവണ്ണം അവളെ ലാളിക്കാനായിരുന്നു അവനിഷ്ടം. ചെറിയ പരിഭവങ്ങളും പിണക്കങ്ങളും ഉണ്ടാകുമ്പോൾ അവന്റെ തോളിൽ ഇടിക്കുന്നതാണ് മുന്നിയുടെ പ്രകൃതം.

എന്താ കുട്ട്യോളെ,കളിപ്രായം കഴിഞ്ഞില്ലേ അടീം ഇടീം കൂടാൻ, നിങ്ങളെന്താ മുന്നാളാണോ?

ഉമ്മറത്തു നിന്നു ആരോ പിറുപിറുക്കുന്നു. എന്നാൽ അവളുടെ സ്നേഹത്തിന്റെ ബഹിർ സ്ഫുരണങ്ങളാണിതെന്ന് അവർക്കറിയില്ലായിരുന്നു. അപ്പു ഇതെല്ലാം കേട്ടു ചിരിച്ചതേയുള്ളു.

എന്നാൽ ഇതൊന്നും തിരിച്ചറിയാത്തവരുടെ ലോകത്താണ് തങ്ങൾ ജീവിക്കുന്നതെന്ന് അവർ അറിഞ്ഞിരുന്നില്ല.അവരുടെ അടുപ്പം ഇഷ്ടപ്പെടാത്തവർ പതുക്കെ കരുക്കൾ നീക്കി തുടങ്ങി. ഇടനാഴിയിലും കോലായിലും അവർ ആരോപണങ്ങളുടെ കുന്തമുന മൂർച്ചക്കൂട്ടിയെടുത്തു. അവരെ തമ്മിൽ എങ്ങനെയെങ്കിലും അകറ്റുകയായിരുന്നു ലക്ഷ്യം.ഒരു ദിവസം മുന്നി അപ്പുവിനോട് സംസാരിക്കുന്നത് കണ്ടിട്ട് നീരസത്തോടെ പറഞ്ഞു.

ഹോ നാശം പിടിച്ചവൾ ഇവിടിങ്ങനെ കുത്തിയിരുന്ന് വാചകമടിക്കാതെ പോയി ഉരുളക്കിഴങ്ങിന്റെ തൊലി ചെത്തെടീ. കേൾക്കാത്ത പാതി അവൾ ഓടി അടുക്കളയിലെത്തി.

പിറ്റേന്ന് അവൾ അപ്പുവിനെ കണ്ടപ്പോൾ പതിയെ തിരക്കി

ചേട്ടാ, ഉരുളക്കിഴങ്ങിന്റെ തൊലി ചെത്തുന്നതെന്തിനാ?

ചോദ്യത്തിലൊളിഞ്ഞിരിക്കുന്ന ഈർഷ്യ മനസ്സിലായെങ്കിലും ഒരു ദീർഘനിശ്വാസം മാത്രമായിരുന്നു അപ്പുവിന്റെ മറുപടി.

ചെറിയ ഇടവേളയ്ക്കുശേഷം എല്ലാരും ചേർന്നുള്ള വിനോദയാത്ര പ്ലാൻ ചെയ്ത സന്തോഷത്തിലായിരുന്നു കുട്ടികളെല്ലാം.വണ്ടിയിൽ കയറാം, കാഴ്ചകൾ കാണാം, അവർ മനക്കോട്ട കെട്ടി. ഒരു ദിവസത്തെ വിനോദയാത്ര കഴിഞ്ഞ് നിറഞ്ഞ മനസ്സോടെ തിരിച്ചെത്തി. രാത്രി അപ്പുവിനൊപ്പം പോകാനിറങ്ങിയ മുന്നിയെ വിലക്കികൊണ്ട് ആജ്ഞ വന്നു.

മൂധേവി, പാതിരാത്രി കെട്ടിയിറങ്ങുന്നു. കേറടി അകത്തോട്ട്.

അവൾ തല കുമ്പിട്ട് അകത്തേയ്ക്ക് നടന്നു.അപ്പുവിന്റെ നിഴൽ ഇരുട്ടിൽ അലിഞ്ഞില്ലാതായി.

ചെറിയ പ്രായത്തിലെ ഇത്തരം നൊമ്പരപ്പെടുത്തുന്ന അനുഭവങ്ങൾ അവനെ ഇരുത്തി ചിന്തിപ്പിച്ചു. പിന്നീട് അവന്റെ അമ്മയോട് എല്ലാ പരിഭവങ്ങളും പങ്കു വച്ചു. അമ്മയുടെ തോളിലെ തോർത്തിനുള്ളിൽ മുഖമൊളിപ്പിച്ച് അവൻ തിരക്കി

എന്തിനാമ്മേ ഇങ്ങനെയൊക്കെ ഓരോരുത്തരും പെരുമാറുന്നത്?

ഓ, നീയതൊന്നും കാര്യമാക്കേണ്ട.

അമ്മ ആശ്വസിപ്പിക്കാനാണോ അങ്ങനെ പറഞ്ഞത്. അവൻ ശങ്കിച്ചു.

അവരെ വേർപ്പെടുത്താനാഗ്രഹിച്ചു ഉപായം തേടി നടന്നവർ ഒടുവിൽ അപ്പുവിന്റെ അമ്മയെ തന്നെ വലയിലാക്കി.അവർ രണ്ടാളും അപ്പോഴും കഥകളൊന്നുമറിഞ്ഞിരുന്നില്ല. ഒടുവിൽ മുന്നിയുടെ അച്ഛനിലൂടെ അപ്പുവിനെ കുറ്റക്കാരനായി ചിത്രീകരിച്ച് അവർ സായൂജ്യമടഞ്ഞു. യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കാതെ എല്ലാം അവന്റെ തലയിൽ ചാരി അവർ മന്ദസ്മിതം തൂകി. ആഗ്രഹിച്ചതുപോലെ വഞ്ചി കടവിലെത്തിയതിന്റെ സന്തോഷത്തിലായിരുന്നു എല്ലാവരും. ◆

16-ാം പേജിൽ നിന്നും തുടർച്ച

ജൂൺ 21ന് കൊച്ചി (09° 58′ ഉ.അ) നഗരത്തിൽ പകലിന്റെ ദൈർഘ്യം 12 മണിക്കൂർ 34 മിനിട്ടുമാണെങ്കിൽ ന്യൂയോർക്ക് (40° 43′ ഉ.അ.) നഗരത്തിൽ ഇത് 15 മണിക്കൂറാണ്. ഈ ദിവസം ഇവിടങ്ങളിൽ രാത്രി ദൈർഘ്യം യഥാക്രമം 11 മണിക്കൂർ 26 മിനിട്ട്, 9 മണിക്കൂർ വീതമായിരിക്കുമല്ലൊ. ഉത്തര അയനാന്ത ദിവസം ഉത്തരധ്രുവത്തിലെ ആർട്ടിക് പ്രദേശത്ത് (90° അ.) പകലിന്റെ ദൈർഘ്യം 24 മണിക്കൂറാണ്. ഇവിടെ ആറു മാസം പകലും ആറ് മാസം രാത്രിയുമാണ്. ഡിസംബർ 21ന് അതായത് ദക്ഷിണ അയനാന്ത ദിവസം കൊച്ചി നഗരത്തിലെ പകലിന്റെ ദൈർഘ്യം 11 മണിക്കൂർ 26 മിനിട്ടും ന്യൂയോർക്ക് നഗരത്തിലേത് 9 മണിക്കൂറുമായിരിക്കും. അന്ന് ഉത്തരധ്രുവത്തിൽ പകലില്ല. 24 മണിക്കൂറും രാത്രിയായിരിക്കും.

വസന്ത വിഷുവം (മാർച്ച് 21) മുതൽ ശരത് വിഷുവം (സപ്തംബർ 22) വരെ 6 മാസം ഉത്തര ധ്രുവത്തിനു ദിവസത്തിലെ 24 മണിക്കൂറും സൂര്യരശ്മികൾ പതിക്കുന്നു. വളരെ ചരിഞ്ഞു പതിക്കുന്ന രശ്മികൾക്ക് ഊർജ്ജം കുറവായിരിക്കുമെങ്കിലും വെളിച്ചമുണ്ടാകും. സെപ്റ്റംബർ 22 മുതൽ അടുത്ത മാർച്ച് 21 വരെ ഉത്തര ധ്രുവത്തിൽ സൂര്യരശ്മികൾ പതിക്കുന്നതേയില്ല. ദക്ഷിണ ധ്രുവത്തിൽ ഇത് നേരെ വിപരീതമായിരിക്കും. ആയതിനാലാണ് ധ്രുവപ്രദേശങ്ങളിൽ ആറു മാസം പകലും ആറു മാസം രാത്രിയും ഉണ്ടാകുന്നത്. ധ്രുവ പ്രദേശങ്ങളിൽ സൂര്യരശ്മികൾ ലംബമായി പതിക്കുന്നേയില്ല. അതിനാൽ ഇവിടങ്ങളിൽ സൗരോർജ്ജ താപം വളരെ കുറവാണ്. പോരാത്തതിന് വർഷത്തിൽ പകുതിസമയം സൂര്യരശ്മികൾ തീരെ പതിക്കുന്നുമില്ല. അതുകൊണ്ടാണ് ധ്രുവ പ്രദേശങ്ങളിൽ ഏറ്റവും കൂടുതൽ മഞ്ഞുമലകൾ (ഗ്ലേസ്യേർസ്) കാണപ്പെടുന്നത്.

വിഷുവം ദിവസങ്ങളിൽ (മാർച്ച് 21നും സെപ്റ്റംബർ 22നും) ഭൂമിയിൽ എല്ലായിടത്തും 12 മണിക്കൂർ പകലും 12 മണിക്കൂർ രാത്രിയുമായിരിക്കുമെങ്കിലും സൗരോർജ്ജ തീക്ഷ്ണത വ്യത്യാസപ്പെട്ടിരിക്കും. അന്ന് ഭൂമദ്ധ്യരേഖാ പ്രദേശങ്ങളിൽ സൗരോർജ്ജ പതനം ഏറേറവും കൂടുതലും ധ്രുവ പ്രദേശങ്ങളിൽ ഏറ്റവും കുറവുമായിരിക്കും. കേരളത്തിലെ ഒരാൾക്ക് പകലിന്റെ ദൈർഘവ്യത്യാസം കാര്യമായി അനുഭവപ്പെടുകയില്ല. കാരണം കേരള സംസ്ഥാനം ഭൂമദ്ധ്യരേഖയ്ക്കടുത്താണല്ലോ. ഭൂമദ്ധ്യരേഖയിൽ എല്ലാകാലത്തും 12 മണിക്കൂർ പകലും 12 മണിക്കൂർ രാത്രിയുമാണ്. എന്നാൽ സൗരോർജ്ജ തീക്ഷ്ണത മാറിക്കൊണ്ടിരിക്കും. വിവിധ കാലങ്ങളിൽ ഭൂമിയിൽ പതിക്കുന്ന സൗരോർജ്ജ തീക്ഷ്ണതാ വ്യത്യാസങ്ങളാണ് ഇന്ന് നാം അനുഭവിക്കുന്ന അല്ലെങ്കിൽ ആസ്വദിക്കുന്ന ഋതുഭേദങ്ങൾക്കുള്ള അടിസ്ഥാന കാരണം.



ഒരു വർഷത്തിൽ സൂര്യരശ്മികൾ ലംബമായി പതിക്കുന്ന അക്ഷാംശങ്ങൾ
23 1/2° ഉത്തരത്തിലും 23 1/2° ദക്ഷിണത്തിനും ഇടയിൽ

ലേഖകൻ CWRDM-ൽ ശാസ്ത്രജ്ഞനാണ്

◆

ടി. ഷാഹുൽഹമീദ്

ജീവനോപാധി മേഖലയിൽ കുടുംബശ്രീ ചരിത്ര നേട്ടത്തിലേക്ക്

കേരളീയ സമൂഹത്തിലെ സ്ത്രീ ജീവിതത്തെ ആഴത്തിൽ സ്പർശിക്കുകയും അഭിമാനബോധം വളർത്തി പ്രതീക്ഷകളുടെയും അഭിവൃദ്ധിയുടെയും ഒരു നവലോകം തുറന്ന് കൊടുക്കുകയും ചെയ്ത പ്രസ്ഥാനമാണ് കുടുംബശ്രീ. ഭൂഗണ്ഡാന്തരങ്ങളും കടന്ന് കുടുംബശ്രീയുടെ പേരും പെരുമയും പടർന്ന് പന്തലിച്ചിരിക്കുന്നു. രാജ്യത്തെ പുതിയ പ്രധാനമന്ത്രി മാതൃകാപരമായ പദ്ധതികളെ കുറിച്ച് പാർലമെന്റിൽ നയം വ്യക്തമാക്കുമ്പോൾ കേരളത്തിലെ കുടുംബശ്രീയുടെ വിജയഗാഥ പറയുകയും രാജ്യത്താകമാനം ഈ മാതൃക വ്യാപരിപ്പിക്കുമെന്ന് പ്രഖ്യാപിക്കുകയുമുണ്ടായി. കേരളത്തിലെ 41 ലക്ഷം കുടുംബശ്രീ പ്രവർത്തകർ ആത്മഹർഷത്തോടെയാണ് പ്രധാനമന്ത്രിയുടെ വാക്കുകൾ വരവേറ്റത്.

മെച്ചപ്പെട്ട തൊഴിലും സുസ്ഥിര വരുമാനവും ലക്ഷ്യമാക്കി കുടുംബശ്രീ നിരവധി പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. പുരുഷമേധാവിത്വത്തിൽ ഉള്ള കേരളീയ തൊഴിലിടങ്ങളിൽ കുടുംബശ്രീ പ്രവർത്തകരെ കൈപിടിച്ച് കൊണ്ട് പോയി പൊതു സമൂഹത്തിൽ മാന്യമായി ജീവിക്കാനുള്ള പ്രതലം ഒരുക്കുകയാണ് കുടുംബശ്രീ ചെയ്തു കൊണ്ടിരിക്കുന്നത്. കുടുംബശ്രീ പ്രവർത്തകർ കൈവയ്ക്കാത്ത ഒരു മേഖലയും ഇന്നില്ല, പൊതുനിരത്തിലും വീടുകളിലും മാലിന്യം സംസ്കരിക്കുന്നവരായിരുന്ന മുൻകാല ചരിത്രത്തിൽ നിന്ന് വ്യത്യസ്തമായി, വലിയ കെട്ടിടങ്ങളുടെ നിർമ്മാണ ജോലി എടുക്കുന്ന വുമൺ കൺസ്ട്രക്ഷൻ ഗ്രൂപ്പായും, രാജ്യാന്തരമേളകളിലെ രുചിവൈവിധ്യങ്ങൾ ഉണ്ടാക്കുന്ന കുടുംബശ്രീ ഗ്രൂപ്പുകളായും, പൊതുനിരത്തുകളിൽ യാതൊരു സങ്കോചവുമില്ലാതെ വാഹനം ഓടിക്കുന്ന കുടുംബശ്രീ ട്രാവൽസ് ഗ്രൂപ്പുകളായും, വൻകിട കമ്പനികളെപ്പോലും പിന്നിലാക്കുന്ന അടിസ്ഥാന സൗകര്യങ്ങളും പരിശീലനവും നേടി കേന്ദ്രഗവൺമെന്റിന്റെ പ്രോട്ടോകോൾ

മെച്ചപ്പെട്ട തൊഴിലും സുസ്ഥിര വരുമാനവും ലക്ഷ്യമാക്കി കുടുംബശ്രീ നിരവധി പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. പുരുഷമേധാവിത്വത്തിൽ ഉള്ള കേരളീയ തൊഴിലിടങ്ങളിൽ കുടുംബശ്രീ പ്രവർത്തകരെ കൈപിടിച്ച് കൊണ്ട് പോയി പൊതു സമൂഹത്തിൽ മാന്യമായി ജീവിക്കാനുള്ള പ്രതലം ഒരുക്കുകയാണ് കുടുംബശ്രീ ചെയ്ത് കൊണ്ടിരിക്കുന്നത്.

പ്രകാരം ഉല്പ്പാദിപ്പിക്കുന്ന ന്യൂട്രിമിക്സ് ഗ്രൂപ്പുകളായും, ഭക്ഷ്യസുരക്ഷയ്ക്ക് കേരളത്തിന് ആവശ്യമായ മുഴുവൻ കാർഷിക ഉൽപ്പന്നങ്ങളും വിളയിക്കാൻ പരിശ്രമിക്കുന്ന കൂട്ടുത്തരവാദിത്വ കാർഷിക ഗ്രൂപ്പുകളായും, മൃഗസംരക്ഷണ മേഖലയിൽ ആട്, പശു, മുയൽ, കോഴി എന്നിങ്ങനെയുള്ള വളർത്ത് മൃഗങ്ങളെ വളർത്തി വരുമാന വർദ്ധനവ് ഉണ്ടാക്കുന്ന ഗ്രൂപ്പുകളായും, അനന്തസാധ്യതകളുള്ള അപ്പാരൽ മേഖലയിൽ

സ്ത്രീകൾ സംഘടിച്ച് വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പ്രവർത്തിക്കുന്ന അപ്പാരൽ ഗ്രൂപ്പുകളായും, സർക്കാരിന്റേ തടക്കം വിവിധ ഐ.ടി. ജോലികൾ ചെയ്യുന്ന കുടുംബശ്രീ ഐ.ടി. ഗ്രൂപ്പുകളായും, ജീവിത ശൈലീ രോഗങ്ങൾ കൊണ്ട് പൊറുതി മുട്ടുന്ന കേരളീയർക്ക് തെളിനീർ ആശ്വാസമായി ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന സാന്ത്വനം വോളണ്ടിയർ ഗ്രൂപ്പായും, വ്യത്യസ്തങ്ങളായ ചെറുകിട സൂക്ഷ്മ സംരംഭങ്ങൾ നടത്തുന്ന മറ്റനേകം ഗ്രൂപ്പുകളായും കുടുംബശ്രീ പ്രവർത്തകർ ഇന്ന് കേരളത്തിൽ തൻമയത്തോടെ പ്രവർത്തിച്ച് വരുന്നു.

ജനുവരി 26 ന് കൂട്ടായ്മയുടെ നിദർശനമായി അയൽക്കൂട്ട ഒത്തുചേരൽ നടത്തി സ്വയം അവസ്ഥ വിലയിരുത്തി അംഗങ്ങളുടെ ആവശ്യങ്ങളും നേട്ടങ്ങളും ഒപ്പിയെടുത്ത്, കോട്ടങ്ങളെക്കുറിച്ച് ഉള്ളുതുറന്ന് ചർച്ചയും പരിഹാര നിർദ്ദേശവും ഉണ്ടാക്കി വ്യത്യസ്തങ്ങളായ ആവശ്യം ഉന്നയിച്ചവർക്ക് പ്രത്യേക പരിശീലനം നൽകി സംരംഭമേഖലയിലേക്കും മറ്റ് ജീവിതോപാധി മേഖലയിലേക്കും കൈപിടിച്ച് ഉയർത്തികൊണ്ട് വരിക എന്നതാണ് കുടുംബശ്രീ ചെയ്തുവരുന്ന പ്രവർത്തനം. ദാരിദ്ര്യ നിർമ്മാർജ്ജനം, പൂർണ്ണമായും നടത്തണമെങ്കിൽ ദരിദ്രർ, ദാരിദ്ര്യത്തിലേക്ക് വഴുതി വീഴാൻ സാധ്യതയുള്ളവർ എന്നിവരെ കത്തി പ്രചോദിപ്പിച്ച് വൈദഗ്ധ്യം നൽകി വ്യത്യസ്തങ്ങളായിട്ടുള്ള ജീവിതോപാധി പ്രവർത്തനങ്ങളിൽ ഏർപ്പെടുത്തേണ്ടതായിട്ടുണ്ട്. സബ്സിഡി കേന്ദ്രഗവൺമെന്റ് ഘട്ടംഘട്ടമായി നിർത്താൻ ആലോചിക്കുമ്പോൾ കുടുംബശ്രീ സംസ്ഥാന ഗവൺമെന്റിന്റെ സഹായത്തോടെ 2014-15 വർഷത്തിൽ 4 മാസത്തിനകം തന്നെ 700 ഓളം സംരംഭകർക്ക് 5.3 കോടി രൂപ വിതരണം ചെയ്ത്, തുല്യതയില്ലാത്ത പ്രവർത്തനം കാഴ്ചവച്ചിരിക്കുകയാണ്.

കേരളത്തിൽ ഇന്ന് കുടുംബശ്രീയുടെ നേതൃത്വത്തിൽ ഉള്ള 50,000 ഓളം സൂക്ഷ്മ സംരംഭങ്ങൾക്ക് ആവശ്യമായ തുടർസഹായം ഒരുക്കി ഗുണമേന്മയും മൂല്യവും ഉള്ള ഒരു ഉല്പാദക-സേവന-വിതരണ സംഘമായി പ്രവർത്തിക്കുവാനാണ് കുടുംബശ്രീ ലക്ഷ്യമിടുന്നത്. വ്യക്തിഗത സംരംഭങ്ങൾ ആരംഭിക്കുമ്പോൾ പരിശീലനങ്ങളും 7500/- രൂപ സ്ബസിഡിയും നൽകുകയും ഗ്രൂപ്പ് സംരംഭങ്ങൾ ആരംഭിക്കുമ്പോൾ പരിശീലനത്തിന് പുറമേ 10,000/- രൂപ സബ്സിഡി കുടുംബശ്രീ നൽകി വരുന്നുണ്ട്.

കഴിഞ്ഞ സാമ്പത്തിക വർഷം കുടുംബശ്രീയുടെ വിജയഗാഥയുടെ വർഷമാണ്, സർക്കാർ അനുവദിച്ച 90 കോടി രൂപയും സമയബന്ധിതമായി ചിലവഴിക്കുവാൻ കുടുംബശ്രീ പ്രസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. ഈ പ്രാവശ്യം ബഡ്ജറ്റിൽ വകയിരുത്തിയ 114 കോടിരൂപ ഫലപ്രദമായി ചിലവഴിക്കുന്നതിന് വേണ്ടിയിട്ടുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ 750 കോടി രൂപ വിവിധ ബാങ്കുകളിൽ കുടുംബശ്രീ പ്രവർത്തകർ വ്യത്യസ്ഥങ്ങളായ ആവശ്യങ്ങൾക്ക് വേണ്ടി കഴിഞ്ഞ വർഷം ലോണെടുത്തിട്ടുണ്ട്. 2 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒഴികെ ബാക്കി മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ആശ്രയ പദ്ധതി ആരംഭിക്കുവാൻ സാധിച്ചു. 104 സ്ഥലങ്ങളിൽ പുതുതായി ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ ആരംഭിച്ചു. സ്ത്രീകൾക്ക് നിർഭയത്തോടെ ജീവിക്കുവാനുള്ള പ്രവർത്തനത്തിന് ക്രൈം മാപ്പിംഗ് സംവിധാനം ആരംഭിച്ചു. കുടുംബശ്രീ പ്രവർത്തനം മാതൃകയാക്കി ദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനം നടത്താൻ 11 സംസ്ഥാനങ്ങൾ മുന്നോട്ടുവരികയും 5 സംസ്ഥാനങ്ങൾ ധാരണ ഉണ്ടാക്കുകയും ബാക്കിയുള്ള സംസ്ഥാനങ്ങളുമായി ഉടൻ ധാരണയിൽ എത്തുന്നതാണ്. ഇന്ത്യാ ഇന്റർനാഷണൽ ട്രേഡ് ഫെയറിൽ കഫേ കുടുംബശ്രീക്ക് സ്വർണമെഡലും വുമൺ കൺസ്ട്രക്ഷൻ ടീമിന് ഹഡ്കോയുടെ ഗോൾഡ് മെഡലും ലഭിച്ചു. 142 പഞ്ചായത്തുകളിൽ ആട്ഗ്രാമം പദ്ധതിയും, 16 പഞ്ചായത്തുകളിൽ ക്ഷീരസാഗരം പദ്ധതിയും വ്യാപിപ്പിക്കുവാൻ സാധിച്ചു. കേരള വെറ്ററിനറി അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുമായി സഹകരിച്ച് പ്രവർത്തിച്ച് കൂടുതൽ തൊഴിലവസരങ്ങളുള്ള കോഴ്സുകൾ പഠിക്കുവാൻ കുടുംബശ്രീ പ്രവർത്തകർക്ക് അവസരം ലഭിക്കാൻ പോകുകയാണ്. ഈ വർഷം പരമാവധി സിഡിഎസുകളിൽ മൃഗസംരക്ഷണ മേഖലയിലെ പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിന് ആവശ്യമായി ബ്ലോക്ക് കോ-ഓർഡിനേറ്റർമാർ കുടുംബശ്രീ ഇതിനോടകം നിയമിച്ചിട്ടുണ്ട്. അഭ്യസ്ഥവിദ്യരായ യുവതീയുവാക്കളെ കുടുംബശ്രീ സംവിധാനത്തിലൂടെ ആർജ്ജിച്ച മികവാർന്ന തൊഴിലധിഷ്ഠിത കോഴ്സുകൾ പഠിപ്പിച്ച് ജോലി വാങ്ങിച്ച് കൊടുക്കാൻ ഉദ്ദേശിക്കുന്ന ആജീവിക പദ്ധതിയും കുടുംബശ്രീയിലൂടെ നടപ്പിലാക്കാൻ പോകുന്നു. ഇതിനാവശ്യമായി കേരളത്തിലെ എല്ലാ ബ്ലോക്കുകളിലും ബ്ലോക്ക് കോ-ഓർഡിനേറ്റർമാരെ നിയമിച്ച് കഴിഞ്ഞിരിക്കുന്നു. ഗൗരവമേറിയ പഠനത്തിനായി മുംബൈ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസു

കഫേ കു ടും ബ ശ്രീ മേളകൾ മാത്രം നടത്തി 3.22 കോടി രൂപയും 1434 മാസച്ചന്തകൾ നടത്തി 4.51 കോടി രൂപയുടെ ഉല്പന്നങ്ങളും വിറ്റഴിക്കാൻ സാധിച്ചു. പ്രാദേശിക ചന്തകൾ നടത്തി 33.79 കോടി രൂപയുടെ കച്ചവടം നടത്താൻ കുടുംബശ്രീ സംരംഭങ്ങൾക്ക് സാധിച്ചു. കാർഷിക മേഖലയിൽ 26438 ഹെക്ടറിൽ കൃഷി ചെയ്ത് 108 കോടി രൂപ ബാങ്കുകളിൽ വായ്പയെടുക്കുവാനും സാധിച്ചു. 10936 മാസ്റ്റർ കർഷകരെ തെരഞ്ഞെടുത്ത് പരിശീലനം നടത്തുകയും 152 ബ്ലോക്ക് കോ-ഓർഡിനേറ്റർമാരെ മഹിളാ കിസാൻ സശാക്തീകരൺ പരിയോജന പദ്ധതി പ്രകാരം നിയമിക്കുവാനും, 936 ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുവാനും 182 വില്ലേജുകളിൽ കാർഷിക ഉല്പന്നങ്ങൾ വിറ്റഴിക്കുവാനുള്ള മാർക്കറ്റുകൾ സ്ഥാപിക്കുവാനും ഈ കാലയളവിൽ സാധിച്ചിട്ടുണ്ട്. കുടുംബശ്രീ ഉല്പന്നങ്ങൾ സ്ഥിരമായി വിൽപ്പന നടത്തുവാനുള്ള സ്ഥിരം വിൽപ്പന കേന്ദ്രങ്ങൾ കൂടുതൽ സ്ഥലങ്ങളിൽ ആരംഭിക്കുവാൻ ഈ വർഷം പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്. മട്ടുപ്പാവ് കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് സിനിമാ നടിയായ മഞ്ജുവാര്യരെ ബ്രാന്റ് അംബാസിഡറാക്കി കൊണ്ടുള്ള ഒരു തുടർ പരിപാടി ആസൂത്രണം ചെയ്തിട്ടുണ്ട്.

കേരളത്തിന്റെ ഇന്നത്തെ സാമൂഹ്യാവസ്ഥയിൽ ഓരോ വ്യക്തിക്കും തൊഴിലും വരുമാനവും അത്യാവശ്യമാണ്. കുടുംബത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് സ്ത്രീയും പുരുഷനും ജോലിചെയ്യേണ്ടതായിട്ടുണ്ട്. കുടുംബശ്രീ പ്രവർത്തകരെ കുറേക്കൂടി സംരംഭപ്രവർത്തനത്തിലേക്ക് കൊണ്ടുവരുവാൻ കുടുംബശ്രീ സംവിധാനത്തിന് സാധിക്കേണ്ടതായിട്ടുണ്ട്. ഉപഭോഗ സംസ്ഥാനമായ കേരളത്തിന്റെ എല്ലാ സാധ്യതകളും ഉപയോഗിച്ച് സംരംഭപ്രവർത്തനം നടത്തണം. ബ്രാന്റിംഗും ലേബലിംഗും പ്രചര ണവും ഈ രംഗത്ത് കൊണ്ടുവരാൻ കുടുംബശ്രീ പരിശ്രമിക്കുന്നതാണ്. പരമ്പരാഗത രുചികളോടുള്ള ആഭിമുഖ്യം പരമാവധി ഉപയോഗപ്പെടുത്തി വ്യത്യസ്തങ്ങളായ സേവന മേഖലകളിലേയ്ക്ക് കുടുംബശ്രീ പ്രവർത്തകർ വ്യപരിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. 25 ലക്ഷം അന്യസംസ്ഥാന തൊഴിലാളികൾ കേരളത്തിൽ പ്രവർത്തിക്കുന്നു എന്നത് തന്നെ നമ്മുടെ ഈ മേഖലയിലുള്ള നിസംഗതയ്ക്ക് ഉദാഹരണമാണ് സംരംഭപ്രവർത്തനങ്ങൾക്ക്, ടെക്നോളജി ഫണ്ട്, ഇന്നവേഷൻ ഫണ്ട്, റിവോൾവിംഗ് ഫണ്ട്, ക്രൈസിസ് മാനേജ്മെന്റ് ഫണ്ട്, സബ്സിഡികൾ, വൈദഗ്ധ്യ പരിശീലനങ്ങൾ, രണ്ടാംഘട്ട ധനസഹായം, വിപണന സഹായം എന്നിങ്ങനെ സമ്പന്നമായ സഹായ ഹസ്തങ്ങൾ കുടുംബശ്രീയിൽ ഉണ്ടായിട്ടും 41 ലക്ഷം സ്ത്രീകളിൽ വെറും മൂന്നര ലക്ഷം സ്ത്രീകൾ മാത്രമാണ് വിവിധ തൊഴിൽ സംരംഭങ്ങളിലേയ്ക്ക് വന്നിട്ടുള്ളത്. ഈ അവസ്ഥ മാറ്റിയെടുക്കുന്നതിന് മൃഗസംരക്ഷണ മേഖലയിൽ, പശു, ആട്, കോഴി, മുയൽ, പന്നി, പോത്ത്, താറാവ്, കാള എന്നീ മൃഗങ്ങളെ കൂടുതൽ വളർത്തി വരുമാന വർദ്ധനവ് ഉണ്ടാക്കുവാനും, ക്ഷീരസാഗരം, നേച്ചർഫ്രഷ്, ആട്ഗ്രാമം എന്നീ പദ്ധതികളിലെ ഗുണഭോക്താക്കളെ കണ്ണിചേർത്ത് ഒരു ഉൽപ്പാദക കമ്പനി ഉണ്ടാക്കുവാനും കുടുംബശ്രീ ഈ വർഷം ലക്ഷ്യമിടുന്നു. ഭക്ഷ്യ ഉൽപ്പന്ന വിതരണ രംഗത്ത് 100 ൽ പരം ഉൽപ്പന്നങ്ങൾ നിലവിൽ ഉണ്ടാക്കുന്ന കുടുംബശ്രീ അംഗങ്ങൾക്ക് പ്രത്യേക പരിശീലനം നൽകി മറ്റ് വൻകിട കമ്പനി ഉൽപ്പന്നങ്ങൾ പോലെ ആകർഷകമായ പാക്കിംഗ് ബ്രാൻഡിംഗ്, വ ി ല ഏകീകരണം, ഗുണ നിലവാരം ഉറപ്പ് വരുത്തൽ എന്നിവ അടിയന്തിരമായി ചെയ്യുവാൻ കുടുംബശ്രീ ലക്ഷ്യമിടുന്നു. കരകൗശല മേഖല, വിവിധ സർവ്വീസ് ഉപകരണങ്ങൾ, വസ്ത്ര മേഖല, ഡിറ്റർജെന്റ്, ഹോംകെയർ ഉൽപ്പന്നങ്ങൾ, മറ്റ് മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ, കയറ്റുമതി അടക്കം ലക്ഷ്യമിട്ടുള്ള വിവിധ ഉൽപ്പന്നങ്ങൾ, ഹെർബൽ ഉൽപ്പന്നങ്ങൾ, വിവിധ സേവനങ്ങൾ നൽകാൻ തയ്യാറുള്ളവരെ സജ്ജമാക്കൽ, ബയോകമ്പോസ്റ്റ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് വിവിധ ജീവിതോപാധി പ്രവർത്തനങ്ങൾ എന്നിവയ്ക്കായി കുടുംബശ്രീ പ്രത്യേക പരിപാടിയും ജാഗ്രതാപൂർണ്ണമായ നടപടിയും സ്വീകരിക്കുന്നതാണ്.

കേരളത്തിലെ ഏറ്റവും വലിയ സാമൂഹ്യാധിഷ്ഠിത സംഘടനയായ കുടുംബശ്രീ വ്യത്യസ്തങ്ങളായ നയസമീപനങ്ങൾ സ്വീകരിച്ച് അംഗങ്ങളെ തൊഴിൽ മുഖത്ത് എത്തിക്കുവാനും, നിലവിലുള്ള ജീവിതോപാദി പ്രവർത്തനങ്ങളിൽ കൂടുതൽ ഊർജ്ജസ്വലത കൊണ്ട് വന്ന് കേരളത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തി പരമാവധി സഹായങ്ങൾ പ്രസ്തുത പ്രവർത്തനങ്ങൾക്ക് വ്യത്യസ്ത മേഖലകളിൽ നിന്ന് സ്വീകരിച്ച് മുന്നോട്ട് പോകുവാൻ തീരുമാനിച്ചിരിക്കുന്നു. ഭാവനാസമ്പന്നനും കർമ്മകുശലനുമായ കുടുംബശ്രീ ചെയർമാൻ മന്ത്രി ഡോ. എം.കെ. മുനീറിന്റെ പൂർണ്ണ അർത്ഥത്തിലുള്ള പിന്തുണയും സഹായവും ഈ കാര്യത്തിൽ ഉണ്ടായിട്ടുണ്ട് എന്ന് അഭിമാനത്തോടെ ഓർക്കാം. ◆

ലേഖകൻ കുടുംബശ്രീ സംസ്ഥാന മിഷൻ പ്രോഗ്രാം ഓഫീസറാണ്

തദ്ദേശ ഭരണസ്ഥാപനങ്ങളും പദ്ധതിവിഹിത വിനിയോഗവും

ഭരണഘടന ഭേദഗതി വഴി വികസന അധികാരങ്ങൾ വികേന്ദ്രീകരിച്ചു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയപ്പോൾ ജനങ്ങളും ഭരണകർത്താക്കളും വലിയ പ്രതീക്ഷകളും ചെറിയ സ്വപ്നങ്ങളും കണ്ടു. തദ്ദേശ സ്ഥാപനങ്ങൾക്കു സംസ്ഥാന പദ്ധതി തുകയുടെ 33 ശതമാനം നൽകുമെന്ന 1996-97ലെ ഗവൺമെന്റ് പ്രഖ്യാപനം പ്രതീക്ഷകളുടെയും സ്വപ്നങ്ങളുടെയും ആക്കം വർദ്ധിപ്പിച്ചു. 1996-97നുശേഷം മൂന്നു പൂർണ്ണ പഞ്ചവത്സര പദ്ധതികൾ പൂർത്തിയാക്കി പന്ത്രണ്ടാം പദ്ധതിയുടെ മൂന്നാം വർഷത്തിലേക്ക് കടന്നിരിക്കുകയാണ്. ഒന്നര ദശാബ്ദ കാലത്തെ 1209 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര വികേന്ദ്രീകരണ ഭരണം കേരള സമൂഹത്തിൽ സൃഷ്ടിച്ച പരിവർത്തനങ്ങൾ എന്തെല്ലാമാണ്. ജനങ്ങളുടെ സാമൂഹ്യ-സാമ്പത്തിക ജീവിതരീതിയിൽ എന്തെല്ലാം പരിഷ്കരണങ്ങൾ വരുത്തിക്കഴിഞ്ഞു. ഭക്ഷ്യ-വ്യവസായ ഉദ്പാദനവും തൊഴിലും എത്ര കണ്ടു വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു. എല്ലാവർക്കും കുടിവെള്ളം എത്തിക്കുവാനും ഭവനരഹിതർക്കു ഭവനവും ശൗചാലയവും നിർമ്മിച്ചു നൽകുവാൻ കഴിഞ്ഞോ? ആരോഗ്യ രംഗത്ത് ചെലവുകുറഞ്ഞ വൈദ്യശുശ്രൂഷയും രോഗപ്രതിരോധ പ്രവർത്തനങ്ങളും ഏർപ്പെടുത്തി എല്ലാവർക്കും ആരോഗ്യ പരിരക്ഷ നൽകുവാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് എത്രകണ്ടു കഴിഞ്ഞു. തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറപ്പെട്ട സ്കൂളുകളിലെ പഠന നിലവാരം എത്രകണ്ടു ഉയർന്നു. മെച്ചപ്പെട്ട റോഡുകളും, വൈദ്യുതി വിതരണവും എത്ര കണ്ടു ലഭ്യമാക്കി. അങ്കൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കി കുട്ടികളുടെയും ഗർഭിണികളുടെയും പോഷകാഹാരക്കുറവ് എത്രമാത്രം പരിഹരിച്ചു. ഇത്തരം നിരവധി ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തേണ്ടത് അധികാര വികേന്ദ്രീകരണത്തിന്റെ ജയപരാജയങ്ങൾ വിലയിരുത്തുവാൻ അനിവാര്യമാണ്.

കേന്ദ്രീകൃത പദ്ധതി രൂപീകരണം പ്രാദേശികമായ ജനകീയാവശ്യങ്ങൾ ഉൾക്കൊള്ളുകയില്ല. അതുപോലെ പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും ജനപങ്കാളിത്തം ഉണ്ടാവുകയുമില്ല. എന്നാൽ 1994ലെ പഞ്ചായത്ത് രാജ് - നഗരപാലിക നിയമങ്ങൾ ഗ്രാമസഭകൾക്കും വാർഡ് സഭകൾക്കും നൽകുന്ന ഭരണഘടന സംരക്ഷണം ജനകീയ ഇടപെടലുകൾക്ക് അവസരവും സംരക്ഷണവും നൽകിയിട്ടുണ്ട്. സാമൂഹ്യ-സാമ്പത്തിക വികസനവുമായി ബന്ധപ്പെട്ട് ജനകീയാവശ്യങ്ങൾ ചർച്ച ചെയ്യപ്പെടുന്ന ഒരു സാമൂഹ്യ ജനകീയ വേദിയായി ഇതുവഴി ഗ്രാമസഭകൾ രൂപം പ്രാപിച്ചു. ഗ്രാമസഭകൾ വികസന വിഷയങ്ങൾ ഗൗരവമായി ചർച്ച ചെയ്യപ്പെടേണ്ടതാണ്. അതുപോലെ ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങൾ ഗൗരവമായി പരിഗണിച്ചു ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ പ്രോജക്ടുകളായി ഉൾപ്പെടുത്തുകയും വേണം. എന്നാൽ ഗ്രാമസഭയിൽ ചർച്ച ചെയ്യുന്ന എല്ലാ നിർദ്ദേശങ്ങളും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുവാനുള്ള ധനവിഭവം ലഭ്യമാകാതെയും വരും. ഇത്തരം സാഹചര്യത്തിൽ ധനവിഭവ ലഭ്യതയ്ക്കനുസരിച്ച് പ്രോജക്ടുകൾക്ക് മുൻഗണന നിർണ്ണയിക്കേണ്ടതായി വരും. എന്നാൽ മുൻഗണന നിർണ്ണയം സാമൂഹ്യ നീതിയും, സാമൂഹ്യ സമത്വവും ഉൾക്കൊണ്ടു ശാസ്ത്രീയവും യുക്തിസഹജവുമായ മാനദണ്ഡങ്ങൾക്കനുസരിച്ചായിരിക്കണം. അത് ജനങ്ങൾക്ക് ബോധ്യപ്പെടുകയും വേണം. അതുപോലെ വികസനാവശ്യങ്ങൾ രാഷ്ട്രീയാധിഷ്ഠിതവുമായിരിക്കുകയുമരുത്. വ്യക്തിഗത ആവശ്യ

ങ്ങളും സാമൂഹ്യാവശ്യങ്ങളും ചർച്ച ചെയ്യുമ്പോൾ മുൻഗണനാ നിർണ്ണയം പ്രധാന ഘടകമാണ്. ഒരു ബഹുവർഗ്ഗ സമൂഹത്തിൽ ജാതി, മതം, സമ്പത്ത്, വിദ്യാഭ്യാസം, ഭാഷ, സംസ്കാരം ഇവയെല്ലാം പരിഗണിച്ചുകൊണ്ടുള്ള വികസനാവശ്യ നിർണ്ണയ മാനദണ്ഡം ഭൂരിപക്ഷ അഭിപ്രായത്തിനു വിടുമ്പോഴാണ് സാമൂഹ്യനീതിയും സമത്വവും അംഗീകരിക്കപ്പെടുന്നത്. ഇത്തരം ഭൂരിപക്ഷ അഭിപ്രായം പരിഗണിക്കാതെ വരുമ്പോഴാണ് ഗ്രാമസഭയിലുള്ള വിശ്വാസം ജനങ്ങൾക്ക് നഷ്ടപ്പെടുന്നത്. അധികാര വികേന്ദ്രീകരണം പരാജയപ്പെടുന്നതും ഇത്തരം സന്ദർഭങ്ങളിലാണ്. കേരളത്തിലെ ഗ്രാമസഭകൾക്കു സംഭവിച്ചുകൊണ്ടിരിക്കുന്നതും ഇതു തന്നെയാണ്.

കേരളത്തിലെ 1209 തദ്ദേശ ഭരണ സ്ഥാപനങ്ങളിലായി 21682 തെരഞ്ഞെടുത്ത അംഗങ്ങളുണ്ട്. ഇതിൽ 19107 അംഗങ്ങൾ ത്രിതല പഞ്ചായത്തുകളിലും 2575 അംഗങ്ങൾ നഗരസഭകളിലുമാണ്. കേരളത്തിലെ 1144 ത്രിതല പഞ്ചായത്തുകൾക്ക് ഏകദേശം 225 വികസന ചുമതലകളാണ് 1994ലെ ആക്ട് പ്രകാരം കൈമാറിയത്. ഇതിൽ ഏകദേശം 125 വികസന ചുമതലകൾ ഗ്രാമപഞ്ചായത്തുകൾക്കും ഏകദേശം 100 ചുമതലകൾ ബ്ലോക്ക് – ജില്ലാ പഞ്ചായത്തുകൾക്കും കൈമാറപ്പെട്ടിട്ടുള്ളത്. ത്രിതല പഞ്ചായത്തുകൾക്ക് കൈമാറപ്പെട്ടിട്ടുള്ള വികസന ചുമതലകൾക്കാവശ്യമായ വികസന പ്രോജക്ടുകൾ 16680 ഗ്രാമസഭകളിൽ ചർച്ച ചെയ്യപ്പെട്ടവ ആയിരിക്കണം. അതുപോലെ നഗരസഭകൾക്ക് കൈമാറപ്പെട്ട വികസന ചുമതലകൾക്കാവശ്യമായ വികസന പ്രോജക്ടുകൾ എണ്ണത്തിൽ 2575 വരുന്ന നഗര വാർഡ് സഭകളിൽ ചർച്ച ചെയ്ത് തയ്യാറാക്കണം. ഇപ്രകാരം 21682 ഗ്രാമ-വാർഡ് സഭകളിൽ ചർച്ച ചെയ്തു നിർദ്ദേശിക്കുന്ന വികസന ആവശ്യങ്ങൾ ഉൾപ്പെടുത്തി ദീർഘവീക്ഷണത്തോടെ ഹ്രസ്വകാല-ദീർഘകാല വികസന പരിപാടികൾ 1209 തദ്ദേശ സ്ഥാപനങ്ങളും ആസൂത്രണം ചെയ്തു വിഭവലഭ്യത അനുസരിച്ച് മുൻഗണനാ നിർണ്ണയം നടത്തി നിർവ്വഹിച്ചാൽ പരിഹരിക്കാവുന്ന വികസന പ്രശ്നങ്ങളെ കേരളത്തിലുള്ളൂ. ഇതിനാവശ്യം രാഷ്ട്രീയ ഇച്ഛാശക്തിയും വികസന കാഴ്ചപ്പാടും ജനകീയ കൂട്ടായ്മയും കാര്യക്ഷമമായ നിർവഹണ സംവിധാനവുമാണ്.

അധികാര വികേന്ദ്രീകരണം ആരംഭിച്ച 1996-97നുശേഷം മൂന്നു (ഒൻപത്, പത്ത്, പതിനൊന്ന്) പഞ്ചവത്സര പദ്ധതികൾ കഴിഞ്ഞു. ഈ കാലത്ത് ആകെ 21295 കോടി രൂപ തദ്ദേശ സ്ഥാപനങ്ങൾക്ക് സംസ്ഥാന പദ്ധതിയുടെ ഭാഗമായി നൽകിയിട്ടുമുണ്ട്. താഴെ കാണിച്ചിട്ടുള്ള പട്ടിക 1 ൽ നിന്ന് പദ്ധതി വിഹിതം മനസ്സിലാക്കാം. മൂന്നു പഞ്ചവത്സര പദ്ധതിക്കാലത്തെ സംസ്ഥാന പദ്ധതി വിഹിതം. 85686 കോടി രൂപയാണ്. ഇതിൽ 21295 കോടി രൂപ തദ്ദേശ സ്ഥാപനങ്ങൾക്ക് വികേന്ദ്രീകരിച്ചു നൽകി. ഇത് സംസ്ഥാന പദ്ധതിയുടെ 24.8 ശതമാനം വരും. എന്നാൽ ഇവിടെ ഒരു കാര്യം പ്രത്യേകം മനസ്സിലാക്കാം. ഓരോ പഞ്ചവത്സര പദ്ധതി കഴിയുമ്പോഴും തദ്ദേശ സ്ഥാപനങ്ങൾക്കുള്ള മൊത്തം പദ്ധതി തുക വർദ്ധിക്കുന്നെങ്കിലും വിഹിത ശതമാനം കുറയുകയാണ്. ഉദാഹരണത്തിനു ഒൻപതാം പദ്ധതിക്കാലത്ത് ഓരോ തദ്ദേശ സ്ഥാപനത്തിനും ശരാശരി 382 ലക്ഷം രൂപ പദ്ധതി വിഹിതമായി ലഭിച്ചെങ്കിൽ പത്താം പദ്ധതിക്കാലത്ത് 561 ലക്ഷം രൂപയായും പതിനൊന്നാം പദ്ധതിക്കാലത്ത് 819 ലക്ഷം രൂപയായും വർദ്ധിച്ചു. എന്നാൽ ഇതേ കാലയളവിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറിയ മൊത്തം പദ്ധതിവിഹിതം ഒൻപതാം പദ്ധതിക്കാലത്തെ 29.30 ശതമാനത്തിൽ നിന്നും പതിനൊന്നാം പദ്ധതിക്കാലത്ത് 22.8 ശതമാനമായി താഴ്ന്നു. എങ്കിലും മൂന്നു പഞ്ചവത്സര പദ്ധതികളിലും കൂടി തദ്ദേശ സ്ഥാപനങ്ങൾക്ക് സംസ്ഥാന പദ്ധതിയുടെ 25 ശതമാനം നൽകിയിട്ടുണ്ട്.

കഴിഞ്ഞ ഒന്നര ദശാബ്ദക്കാലത്തെ അധികാര വികേന്ദ്രീകരണം തദ്ദേശ സ്ഥാപനങ്ങളെ സംബന്ധിച്ച് പലതരത്തിലുള്ള നേട്ടങ്ങളും അതുപോലെ കോട്ടങ്ങളും സൃഷ്ടിച്ചിട്ടുണ്ട്. അധികാര വികേന്ദ്രീകരണ രംഗത്തു കേരളം നിരവധി നേട്ടങ്ങൾ കൈവരിച്ചു.

(i) തദ്ദേശ സ്ഥാപനങ്ങൾക്ക് അധികാരങ്ങളും ചുമതലകളും ഒപ്പം ഗവൺമെന്റ് ഉദ്യോഗസ്ഥരെയും

പട്ടിക 1

ഒൻപത്, പത്ത്, പതിനൊന്ന് പഞ്ചവത്സര പദ്ധതിക്കാലത്ത് തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകിയ പദ്ധതി വിഹിതം

(രൂപ കോടി)

പഞ്ചവത്സര പദ്ധതി	സംസ്ഥാന പദ്ധതി വിഹിതം	തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം	വിഹിതം (ശതമാനം)
ഒൻപതാം പദ്ധതി (1997-02)	15755	4614	29.3
പത്താം പദ്ധതി (2002-07)	25306	6784	26.8
പതിനൊന്നാം പദ്ധതി(2007-12)	44625	9897	22.8
ആകെ	85686	21295	24.8

ഭരണകാര്യങ്ങൾക്കായി കൈമാറിയിട്ടുണ്ട്.

(ii) പഞ്ചായത്ത് രാജ് നഗരപാലിക ആക്ടിൽ കാലാകാലങ്ങളിൽ ഭേദഗതി വരുത്തി തദ്ദേശ സ്ഥാപനങ്ങൾക്ക് ശക്തിയും നിയമ സംരക്ഷണവും നൽകുന്നുണ്ട്.

(iii) വികസന പരിപാടികളുടെ ഗുണഭോക്താക്കളെയും ഗുണഭോക്ത പ്രദേശങ്ങളെയും തെരഞ്ഞെടുക്കുന്നതിനാവശ്യമായ സുതാര്യത ഏർപ്പെടുത്തുവാൻ ഒരു പരിധിവരെ കഴിഞ്ഞു.

(iv) പദ്ധതി രൂപീകരണത്തിനും നിർവ്വഹണത്തിനും ആവശ്യമായ മാർഗ്ഗ നിർദ്ദേശം ഗവൺമെന്റ് നൽകുന്നുമുണ്ട്.

(v) കൃഷി, വ്യവസായം, ക്ഷീരവികസനം, പട്ടികജാതി വർഗ്ഗവികസനം സാമൂഹ്യ-പശ്ചാത്തല സൗകര്യ വികസനം മുതലായ പ്രാദേശിക വികസന ചുമതലകൾ തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്.

(vi) ത്രിതല ആഡിറ്റിംഗ് സംവിധാനം തദ്ദേശ സ്ഥാപനങ്ങളിൽ ഏർപ്പെടുത്തുകയും ചെയ്തു.

(vii) സംസ്ഥാന ധനകാര്യ കമ്മിഷനെ കൃത്യസമയത്ത് നിയമിച്ചു തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി വിഹിത നിർണ്ണയം നടത്തുന്നുമുണ്ട്. അതുപോലെ തദ്ദേശ സ്ഥാപനങ്ങളുടെ കൃത്യവിലോപങ്ങളും അഴിമതികളും പരിശോധിച്ചു പരിഹരിക്കുവാൻ ഓംബുഡ്സ്മാനെയും നിയമിച്ചു.

(viii) സമഗ്ര ജില്ലാ പദ്ധതി രൂപീകരിക്കുവാൻ ഭരണഘടന സംരക്ഷണമുള്ള ജില്ലാ ആസൂത്രണ സമിതികളെയും നിയമിച്ചു. അധികാര വികേന്ദ്രീകരണരംഗത്തു കേരളം കൈവരിച്ച ഇത്തരം നേട്ടങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുകയും പ്രാദേശിക വികസനത്തിന്റെ ആക്കം വർദ്ധിപ്പിക്കുകയും ചെയ്തു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ അധികാര വികേന്ദ്രീകരണ വ്യവസ്ഥയെ വ്യക്തവും ദീർഘവീക്ഷണവുമുള്ള ട്രാക്കിൽ കൊണ്ടുവരുവാൻ കഴിഞ്ഞ ഒന്നര ദശാബ്ദക്കാലത്തെ വികേന്ദ്രീകരണ പ്രവർത്തനങ്ങൾകൊണ്ടു കഴിഞ്ഞു. എന്നാൽ ഇതെല്ലാം ചെയ്തിട്ടും തദ്ദേശ സ്ഥാപനങ്ങൾക്ക് ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയരുവാൻ കഴിഞ്ഞിട്ടില്ല.

പട്ടിക - 2

തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി വിഹിത വിനിയോഗം

ക്രമ നം.	തദ്ദേശ സ്ഥാപനം	പദ്ധതി വിനിയോഗം (ശതമാനം)		
		2010-11	2011-12	2012-13
1.	ഗ്രാമപഞ്ചായത്തുകൾ	70.7	77.7	64.4
2.	ബ്ലോക്ക് പഞ്ചായത്തുകൾ	67.9	78.9	84.3
3.	ജില്ലാ പഞ്ചായത്തുകൾ	54.1	73.2	61.9
4.	മുനിസിപ്പാലിറ്റികൾ	70.3	73.8	57.3
5.	കോർപ്പേറേഷനുകൾ	61.5	58.1	73.1
	ആകെ	**66.5**	**75.2**	**70.8**

തദ്ദേശ സ്ഥാപനങ്ങൾക്ക് അധികാര വികേന്ദ്രീകരണം വഴി പദ്ധതി വിഹിതവും വികസന ചുമതലകളും ലഭ്യമായിട്ടും തദ്ദേശ സ്ഥാപനങ്ങൾക്ക് ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയരുവാൻ കഴിഞ്ഞിട്ടില്ല. അതിന് നിരവധി കാരണങ്ങളുമുണ്ട്.

(i) വികസന ഭരണ സംവിധാനത്തിനനുയോജ്യമായ ഒരു നല്ല ഗവേണൻസ് രൂപപ്പെടുത്തുവാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് ഇനിയും കഴിഞ്ഞിട്ടില്ല.

(ii) തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറിയ സ്ഥാപനങ്ങൾ വഴിയുള്ള സർവീസുകളുടെ ഗുണമേന്മ വേണ്ടത്ര മെച്ചപ്പെടുത്തി ജനസൗഹൃദമാകുവാൻ കഴിഞ്ഞില്ല എന്നതാണ് സത്യം.

(iii) കൃഷി, വ്യവസായം, ക്ഷീരം, ജലസേചനം മുതലായ ഉദ്പാദന മേഖലകളിൽ ഉദ്പാദനം, തൊഴിൽ, വരുമാനം എന്നിവ ലക്ഷ്യമിട്ട തോതിൽ വർദ്ധിപ്പിക്കുവാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് കഴിഞ്ഞില്ല.

(iv) വൈദ്യുതി, കുടിവെള്ളം, ഗ്രാമീണ റോഡ്, ഖരമാലിന്യ നിർമ്മാർജ്ജനം മുതലായ യൂട്ടിലിറ്റി സർവ്വീസുകളുടെ നിലവാരവും മെച്ചപ്പെടുത്തി ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയരുവാൻ കഴിഞ്ഞിട്ടില്ല.

(v) ആഡിറ്റ് സംവിധാനം മെച്ചപ്പെടുത്തുവാനും, സൃഷ്ടിച്ച ആസ്തിയുടെ മാനേജ്മെന്റ് കാര്യക്ഷമമാക്കുവാനും കഴിഞ്ഞില്ല.

(vi) വികസന പ്രോജക്ടുകളുടെ മുൻഗണന നിർണ്ണയവും ഭൗതിക ലക്ഷ്യ നിർണ്ണയവും ഇനിയും മെച്ചപ്പെട്ടിട്ടില്ല. വികസന പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും വേണ്ടത്ര ഭരണ പരിചയം ആർജ്ജിക്കുവാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് കഴിയാതെ വന്നതാണ് ഇത്തരം വൈകല്യങ്ങൾക്ക് മുഖ്യ കാരണം. ഇത്തരം വൈകല്യങ്ങൾ പരിഹരിച്ചു മുമ്പോട്ടു പോയില്ലെങ്കിൽ ലക്ഷ്യമിട്ട രീതിയിലുള്ള നേട്ടങ്ങൾ കൈവരിച്ച് ജനങ്ങൾക്ക് പ്രയോജനകരമാക്കുവാൻ കഴിയുകയില്ല.

തദ്ദേശ സ്ഥാപനങ്ങളുടെ ഗവേണൻസ് വേണ്ട രീതിയിൽ മെച്ചപ്പെടുത്തുവാൻ ഇനിയും കഴിഞ്ഞില്ല. ഇതിന്റെ ഫലമായി തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന വിഹിതം പൂർണ്ണമായും വിനിയോഗിക്കുവാൻ കഴിയുന്നില്ല. എല്ലാ തട്ടിലുമുള്ള തദ്ദേശ സ്ഥാപനങ്ങൾ പദ്ധതിവിഹിതം പൂർണ്ണമായും വിനിയോഗിക്കുന്നില്ല. 2010-11-ൽ കേരളത്തിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളും കൂടി ചെലവഴിച്ചത് 66.5 ശതമാനം പദ്ധതി വിഹിതമാണ്. ഇതിൽ ഏറ്റവും കുറച്ച് പദ്ധതിവിഹിതം വിനിയോഗിച്ചത് ജില്ലാ പഞ്ചായത്തുകളും (54.1 ശതമാനം) ഏറ്റവും കൂടുതൽ ചെലവഴിച്ചത് ഗ്രാമപഞ്ചായത്തുകളു(70.7 ശതമാനം)മാണ്. പട്ടിക 1-ൽ ഓരോ തദ്ദേശ സ്ഥാപനവും കഴിഞ്ഞ മൂന്നു വർഷം വിനിയോഗിച്ച പദ്ധതി വിഹിതം മനസ്സിലാക്കാം.

കേരളത്തിൽ അധികാര വികേന്ദ്രീകരണം യാഥാർത്ഥ്യമായിട്ടു ഒന്നര ദശാബ്ദം കഴിഞ്ഞു. ലഭിക്കുന്ന പദ്ധതി വിഹിതം പൂർണ്ണമായും വിനിയോഗിക്കുവാൻ കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങൾക്കു കഴിയുന്നില്ല. എന്നാൽ ഇതേപ്പറ്റി ഗൗരവതരമായ വിലയിരുത്തൽ പഠനങ്ങൾ ഇപ്പോൾ അനിവാര്യമായിരിക്കുകയാണ്.

വർഷപാതത്തിന്റെ

വി.കെ. ശ്രീധരൻ

മഴ പ്രകൃതിയുടെ വരദാനവും നിറചൈതന്യവും. ഉർവ്വരതയുടെ പ്രതീകം. പുതുസസ്യങ്ങൾ നാമ്പിടുന്നത് ഇക്കാലത്ത്. കർക്കിടകത്തിൽ ഉർവ്വരതയുടെ ദേവതയായ കനിയന് വക്കുന്ന ചടങ്ങ് വടക്കേ ഇന്ത്യയിലുണ്ട്. മഴ കൊണ്ടുവരുന്നത് പരപ്പുഴ നൊട്ടനാണെന്ന് തൃശൂർ ജില്ലയിലെ അന്നകര ദേശത്തുകാർ വിശ്വസിക്കുന്നു. മഴ പെയ്യിക്കുവാൻ ആന്ധ്രയിൽ തവളക്കല്ല്യാണവും പാലക്കാട് ജില്ലയിലെ ചിറ്റൂരിലും തമിഴ്നാട്ടിലും സ്ത്രീകളുടെ അനുഷ്ഠാന നൃത്തമായ കൊപ്പിയാളവും (ആളുകൾ ചെയ്തു കൂട്ടിയ പാപം കഴുകി കളയാനായി കൊടുംപാപികളുടെ കോലമുണ്ടാക്കി കെട്ടി വലിക്കുന്ന ചടങ്ങ്) നിലവിലുണ്ട്. വിത്തിടുന്ന ദിവസം മഴക്കായി മാരിയമ്മക്ക് ബലി നൽകുന്ന ഏർപ്പാട് അട്ടപ്പാടിയിൽ നിലനിൽക്കുന്നു. മഴയെ ബന്ധിച്ചു നിർത്താൻ ഗോത്രസമൂഹങ്ങൾക്കാകും. ഇരിങ്ങാലക്കുട കൂടൽമാണിക്യ ക്ഷേത്രത്തിലെ ഭരത സ്വാമിക്ക് താമരമാല നേരുന്നത് മഴ മാറ്റി വെക്കാൻ.

മണ്ണിനെ രജസ്വലയാക്കി, ചെടികളിൽ വസന്തം തീർത്ത്, ജീവജാലങ്ങൾക്ക് ഹർഷോന്മാദമായി മഴക്കാലം. മഴയുടെ രാഗമാലിക തീർക്കുന്ന ഇടവപ്പാതിയും തുലാവർഷവും കേരളത്തിന്റെ സ്വന്തം മൺസൂണിന്റെ സഹായമില്ലാതെ പ്രാദേശിക പ്രഭാവങ്ങളാൽ പെയ്യുന്ന ഇടമഴ, കാലവർഷം കന്നി പതിനഞ്ചു വരെയും തുലാവർഷം തുലാം പത്തു-പതിനഞ്ചു വരെയും ഉണ്ടാകാറുണ്ട്. ജീവൻ തുടിക്കുന്ന, പൊലിയുന്ന പെരുമഴക്കാലം. ചാറ്റൽ മഴ, പെരുമഴ, കള്ളമഴ, ഇടമഴ, നൂലുമഴ, തിരുവാതിരയിലെ തിരിമുറിയാമഴ എന്നിങ്ങനെ വർഷഋതുവിലെ വൈവിധ്യങ്ങൾ. മഴയും വെയിലും ഒന്നിച്ചു വന്നാൽ കുഞ്ഞികുറുക്കന്റെ കല്ല്യാണം. ഓർമ്മയുടെ ഋതുചര്യകളിൽ തെളിയുന്നത് മാരിവില്ലുകൾ, മഴക്കളികൾ, പാട്ടുകൾ, വള്ളംകളി, കര കാണാതെ നീണ്ടുകിടക്കുന്ന ജലശേഖരങ്ങൾ. പ്രകൃതിയിലെ പ്രണയ ഗീതങ്ങൾ.... മേഘച്ചില്ലകളിൽ മഴയുടെ ഊഞ്ഞാലിട്ടപ്പോഴും മഴവെള്ളത്തിൽ കടലാസുവഞ്ചിയൊഴുക്കുകയും മീൻ പിടിക്കാനും ചൂണ്ടയിടാനും നടന്നപ്പോഴും മഴപ്പേടിയും പനിബാധയുമുണ്ടായിരുന്നില്ല. കുളത്തിലും തോടുകളിലും മുങ്ങാംകുഴിയിട്ട് കളിക്കുമ്പോൾ, നീന്തൽ മത്സരത്തിലേർപ്പെടുമ്പോൾ മതിവരുവോളം നീരാടുമ്പോൾ, വിലക്കുകളും ഉണ്ടായിരുന്നില്ല. മണ്ണും മഞ്ഞും മഴയും വെയിലുമൊക്കെയായി കൂട്ടുകൂടിയപ്പോൾ കൈവന്നത് ദീർഘനാളത്തെ രോഗ പ്രതിരോധം.

മഴയുടെ ദിശാസൂചികകൾ

മഴയുടെ ദിശാസൂചികകൾ വർഷമാപിനിയിലേതു പോലെ അടയാളപ്പെടുത്തിയ കാരണവർകുലം, ആകാശത്തിന്റെ വടക്ക് കിഴക്ക് മൂലയിൽ കാർമേഘം കണ്ടാൽ മഴ സുനിശ്ചിതം. കുയിൽ രാത്രികാലങ്ങളിൽ തുടർച്ചയായി കരയുന്നത്, തവളയുടെയും വേഴാമ്പലിന്റെയും കരച്ചിൽ കുളക്കോഴിയുടെ ശബ്ദം എന്നിവ മഴ പെയ്യിക്കുന്നതിന്. കള്ളിച്ചെടിയും പുഷ്കരമൂലവും മുതല മൂക്കൻ ചെടിയും പൂക്കുന്നത് മഴയുടെ സൂചന. മഴനൂല് പ്രത്യക്ഷപ്പെട്ടാൽ പുതുമഴ ആരംഭിക്കുകയായി. കൊന്ന പൂക്കുന്നത് കടുത്ത വേനലിന്റെ സൂചന. അതു കഴിഞ്ഞ് മഴയുണ്ടാകുമെന്ന പ്രതീക്ഷ. വിഷു കഴിഞ്ഞാൽ വേനലില്ല വാ കഴിഞ്ഞാൽ വർഷമില്ല എന്ന് ചൊല്ല്. തുലാമാസത്തിലെ അമാവാസിയാണ് സൂചന. തുലാം പത്ത് കഴിഞ്ഞാൽ പിലാപൊത്തിലും കഴിയാമെന്നാണ്. ആലിന്റെ താങ്ങുവേരുകൾ മുറിക്കുമ്പോൾ വെള്ളം കണ്ടാൽ മഴക്കാലം ആസന്നമായി. ചന്ദ്രന്റെ പ്രഭാവലയം അടുക്കുന്നതും അകലുന്നതും മഴയുടെ വരവും പോക്കും കുറിക്കുന്നു. പാമ്പ് വൃക്ഷ ശിഖരത്തിലേക്ക് കയറിയാൽ മഴ ഉണ്ടാകുമെന്നാണ്. ഉറുമ്പുകൾ മുട്ടകളുമായി പോകുന്നത്

വരവിളികൾ

മഴ അടുക്കുമ്പോൾ. തോരാന പെരുന്നാളിന് ആന ഒലിച്ചു പോകുന്ന രീതിയിൽ അതിവർഷമുണ്ടാകുമെന്നാണ് വെപ്പ്. മണ്ണിൽ നിന്ന് ഉയർന്ന് പൊങ്ങുന്നത് കറുത്ത് ഈയ്യാംപാറ്റകളാണെങ്കിൽ മഴ തുടരുമെന്നും വെളുത്ത പാറ്റകളാണെങ്കിൽ മഴ നിലക്കുമെന്നുമാണ് വിശ്വാസം. തുമ്പികൾ (Dragon Fly) താഴ്ന്നു പറക്കുന്നത് വർഷാഗമനവും ഉയരത്തിൽ പറക്കുന്നത് മഴ അകലുന്നതും സൂചിപ്പിക്കുന്നു. മഴയെ നിർണ്ണയിക്കുന്നത് കാറ്റിന്റെ ഗതി ഇതിനെ കാറ്റ് പേർച്ച എന്ന് പറയുന്നു. തുലാം മാസം ആദ്യം കാറ്റ് വീശിയാൽ മേടം ആദ്യം മഴ പെയ്യും. കാറ്റുണ്ടാകുന്നത് ചിത്തിര ഞാറ്റുവേലയിലാണെങ്കിൽ അശ്വതി ഞാറ്റുവേലയിൽ മഴ തുടങ്ങുമെന്നാണ് നിഗമനം. മകരം ഇരുപത്തിയെട്ടിന് ഉമ്മറവാതിലിൽ തൂക്കിയിടുന്ന തുണി കാറ്റനുസരിച്ച് നേരെ നിന്നാൽ ഇടവപ്പാതി ഇടവം പതിനഞ്ചിന് ചെരിയുന്നതനുസരിച്ച് നേരത്തേയോ വൈകിയോ ആകും. വൈക്കോൽ തുറുവിന്റെ മുകളിലും തുണി കെട്ടാറുണ്ട്. ഇതാണ് കുടം പകർച്ച. വിഷുഫലം അനുസരിച്ച് വിഷു (മേടം ഒന്ന്) ശനിയാഴ്ചയാണെങ്കിൽ ഏറ്റവും നല്ലതായ ഒരുപറവർഷം. ഞായർ, ചൊവ്വ ദിവസങ്ങളിലായാൽ കൃഷിക്ക് ഗുണമുള്ള രണ്ടുപറവർഷം. സമൃദ്ധിയില്ലാത്ത മൂന്ന്പറവർഷം ഉണ്ടാകുന്നത് വിഷുസംക്രമം ദാരിദ്ര്യമുണ്ടാക്കുന്നതുമായ നാലുപറവർഷം പ്രവചിക്കപ്പെടുന്നത് വിഷു വ്യാഴം, വെള്ളി ദിവസങ്ങളിലാകുമ്പോൾ. അറുപത് യോജന വീതിയും ആറു യോജന നീളവുമുള്ള ഒരു സ്ഥലത്ത് പെയ്യുന്ന മഴയുടെ അളവാണ് പറ. ഒരു യോജന എന്നാൽ പത്ത് മൈൽ. വയനാട്ടിലെ ആദിവാസികളുടെ വിശ്വാസമനുസരിച്ച് പുലച്ചികായയിൽ ഒന്ന്, രണ്ട്, മൂന്ന് വിത്തുകളുണ്ടെങ്കിൽ യഥാക്രമം ഒരു പറ, രണ്ടുപറ, മൂന്ന് പറ എന്നിങ്ങനെയായിരിക്കും വർഷപാതം. സൂക്ഷ്മനിരീക്ഷണത്തിൽ ആർജ്ജിച്ച കാലാവസ്ഥാ പ്രവചനത്തിന്റെ നാട്ടറിവുകൾക്ക് ഋതുഭേദങ്ങളിൽ മങ്ങലേറ്റിട്ടുണ്ട്.

മണ്ണിനെ രജസ്വലയാക്കി, ചെടികളിൽ വസന്തം തീർത്ത്, ജീവജാലങ്ങൾക്ക് ഹർഷോന്മാദമായി മഴക്കാലം. മഴയുടെ രാഗമാലിക തീർക്കുന്ന ഇടവപ്പാതിയും തുലാവർഷവും കേരളത്തിന്റെ സ്വന്തം മൺസൂണിന്റെ സഹായമില്ലാതെ പ്രാദേശിക പ്രഭാവങ്ങളാൽ പെയ്യുന്ന ഇടമഴ, കാലവർഷം കന്നി പതിനഞ്ചു വരെയും തുലാവർഷം തുലാം പത്തു–പതിനഞ്ചു വരെയും ഉണ്ടാകാറുണ്ട്. ജീവൻ തുടിക്കുന്ന, പൊലിയുന്ന പെരുമഴക്കാലം.

മഴയും ഞാറ്റുവേലയും

കൃഷിക്ക് ഏറ്റവും യോജിച്ച സമയം കണ്ടെത്തുന്നതിന് കാലാവസ്ഥാപഠനം നടത്തിയതിന്റെ ഉത്തമ നിദർശനമാണ് ഞാറ്റുവേല സങ്കല്പം. ഒരു വർഷത്തിൽ ലഭിക്കുന്ന മൊത്തം മഴയെ സൂര്യന്റെ നക്ഷത്രസ്ഥിതിക്കനുസരിച്ച് 27 ഞാറ്റുവേലകളായി തിരിച്ചിരിക്കുന്നു. കാർത്തിക, മകീരം,. പുണർതം

മുതലായ ഞാറ്റുവേലകൾ രണ്ടു രാശികളിലായിരിക്കും. ഞാറ്റുവേല പകൽ പിറക്കുന്നത് ശുഭകരമല്ലെന്ന് വിശ്വാസം.

മഴയുടെ വിതരണവും തീവ്രതയും വിവരിക്കുന്ന ചൊല്ലുകൾ അസംഖ്യം. ചോതി വർഷിച്ചാൽ ചോറ്റിന് പഞ്ഞമില്ല. അത്തം ഇരുണ്ടാൽ ഓണം വെളുക്കും, അന്തിക്ക് വരുന്ന മഴ നീളും, അതിരാവിലെ പെയ്യുന്ന മഴ വേഗം മാറും, ചെമ്മാനം കണ്ടാൽ അമ്മാനം മഴയില്ല. പടിഞ്ഞാറൻ ചക്രവാളത്തിലാണ് മാരിവില്ലെങ്കിൽ മഴ തുടരും.

പുണർതത്തിൽ പുകഞ്ഞ മഴയാണ്. പൂയം ഞാറ്റുവേലയിൽ പുല്ലും പൂവണിയും. കുംഭത്തിൽ മഴ പെയ്താൽ കുപ്പയലും നെല്ല്. മകരമഴ മലയാളം മുടിക്കുന്നത്. മകരകൊയ്ത്ത് കഴിഞ്ഞാൽ നെല്ലിന് ഉത്തമമായ മഞ്ഞുള്ള കാലമാണ് മകരം. കേരളത്തിൽ വേനൽക്കാല ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്ന മാവുകളിലും പ്ലാവുകളിലും കായ് വിരിക്കുന്ന സമയത്ത് മഴ പെയ്താൽ വിളനാശമുണ്ടാകുമെന്ന് ദൂരക്കാഴ്ച. 101 വെയിലും 101 മഴയുമുള്ള തിരുവാതിര ഞാറ്റുവേലയിൽ അമൃത് വർഷിക്കുമെന്ന് വിശ്വാസം. അത്തവർഷം അതിശക്തം മകയീരത്തിൽ മഴ മതി മറയും, അശ്വതി ഭരണി ഞാറ്റുവേലകളിൽ ഇടക്കിടെയാണ് മഴ പെയ്യുക.

ഞാറ്റുവേല കൃഷി മുഹൂർത്തവും കുറിക്കുന്നു. ഭരണിയിൽ ഇട്ട വിത്തും ഭരണിയിലിട്ട നെല്ലിക്കയും കേമം. മൂപ്പ് കൂടിയ മുണ്ടകൻ വിത്തുകൾക്ക് ആദ്യ ഞാറ്റുവേലകൾ ഉത്തമം. ചോതി കഴിഞ്ഞാൽ ചോദ്യമില്ലെന്നാണ്.

പുണർതത്തിൽ പുകഞ്ഞ മഴയാണ്. പൂയം ഞാറ്റുവേലയിൽ പുല്ലും പൂവണിയും. കുംഭത്തിൽ മഴ പെയ്താൽ കുപ്പയലും നെല്ല്. മകരമഴ മലയാളം മുടിക്കുന്നത്. മകരകൊയ്ത്ത് കഴിഞ്ഞാൽ നെല്ലിന് ഉത്തമമായ മഞ്ഞുള്ള കാലമാണ് മകരം. കേരളത്തിൽ വേനൽക്കാല ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്ന മാവുകളിലും പ്ലാവുകളിലും കായ് വിരിക്കുന്ന സമയത്ത് മഴ പെയ്താൽ വിളനാശമുണ്ടാകുമെന്ന് ദൂരക്കാഴ്ച.

മഴയില്ലാത്തതിനാൽ പിന്നെ കൃഷിയിറക്കരുതെന്നർഥം.രേവതി, അശ്വതി, ഭരണി, കാർത്തിക എന്നിവ ഒന്നാം വിളക്കും ആയില്യം, മകം എന്നീ ഞാറ്റുവേലകൾ രണ്ടാം വിളക്കും നല്ലതാണെന്ന് സാമാന്യമതം. മേടം തെറ്റിയാൽ മോടൻ തെറ്റി. പുണർതത്തിൽ പറിച്ച് നടുന്നവർ ഗുണഹീനൻ എന്ന് കൃഷിഗീത. ഞാറ്റുവേല പകർച്ചക്ക് വിത്ത് വിതക്കരുത്. വിരിപ്പ് നട്ടുണങ്ങണം. മുണ്ടകൻ നട്ടു മുങ്ങണം എന്നാണ് ചൊല്ല്. മുച്ചിങ്ങം (അതായത് ചിങ്ങത്തിൽ ആദ്യത്തെ മൂന്ന് ദിവസം) മഴ പെയ്താൽ മച്ചിങ്ങൽ നെല്ല് ഉണ്ടാകില്ല. ചാമക്ക് അശ്വതി, പഴവർക്ഷങ്ങൾക്ക് രോഹിണി, എള്ളിന് മകം, തെങ്ങിനും അമരക്കും തിരുവാതിര എന്നീ ഞാറ്റുവേലകൾ അനുയോജ്യം. പയർവർക്ഷങ്ങൾക്ക് മറ്റു സമയങ്ങളിൽ കിളി, അണ്ണാൻ ശല്യം കൂടുതലായിരിക്കും. കമ്പുകളും ഫലവൃക്ഷങ്ങളുടെ വിത്തുകളും നടാൻ അത്യുത്തമം തിരുവാതിര. ഇടവിളകളായ എള്ളിനും മുതിരക്കും നേരിയ മഴയേ വേണ്ടൂ. മുതിരക്ക് മൂന്ന് മഴയെന്ന് ചൊല്ല്. എന്നാൽ അമരതടത്തിൽ തവള കരയണമെന്നും ഓതികൊടുത്തു. മത്തയും കുമ്പളവും നടുന്നത് ഇടമഴ കിട്ടുന്ന കുംഭം മീനം ഭരണി നാളുകളിൽ അത്തം ഞാറ്റുവേലയിൽ അകലെ കൊണ്ടു വടിച്ചു നട്ടാൽ മതി. കാർഷിക സമൃദ്ധിയുടെ സാധനപാഠങ്ങൾ നെയ്തെടുത്ത പഴയ തലമുറ വിളവർദ്ധനവിനായി ഞാറ്റുവേല കൂടാതെ അനുകൂലമായ നാളുകളും മുഹൂർത്തങ്ങളും കണ്ടെത്തി. എന്നാൽ വിത്തുകൾ കൈമോശം വന്ന കർഷകന് കാലാവസ്ഥ വ്യതിയാനത്തിൽ ഞാറ്റുവേലകൾ കൂടി ക്രമം തെറ്റിയത് കനത്ത പ്രഹരമായി. മഴ കലണ്ടറും വെള്ളത്തിന്റെ ബഡ്ജറ്റും തയ്യാറാക്കി കാലദേശങ്ങൾക്കനുസൃതമായി കൃഷി ചെയ്തിരുന്നവർക്ക് കണക്ക് പിഴച്ചു അതുകൊണ്ട് പുതിയ വിത്ത്, വളം, കീടനാശിനി, യന്ത്ര സംവിധാനങ്ങൾ, ജലസേചനം എന്നിവയിലേക്ക് തിരിയേണ്ടിവരികയും കൃഷിച്ചെലവ് വർദ്ധിക്കുകയും ചെയ്തു. പ്രാദേശിക ജ്ഞാന ശേഖരങ്ങളിൽ നിന്നും പ്രായോഗികവും ഗുണപ്രദവുമായ വശങ്ങൾ നമുക്ക് സ്വാംശീകരിക്കാം.

ഓമല്ലൂർ വയൽവാണിഭം

പത്തനംതിട്ട മുൻസിപ്പാലിറ്റിയോട് ചേർന്ന് കിടക്കുന്ന ഒരു കാർഷിക ഗ്രാമമാണ് ഓമല്ലൂർ. എല്ലാ വർഷവും മീന മാസം 1-ാം തീയതി ആരംഭിക്കുന്ന "ഓമല്ലൂർ വയൽവാണിഭം" എന്ന കാർഷിക ഉത്സവം ഈ നാടിന്റെ കാർഷിക സംസ്കൃതിയുടേയും ഐശ്വര്യത്തിന്റേയും കൂട്ടായ്മയുടേയും കാലഘട്ടത്തെ അനുസ്മരിപ്പിക്കുന്ന ഒരു കാർഷിക മേളയായി തുടർന്നു വരുന്നു.

മനുഷ്യമനസിന് കുളിർമയേകുന്ന പച്ചവിരിച്ച നെൽപാടങ്ങൾ പുനർജനിക്കുമെന്ന പ്രതീക്ഷ ഉണർത്തി നന്മ നിറഞ്ഞതും കാപട്യമില്ലാത്തതുമായ വിപണന സംസ്കാരത്തിന്റേയും സൗഹൃതത്തിന്റേയും സന്ദേശം നൽകി കൊണ്ട് ഈ കാർഷികോത്സവം പഴമയുടെ മധുരസ്മരണകളുണർത്തുന്നു. മനുഷ്യൻ കാളവണ്ടികളും വില്ലു വണ്ടികളും മാത്രം ഉപയോഗിച്ചു വന്നിരുന്ന കാലഘട്ടത്തിൽ സുപ്രസിദ്ധമായ കൊല്ലം ജില്ലയിലെ വെളിനല്ലൂർ ഗ്രാമപഞ്ചായത്തിലെ തെക്കേ വയലിൽ നിന്നും ഒരു കാളക്കൂറ്റൻ വിരണ്ടോടി കെട്ടിയിരുന്ന പാലക്കുറ്റിയോട് കൂടി ഓമല്ലൂർ വയലിൽ എത്തുകയും അതിനെ ഒരു കർഷകൻ ആ കുറ്റിയിൽ തന്നെ നാട്ടി ബന്ധിക്കുകയും പിന്നീട് ആ കുറ്റി വളർന്ന് വലുതാകുകയും ചെയ്തതായി ചരിത്രമുണ്ട്. ഇപ്പോൾ ആ സ്ഥലത്ത് നിൽക്കുന്ന വൃക്ഷം ആ പാലക്കുറ്റി വളർന്ന് വലുതായതാണെന്നാണ്

മനുഷ്യമനസിന് കുളിർമയേകുന്ന പച്ചവിരിച്ച നെൽപാടങ്ങൾ പുനർജനിക്കുമെന്ന പ്രതീക്ഷ ഉണർത്തി നന്മ നിറഞ്ഞതും കാപട്യമില്ലാത്തതുമായ വിപണന സംസ്കാരത്തിന്റേയും സൗഹൃതത്തിന്റേയും സന്ദേശം നൽകി കൊണ്ട് ഈ കാർഷികോത്സവം പഴമയുടെ മധുര സ്മരണകളുണർത്തുന്നു.

സങ്കൽപം. ഈ പാലമരച്ചുവട്ടിൽ ആരംഭിച്ച കാലിച്ചന്തയും കാർഷിക മേളയുമാണ് പ്രസിദ്ധമായ ഓമല്ലൂർ വയൽവാണിഭമായി മാറിയത്.

വളരെ പുരാതനമായ ഈ കാർഷിക മേളയുടെ ആരംഭകാലത്തിൽ ഉണ്ടായിരുന്ന വിപുലമായ കന്നുകാലിച്ചന്ത ഈ മേളയുടെ പ്രത്യേകതയായിരുന്നു. ഈ പ്രദേശം മുഴുവൻ വ്യാപിച്ച കിടന്നിരുന്ന വയലേലകളിൽ അന്യദേശങ്ങളിൽ നിന്നും ആഴ്ചകൾക്കു മുൻപേ കന്നുകാലികളുമായ കർഷകർ എത്തിയിരുന്നു. ഈ കർഷകരെ ഓമല്ലൂർ ദേശക്കാർ വളരെ സ്നേഹത്തോടെ സ്വാഗതം ചെയ്യുകയും അവരുടെ പറമ്പുകളിൽ കന്നുകാലികളെ കെട്ടുന്നതിനും അവർക്ക് വേണ്ട സൗകര്യങ്ങൾ ഒരുക്കുന്നതിനും പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

കാലപ്പഴക്കത്തിൽ കാർഷിക വൃത്തി, പ്രത്യേകിച്ച് നെൽകൃഷി ഈ നാട്ടിൽ നിന്നും അന്യംനിന്നും

പോകുകയും കർഷകർക്ക് കൃഷിയോടുള്ള മനോഭാവത്തിൽ മാറ്റം വരുകയും ചെയ്തപ്പോൾ ഈ കാർഷിക മേളയ്ക്കും മങ്ങലേറ്റു. എങ്കിലും സന്മനസ്സുള്ള കുറേ കർഷകരുടേയും പൊതുപ്രവർത്തകരുടേയും വിവിധ സാംസ്കാരിക സംഘടനകളുടേയും നിസീമമായ സഹകരണവും, പഞ്ചായത്ത് ഭരണ സമിതിയുടെ ഇഛാശക്തിയും കൂടിയായപ്പോൾ ഈ കാർഷിക മേളയ്ക്ക് പുത്തൻ ഉണർവ് വരികയും കുറേ വർഷങ്ങൾക്കു ശേഷം ഓമല്ലൂർ വയൽവാണിഭം അതിന്റെ നഷ്ടപ്പെട്ട പ്രതാപം വീടെടുത്തു വരുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്.

2014 വർഷത്തെ ഓമല്ലൂർ വയൽവാണിഭം മാർച്ച് 15 മുതൽ നടത്തുകയുണ്ടായി. (1189 മീനം 1 മുതൽ) ഓമല്ലൂർ ഗ്രാമപഞ്ചായത്ത് വക പബ്ലിക് മാർക്കറ്റിൽ പ്രത്യേകം തയ്യാറാക്കിയ സ്റ്റാളുകളിൽ പഴമയും പുതുമയും സമ്മേളിക്കുന്ന നിരവധി നിത്യോപയോഗ സാധനങ്ങളുടേയും ഗൃഹോപകരണങ്ങളുടേയും പ്രദർശനവും വില്പനയും ക്രമീകരിച്ചിരുന്നു.

മാർക്കറ്റ് ജംഗ്ഷനു സമീപമുള്ള ഏലായിൽ കാർഷിക ഉത്പന്നങ്ങളുടേയും കന്നുകാലികളുടേയും പ്രദർശനവും വിപണനവും നടന്നു. കൃഷിഭവനു സമീപം തയ്യാറാക്കിയ സ്റ്റാളുകളിൽ വിവിധയിനം ഫലവൃക്ഷ തൈകളുടേയും ചെടികളുടേയും വൻശേഖരം ഒരുക്കിയിരുന്നു. ഈ കാഴ്ച കാണികളുടെ കണ്ണിനും കാതിനും കുളിരു പകരുന്നതായിരുന്നു. കൂടാതെ കർഷകർ കൊണ്ടുവന്ന മികച്ച കാർഷിക ഉത്പന്നങ്ങളുടെ പ്രദർശനവും സംഘടിപ്പിച്ചിരുന്നു. മൃഗസംരക്ഷണ വകുപ്പ്, കൃഷി വകുപ്പ് എന്നിവയുടെ സഹകരണത്തോടെ മികച്ച കർഷകരേയും ഉരുക്കളേയും തിരഞ്ഞെടുക്കുകയും പ്രത്യേകം ഇനം തിരിച്ച് പ്രോത്സാഹന സമ്മാനങ്ങളും ക്യാഷ് അവാർഡും നല്കി. ജെ.സി.ഐ. ഓമല്ലൂർ ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ പഞ്ചായത്തുമായി സഹകരിച്ച് സംഘടിപ്പിച്ച വളർത്തു മൃഗങ്ങൾ, വിവിധയിനം പക്ഷികൾ, അലങ്കാര മത്സ്യങ്ങൾ എന്നിവയുടെ പ്രദർശനവും വിപണനവും കാണികളിൽ കൗതുകം ഉണർത്തി. ഭാഷാദ്ധ്യാപക സമന്വയ വേദിയുടെ നേതൃത്വത്തിൽ പുസ്തകോത്സവവും സംഘടിപ്പിച്ചിരുന്നു.

വയൽവാണിഭത്തോടനുബന്ധിച്ച് പഴമക്കാരുടെ ഗതകാല സ്മരണയുണർത്തുന്ന ചരിത്ര പുനഃസൃഷ്ടിക്കായി കൊല്ലം വെളിനല്ലൂർ പഞ്ചായത്തിലെ തെക്കേ വയലിൽ നിന്നും വെളിനല്ലൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടേയും നാട്ടുകാരുടേയും സഹകരണത്തോടെ ഓമല്ലൂർ ഗ്രാമപഞ്ചായത്തിലേക്ക് ദീപശിഖപ്രയാണവും വിളംബര ഘോഷയാത്രയും നടത്തി. ഇതുവഴി രണ്ടു ദേശങ്ങൾ തമ്മിലുള്ള ആത്മബന്ധം കൂടുതൽ ശക്തമാക്കാൻ കഴിഞ്ഞു. ഘോഷയാത്ര, കുതിരവണ്ടി, കാളയും കാളവണ്ടിയും, കുടുംബശ്രീ പ്രവർത്തകരുടെ ശിങ്കാരിമേളം എന്നിവ കാണികൾക്ക് വ്യത്യസ്തമായ കാഴ്ചയായിരുന്നു. ഘോഷയാത്രക്ക് വൻജനാവലി അകമ്പടി സേവിച്ചു.

വയൽവാണിഭത്തോടനുബന്ധിച്ച് നടന്ന സാംസ്കാരിക സമ്മേളനത്തിൽ കേരളാ കലാമണ്ഡലം വൈസ്ചാൻസിലർ ഡോ. പി.എൻ. സുരേഷ് വിശിഷ്ട അതിഥിയായിരുന്നു. സോഷ്യൽ മീഡിയയിലൂടെ കേരളത്തിന്റെ വാനമ്പാടിയായി മാറിയ ജനകീയ ഗായിക ചന്ദ്രലേഖയേയും, തുടർച്ചയായി വയൽവാണിഭത്തിന് കാളയും കാളവണ്ടിയും പ്രദർശനത്തിന് എത്തിക്കുന്ന കർഷകൻ ചാക്കോ മാമ്മനേയും ഈ വേളയിൽ ആദരിക്കുകയുണ്ടായി.

ജാതിമത രാഷ്ട്രീയ ഭേദമെന്യേയുള്ള കൂട്ടായ്മയിലൂടെ ഒരു ദേശത്തിന്റെ ഗ്രാമോത്സവമാക്കി മാറ്റാൻ മുന്നിട്ടറങ്ങിയ ഒരു ജനകീയ സംഘാടക സമിതിയുടെ നേതൃത്വത്തിൽ ഗ്രാമപഞ്ചായത്തിന്റെ ചുമതലയിലും നിയന്ത്രണത്തിലുമാണ് ഈ പ്രവർത്തനങ്ങൾ നടത്തി വരുന്നത്. തിരക്കൊഴിയാത്ത സ്റ്റാളുകളും നിറഞ്ഞ കലാസന്ധ്യകളും കളങ്കമില്ലാത്ത പഴമയോടുള്ള ജനങ്ങളുടെ വാഞ്ചയും, കാണികളുടെ കണ്ണിലെ തിളക്കവും കാണുമ്പോൾ നമ്മുടെ നാട്ടിൽ നിലനിന്നിരുന്ന സ്നേഹവും കൂട്ടായ്മയും അതുവഴിയുണ്ടായിരുന്ന കാർഷിക സമൃദ്ധിയും വീണ്ടും തിരികെ വരും എന്ന പ്രതീക്ഷയുമായി വരും വർഷങ്ങളിൽ ഈ കാർഷികോത്സവം കൂടുതൽ ജനപങ്കാളിത്തത്തോടെ നടത്താൻ കഴിയട്ടേയെന്ന് പ്രത്യാശിക്കുന്നു.

തയ്യാറാക്കിയത് :
എ.എൻ. വാസുദേവ കുറുപ്പ്
ഓമല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി

മനോഹരൻ കൈതപ്രം

മലയോര വികസനത്തിന്റെ പൂമുഖപ്പടിയിൽ

കണ്ണൂർ ജില്ലാ ആസ്ഥാനത്ത് നിന്ന് ഇരിട്ടിയിലേക്ക് 46 കിലോമീറ്ററാണ് ദൂരം. തലശ്ശേരി, തളിപ്പറമ്പ് നഗരങ്ങളിൽ നിന്ന് ഇരിട്ടിയിലേക്കുള്ള ദൂരവും കർണാടകത്തിലെ കുടകിൽ നിന്ന് ഇരിട്ടിയിലെത്താനുള്ള ദൂരവും ഇത് തന്നെ. പശ്ചിമഘട്ട പാർശ്വത്തിൽ നല്ല വളർച്ച പ്രകടിപ്പിക്കുന്ന പട്ടണമാണ് ഇരിട്ടി. സംസ്ഥാനത്ത് പുതുതായി അനുവദിച്ച 12 താലൂക്കുകളിലൊന്നായ ഇരിട്ടി താലൂക്കിന്റെ ആസ്ഥാനം കൂടിയാണീ പട്ടണം. ബ്രിട്ടീഷുകാർ 1933ൽ നിർമ്മാണം പൂർത്തീകരിച്ച ഇരിട്ടി, കൂട്ടുപുഴ പാലങ്ങളാണ് കണ്ണൂർ ജില്ലയെ എളുപ്പത്തിൽ കർണാടകത്തിലെത്താൻ സഹായിച്ചത്. 81 വർഷം പിന്നിട്ട പത്തിലധികം പാലങ്ങൾ തലശ്ശേരി കുടക് അന്തർ സംസ്ഥാന പാതയിൽ ചരിത്ര ശേഷിപ്പുകളായി ഇന്നും യാത്രയ്ക്ക് ഉപകരിക്കുന്ന മട്ടിൽ നിലവിലുണ്ട്. കെ.എസ്.ടി.പി ഫേസ് 2ൽ പെടുത്തി നവീകരിക്കുന്ന തലശ്ശേരി- വളവുപാറ (കൂട്ടുപുഴ) ഇന്റർ സ്റ്റേറ്റ് ഹൈവേയിലെ ഈ പഴഞ്ചൻ പാലങ്ങളെല്ലാം പുനർനിർമ്മാണ ഘട്ടത്തിലാണ്.

ഗുണഭോക്തൃവിഹിതം മാത്രം സ്വരൂപിച്ച് ഇരിട്ടിയിൽ നിർമ്മിച്ച പഞ്ചായത്ത് രണ്ട് നില ഷോപ്പിങ്ങ് കോംപ്ലക്സ് ഈ രംഗത്തെ ആദ്യ പഞ്ചായത്ത് വികസന മാതൃക. പ്രത്യേക നിയമാവലി തയ്യാറാക്കി ഭരണസമിതി അംഗീകരിച്ച് സർക്കാർ അനുമതി നേടി നടപ്പാക്കിയ പദ്ധതി. കോംപ്ലക്സ് നിർമ്മാണത്തിന്റെ രൂപരേഖ പരസ്യപ്പെടുത്തി ഗുണഭോക്തൃ വിഹിതം വ്യാപാര മേഖലയിൽ നിന്ന് ക്ഷണിച്ചപ്പോൾ രണ്ട് കോടി പ്രതീക്ഷിച്ച സ്ഥാനത്ത് പഞ്ചായത്തിന് മുൻകൂർ കിട്ടിയത് നാല് കോടി രൂപ.

ഇരിട്ടിക്ക് ചുറ്റും ആറളം, കൊട്ടിയൂർ, അയ്യങ്കുന്ന്, ഉളിക്കൽ തുടങ്ങി മുപ്പത്താറിലധികം നിബിഡ കാർഷിക ഗ്രാമങ്ങളുണ്ട്. ഇവിടങ്ങളിൽ നിന്ന് നേരത്തെ സാമ്രാജ്യത്വം കിടയറ്റ കാർഷികോൽപ്പന്നങ്ങളും സുഗന്ധവ്യഞ്ജനങ്ങളും ദക്ഷിണേന്ത്യയിലെ കാശ്മീർ എന്ന് പുകൾപെറ്റ കർണാടകത്തിലെ കുടകിൽ വിളയുന്ന മധുരനാരങ്ങകളും റോഡ് മാർഗം തലശ്ശേരിയിൽ എത്തിച്ച് തലശ്ശേരി തുറമുഖം വഴി ഇംഗ്ലണ്ടിലേക്ക് കടത്തിക്കൊണ്ടുപോയതായി ചരിത്രകാരന്മാർ സാക്ഷ്യപ്പെടുത്തുന്നു. പിൽക്കാലത്ത് മലബാർ കുടിയേറ്റത്തിന്റെ പറുദീസയായി മാറിയ ഇരിട്ടി പരിസര പ്രദേശങ്ങൾ മലഞ്ചരക്കുൽപ്പാദനത്തിൽ റെക്കോർഡിട്ട് മുന്നേറ്റത്തിലായി. ആറളം, ബാവലി, ചീങ്കണ്ണി, ബാരാപ്പുഴ തുടങ്ങി എക്കാലവും തണുപ്പിന്റെ കുത്തൊഴുക്കുമായി ഇരിട്ടിയെ തഴുകിയെത്തുന്ന പുഴകളും നാടിന് പ്രകൃതി തീർത്ത വരദാനമായി. പച്ചപ്പും വനമേഖലയുടെ നിത്യഹരിത സാമീപ്യവുമായി പശ്ചിമഘട്ടത്തിലെ ബ്രഹ്മഗിരി (കർണാടകം), ആറളം, കൊട്ടിയൂർ, മുത്തങ്ങ (വയനാട്) മലനിരകൾ ഈ പട്ടണപരിസരങ്ങൾക്ക് പ്രകൃതിയുടെ വിശറിയായി.

മലഞ്ചരക്കുൽപ്പാദനത്തിലും മേന്മയുള്ള കാർഷിക വിഭവങ്ങളുടെ കലവറയെന്ന നിലക്കും ലോകത്തെ ഏറ്റവും ഗുണമേന്മയുള്ള കശുവണ്ടി പരിപ്പ് ഉൽപ്പാദിപ്പിക്കുന്ന കശുമാവ് കൃഷിയുടെ ആസ്ഥാനമെന്ന നിലക്കും കീർത്തി നേടിയ ഇരിട്ടി ജനസംഖ്യയിലും വളർച്ചാമുന്നേറ്റത്തിലും കുതിപ്പ് തുടരുന്നു.

കീഴീർ-ചാവശ്ശേരി പഞ്ചായത്തിന്റെ കേന്ദ്രമാണ് ഇരിട്ടി. അഞ്ച് കൊല്ലം മുമ്പ് വരെ നാല് സിനിമാ ടാക്കീസുകൾ റിലീസിംങ്ങ് കേന്ദ്രങ്ങളായി നല്ല നിലവാരത്തിൽ പ്രവർത്തിച്ച പട്ടണം. സംസ്ഥാനത്തെ നാട്ടിൻപുറങ്ങളിലും നഗരങ്ങളിലും നൂറുകണക്കിന് ടാക്കീസുകൾ അടച്ചുപൂട്ടിയപ്പോഴും അത്രമേൽ പരിക്കേൽക്കാതെ മൂന്ന് തീയേറ്ററുകൾ ഇന്നും റിലീസിംങ്ങ് കേന്ദ്രങ്ങളായി തന്നെ ഇവിടെ തുടരുന്നു. വരുമാനത്തിൽ ഈ പഞ്ചായത്ത് ജില്ലയിൽ ഒന്നാം സ്ഥാനത്തും സംസ്ഥാനത്ത് വളർച്ചാ നിരക്കിലും വിഭവസമാഹരണത്തിലും പ്രമുഖ പട്ടികയിലുമാണ്.

കീഴൂർ ചാവശ്ശേരി പഞ്ചായത്ത് മുൻഭരണസമിതി നിർമ്മിച്ച പഞ്ചായത്ത് ഷോപ്പിംങ്ങ് കോംപ്ലക്സ്.

ജനകീയാസൂത്രണം

ഗുണഭോക്തൃവിഹിതം മാത്രം സ്വരൂപിച്ച് ഇരിട്ടിയിൽ നിർമ്മിച്ച പഞ്ചായത്ത് രണ്ട് നില ഷോപ്പിങ്ങ് കോംപ്ലക്സ് ഈ രംഗത്തെ ആദ്യ പഞ്ചായത്ത് വികസന മാതൃക. പ്രത്യേക നിയമാവലി തയ്യാറാക്കി ഭരണസമിതി അംഗീകരിച്ച് സർക്കാർ അനുമതി നേടി നടപ്പാക്കിയ പദ്ധതി. കോംപ്ലക്സ് നിർമ്മാണത്തിന്റെ രൂപരേഖ പരസ്യപ്പെടുത്തി ഗുണഭോക്തൃ വിഹിതം വ്യാപാര മേഖലയിൽ നിന്ന് ക്ഷണിച്ചപ്പോൾ രണ്ട് കോടി പ്രതീക്ഷിച്ച സ്ഥാനത്ത് പഞ്ചായത്തിന് മുൻകൂർ കിട്ടിയത് നാല് കോടി രൂപ. രണ്ട് കോടി വിനിയോഗിച്ച് കെട്ടിടം പൂർത്തീകരിച്ച് വ്യാപാര വികസനത്തിന് കച്ചവടക്കാർക്ക് വാടകക്ക് നൽകി. പ്രതിവർഷം വാടകയിനത്തിൽ പഞ്ചായത്തിന് കോംപ്ലക്സിൽ നിന്ന് 40 ലക്ഷത്തിൽപ്പരം രൂപ തനത് വരുമാനം കിട്ടുന്ന പദ്ധതിയാണിത്. നിലവിൽ 2 കോടിയിലധികം രൂപ പഞ്ചായത്തിന് പ്രതിവർഷം തനത് ഫണ്ടിൽ സമാഹരിക്കാൻ കഴിയുന്നു.

വെള്ളപ്പൊക്കത്തിന്റെ കഥ

പഴശ്ശി പദ്ധതി കീഴൂർ ചാവശ്ശേരി പഞ്ചായത്തിലെ വെളിയമ്പ്രയിലാണ് പ്രവർത്തിക്കുന്നത്. അണക്കെട്ടും ഉദ്യാനവും അടക്കമുള്ള കേന്ദ്രം ഷട്ടറടച്ചാൽ വെളിയമ്പ്ര മുതൽ ഇരിട്ടി ടൗൺ പരിസരം വരെയും പയഞ്ചേരി, പടിയൂർ, ചായം വരെയുമുള്ള 15 കിലോമീറ്റർ പരിധിയിൽ നിറഞ്ഞ ജലപ്പരപ്പാവും. ഇരിട്ടി ബസ്സ്റ്റാന്റും ടൗൺ പരിസരവും ഈ ജലാശയത്തിന്റെ കരയിലും. കഴിഞ്ഞ കൊല്ലത്തെ കാലവർഷത്തിൽ ഷട്ടർ തുറക്കാൻ സാധിക്കാതെ വന്നതിനാൽ ടൗണിൽ 25 കോടിയുടെ നാശനഷ്ടം വിതച്ച് കടകമ്പോളങ്ങൾ വെള്ളപ്പൊക്കത്തിലായി. 46 വീടുകൾ പൂർണമായി തകർന്നു. 140ലധികം വീടുകൾ ഭാഗികമായും. നിരവധി സർക്കാർ ഓഫീസുകൾ അടക്കം വെള്ളത്തിനടിയിലായി. രക്ഷാപ്രവർത്തനത്തിന് നാവികസേന വരെയെത്തിയ വെള്ളപ്പൊക്കക്കെടുതിക്ക് സർക്കാർ നഷ്ടപരിഹാരം നൽകേണ്ടി വന്നു. അത്രമേൽ ദുരിതം വിതകച്ച വെള്ളപ്പൊക്കക്കെടുതിയിൽ ഇരിട്ടി പഞ്ചായത്ത് ബസ്സ്റ്റാന്റ് പൂർണമായി രണ്ട് ദിവസം വെള്ളത്തിനടിയിലായി.

കോൺക്രീറ്റ് ബസ്സ്റ്റാന്റ്

ചതുപ്പ് നിലം നികത്തിയുണ്ടാക്കിയ ഇരിട്ടി ബസ്സ്റ്റാന്റ് എക്കാലവും മഴക്കാലത്ത് തകർന്ന് തരിപ്പണമാവും. മുപ്പത് ലക്ഷം രൂപ വരെ വർഷം തോറും അറ്റകുറ്റപ്പണിക്ക് വിനിയോഗിച്ചാലും അടുത്ത കൊല്ലമെത്തുമ്പോൾ വീണ്ടും തകർന്ന് ഗതാഗതത്തിന് പറ്റാതാവും. ശാശ്വത പരിഹാരത്തിന് ഭരണസമിതി 2010ൽ കോൺക്രീറ്റ്

പഞ്ചായത്ത് ബസ്സ്റ്റാന്റ് ഷോപ്പിംങ്ങ് കോംപ്ലക്സിന് നിർമ്മിച്ച രണ്ടാം നില കെ.കെ.നാരായണൻ എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു.

ഇരിട്ടി കോൺക്രീറ്റ് ബസ്റ്റാന്റ് ഉദ്ഘാടനം ചെയ്ത് മന്ത്രി കെ.പി.മോഹനൻ സംസാരിക്കുന്നു.

ബസ്റ്റാന്റ് എന്ന ആശയം ചർച്ച ചെയ്ത് അംഗീകരിച്ച് ജില്ലാ ആസൂത്രണ സമിതി അംഗീകാരത്തിന് സമർപ്പിച്ചു. കണ്ണൂർ ഗവ.എഞ്ചിനീയറിംങ്ങ് കോളേജ് സാങ്കേതിക വിഭാഗം തയ്യാറാക്കിയ മാസ്റ്റർ പ്ലാനിൽ രണ്ട് കോടി രൂപ ചെലവിൽ ഒരേക്കർ ബസ്റ്റാന്റിൽ 32 ഇഞ്ച് കമ്പി ഘടിപ്പിച്ച് 47 സെന്റീമീറ്റർ കനത്തിൽ സിമന്റ് കോൺക്രീറ്റിംങ്ങ് പദ്ധതിക്ക് ഡിപിസി അംഗീകാരം നൽകി. സർക്കാരിലേക്ക് അനുമതി തേടി പോയ ഫയലിന് കോഴിക്കോട് പൊതുമരാമത്ത് സൂപ്രണ്ടിംങ്ങ് എൻജിനീയർ ഓഫീസിൽ നിന്ന് നിർമ്മാണ അനുമതി നൽകി. 2013 മാർച്ച് 13ന് പ്രവൃത്തി ടെൻഡർ ചെയ്തു. ഒരുകോടി അറുപത്താറ് ലക്ഷത്തി ഏഴായിരത്തി മുന്നൂറ്റി എഴുപഞ്ചത്ത് രൂപക്ക് നിർമ്മാണ കരാർ ഏറ്റെടുത്തു. ആറ് മാസം കൊണ്ട് നിർമ്മാണം പൂർത്തീകരിക്കാനാണ് വ്യവസ്ഥ ചെയ്തത്. കനത്ത കാലവർഷവും അതത് ഘട്ടത്തിൽ ലഭിക്കേണ്ടുന്ന സാങ്കേതിക അനുമതിയിൽ വന്ന സ്വാഭാവിക കാലതാമസവും പ്രവൃത്തി അൽപ്പം വൈകിപ്പിച്ചു. 2014 ജനുവരിയിൽ കോൺക്രീറ്റ് ബസ്റ്റാന്റ് യാഥാർത്ഥ്യമായി. ജനുവരി 18ന് കൃഷിമന്ത്രി കെ.പി.മോഹനൻ ആയിരങ്ങളുടെ സാന്നിദ്ധ്യത്തിൽ ബസ്റ്റാന്റ് നാടിന് സമർപ്പിച്ചു.

ടൗണിലെ ആയിരത്തിലധികം കടകളിൽ നിന്നുള്ള മാലിന്യം പുലർച്ചെ അടിച്ചുവാരി നഗരം തൂത്തുവാരി വൃത്തിയാക്കുന്ന ആരോഗ്യശുചീകരണ പദ്ധതിയും പഞ്ചായത്തിന്റെ ഭാവനാപൂർണ്ണമായ സമീപനത്തിന് അടിവരയിടുന്നു. വ്യാപാരികളുടെ സഹകരണത്തോടെ നടപ്പാക്കുന്ന പദ്ധതിയിൽ ടൗണിൽ നിന്ന് നീക്കുന്ന മാലിന്യം അത്തിത്തട്ടിലെ പഞ്ചായത്ത് ട്രഞ്ചിംങ്ങ് ഗ്രൗണ്ടിലെത്തിച്ച് ഇനം തിരിച്ച് സംസ്കരിക്കുന്ന കർണാടകത്തിലെ മൈസൂർ കോർപ്പറേഷൻ മാതൃകയിലുള്ള ജൈവ സംസ്കരണ പദ്ധതിയും മികച്ച തൊഴിൽ സംരംഭമായി വികസിപ്പിക്കാനുള്ള ശ്രമത്തിലാണ് പഞ്ചായത്ത്.

സ്വപ്ന പദ്ധതികളുമായി മുന്നോട്ട്

മൃതദേഹ സംസ്കാരത്തിന് കണ്ണൂർ പയ്യാമ്പലത്ത് മാത്രമാണിന്ന് വിപുലമായ സൗകര്യമുള്ളത്. അമ്പതും അറുപതും കിലോമീറ്റർ സഞ്ചരിച്ച് പയ്യാമ്പലത്തേക്ക് ജഡങ്ങളുമായി പോകേണ്ടിവരുന്ന ദുരിതപർവത്തിന് വിരാമമിടാനും കീഴൂർ – ചാവശ്ശേരി പഞ്ചായത്ത് പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്. ചാവശ്ശേരി പറമ്പിൽ ഉദ്യാനമാതൃകയിൽ നിർമ്മിക്കുന്ന പൊതുശ്മശാനം ഫെബ്രുവരിയിൽ നാടിന് സമർപ്പിക്കും. 95 സെന്റ് സ്ഥലത്താണ് ശ്മശാനം. ഒരേസമയം രണ്ട് മൃതദേഹ സംസ്കരണം സാധ്യമാവും. കൂടെയെത്തുന്നവർക്ക് വിശ്രമിക്കാനുള്ള കേന്ദ്രം അടക്കം തയ്യാറാക്കുന്നുണ്ട്. 20 ലക്ഷത്തിന്റെ പദ്ധതിയാണിത്.

ടൗണിലെ ആയിരത്തിലധികം കടകളിൽ നിന്നുള്ള മാലിന്യം പുലർച്ചെ അടിച്ചുവാരി നഗരം തൂത്തുവാരി വൃത്തിയാക്കുന്ന ആരോഗ്യശുചീകരണ പദ്ധതിയും പഞ്ചായത്തിന്റെ ഭാവനാപൂർണ്ണമായ സമീപനത്തിന് അടിവരയിടുന്നു. വ്യാപാരികളുടെ സഹകരണത്തോടെ നടപ്പാക്കുന്ന പദ്ധതിയിൽ ടൗണിൽ നിന്ന് നീക്കുന്ന മാലിന്യം അത്തിത്തട്ടിലെ പഞ്ചായത്ത് ട്രഞ്ചിംങ്ങ് ഗ്രൗണ്ടിലെത്തിച്ച് ഇനം തിരിച്ച് സംസ്കരിക്കുന്ന കർണാടകത്തിലെ മൈസൂർ കോർപ്പറേഷൻ മാതൃകയിലുള്ള ജൈവ സംസ്കരണ പദ്ധതിയും മികച്ച തൊഴിൽ സംരംഭമായി വികസിപ്പിക്കാനുള്ള ശ്രമത്തിലാണ് പഞ്ചായത്ത്.

വാർത്തകളും വിശേഷങ്ങളും

ഇലക്ട്രിക് സാധനങ്ങളും അനുബന്ധ ഉപകരണങ്ങളും ക്രൂസിൽ നിന്നും വാങ്ങുന്നതിന് അനുമതി

മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ഗ്രാമപഞ്ചായത്തുകൾക്കാവശ്യമായ തെരുവ് വിളക്കുകളും, മറ്റ് ഇലക്ട്രിക് സാധനങ്ങളും, അനുബന്ധ ഉപകരണങ്ങളും ക്രൂസ് മുഖേന മാത്രമേ വാങ്ങാവൂ എന്ന് 05.06.2013ലെ സ.ഉ.(സാധാ) 1469/2013/തസ്വഭവ നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ പദ്ധതി വയനാട്, പാലക്കാട്, തൃശൂർ എന്നീ ജില്ലകളിലെ ഗ്രാമപഞ്ചായത്തുകൾക്കും ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചു. സ.ഉ.(സാധാ)1334/2014/തസ്വഭവ, തീയതി 29.05.2014.

ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മരാമത്ത് പ്രവൃത്തികളിൽ നിന്നും ഈടാക്കുന്ന വാറ്റ് നികുതി വിഹിതം ഇ-പെയ്മെന്റ് വഴി ഒടുക്കേണ്ടി വരുമ്പോൾ ട്രഷറികളിൽ GRASK എന്ന സംവിധാനം നിലവിൽ വരുന്നതു വരെ മാത്രം ഇപ്പോൾ സെക്രട്ടറിയുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ/ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ അക്കൗണ്ടില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രസ്തുത ബാങ്കുകളുടെ ഏറ്റവും അടുത്ത ശാഖയിൽ വാറ്റ് (വാല്യു ആഡറ്റ് ടാക്സ്) ഒടുക്കുന്നതിനായി മാത്രം ഒരു ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിന് സ.ഉ.(സാധാരണ)നം. 1529/2014/ത.സ്വ.ഭവ. തീയതി 18.6.2014 പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു. ഈ ഉത്തരവിൽ സെക്രട്ടറിയുടെ പേരിൽ എന്നതിനോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേധാവി എന്ന് കൂടി ചേർത്ത് 8.1.2014-ലെ ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തവരായി. (സ.ഉ.(സാധാ.) 83/2014/ത.സ്വ.ഭ.വ തീയതി 8.01.2014).

തദ്ദേശസ്വയംഭരണ വകുപ്പ് - വിവരാവകാശ നിയമം 2005- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - ഓംബുഡ്സ്മാൻമാരെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരായും തദ്ദേശസ്വയംഭരണ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയെ അപ്പീൽ അധികാരിയായും നിയമിച്ച് പുറപ്പെടുവിച്ച 22.05.2014-ലെ സ.ഉ. (സാധാ) 1153/14/ത.സ്വ.ഭ.വ ഉത്തരവ് ഭേദഗതി ചെയ്തു.

22.5.2014ലെ സ.ഉ.(സാധാ).നം.1153/14/ത.സ്വ.ഭ.വ എന്ന ഉത്തരവ്, 22.05.2014-ലെ സർക്കാർ ഉത്തരവ് (സാധാ) നം.1253/2014/ത.സ്വ.ഭ.വ. എന്ന് ഭേദഗതി ചെയ്തും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ വിവരാവകാശ നിയമപ്രകാരമുള്ള അപ്പലറ്റ് അതോറിറ്റിയായി തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പിന്റെ ചുമതലയുള്ള ഡെപ്യൂട്ടി സെക്രട്ടറിയെ നിയമിച്ചുകൊണ്ടും ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിച്ചു. (സ.ഉ.(സാധാ).നം.1604/14.ത.സ്വ.ഭ.വ. തീയതി, 24.06.2014)

പതാകനൗക പദ്ധതികൾ - വിശദമായ പദ്ധതി നിർദ്ദേശങ്ങൾ നൽകണം

സംസ്ഥാന സർക്കാരിന്റെ ഇനിയുള്ള കാലയളവിൽ നടപ്പാക്കാനാകുന്ന പതാക നൗക പദ്ധതികളിൽ 19-ാമത്തെ ഇനമായി പരിസ്ഥിതി സംരക്ഷണം ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾ വഴി നടപ്പിലാക്കേണ്ടുന്ന പ്രാഥമിക പരിസ്ഥിതി സംരക്ഷണത്തിനായി നടപ്പുവർഷം പഞ്ചായത്ത് ഒന്നിന് 2.5 ലക്ഷം രൂപ വീതം 1.3 കോടി രൂപ പരിസ്ഥിതി വകുപ്പിന്റെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിലേക്കായി ഉചിതമായ പദ്ധതികൾ ആസൂത്രണം ചെയ്ത്, വിശദമായ പദ്ധതി നിർദ്ദേശം പഞ്ചായത്ത് ഡയറക്ടർ മുഖേന സമയബന്ധിതമായി പരിസ്ഥിതി വകുപ്പിന് ലഭ്യമാക്കുവാൻ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും നിർദ്ദേശം നൽകുന്നു. ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി നിർദ്ദേശങ്ങൾ പഞ്ചായത്ത് ഡയറക്ടർ പരിശോധിച്ച് മേൽനടപടികൾക്കായി നേരിട്ട് പരിസ്ഥിതി വകുപ്പിന് ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകി സർക്കുലർ പുറപ്പെടുവിച്ചു. (നം.31194/ഡിഎ2/2014/ത.സ്വ.ഭ.വ തീയതി- 21.6.14).

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണ രൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.

Edited and Published by A. Sayeed, Director of Panchayats (i/c), Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram

www.promptec.in

promptec™
LED Lights

Saves Power, Light forever

Leading Manufacturers of LED Lights
LED Lighting Systems & Accessories

Completed India's Largest LED Lighting Project,
Lighting up 5 Corporations, 60 Municipalities and Panchayats in Kerala.

Specialized in manufacturing LED Street Lights varying from 5W to 150W

Promptec LED lights help you :

| Save Energy | Enjoy Crystal Clear Visibility | Protect Environment - Mercury Free | No Maintenance Headaches |

Industry leading product Certifications from

UL | CPRI | RoHS | TUV NORD ISO 9001:2008 | Ministry of New & Renewable Energy Govt. of India | NSIC NSIC Certified

Manufactured & Marketed by:

PROMPTEC RENEWABLE ENERGY SOLUTIONS PVT LTD.

(An ISO 9001-2008 Certified Company)

Head Office & Works
'Shibra Farms', Nagasandra Main Road,
Near 8th Mile, Tumkur Road,
Bangalore - 560 073. Karnataka, India

Sales Depot
1/153 Thalore, Old NH47,
Nenmanikara Gramapanchayat,
Thrissur, Kerala, India - 680 306
Enquiries : +91 98468 81939

Ph :080-28390897 / +91 9686198166 / 67 | Fax : 080 28390889 Email: sales@promptec.in
We solicit Dealer / Representatives enquiries to supply our products in Kerala.

PANCHAYATRAJ (Monthly) July 2014
Annual Subscription ₹120/-, Published on 20th June 2014
Posted at Trivandrum RMS on 25th & 26th of every month

RNI. No.: 7959/64
Postal Reg. No. KL/TV(N) 391/2012-14
Licensed to Post without Prepayment No. KL/TV(N) WPP-85/2012-14

www.ammini.com

ammini
partnering with tomorrow

ഹൈമാസ്റ്റ്ലൈറ്റുകൾ സൗരോർജ്ജത്തിൽ..

AMMINI SOLAR Introduces..

GreenMast

SOLAR LED MAST LIGHTS

Different Models
12Wx4 | 24Wx4 | 36Wx4 | 36Wx6 | 48Wx6
Height up to 10 Mtrs.

Features

- Rechargeable by Solar PV module as well as mains charger
- Uses 100% Renewable Energy
- No running cost, 100% solar powered
- 100% battery backup
- Virtually no maintenance
- Uses maintenance free GEL Tubular batteries
- Long Life LED Luminaries
- High reliability electronic design
- Shortest payback period
- Lights up during power cut also

ammini
partnering with tomorrow

ലൈറ്റിംഗ് രംഗത്ത്
20 വർഷത്തെ
സേവന പാരമ്പര്യം

राष्ट्रीय पुरस्कार-2010
MSME National Award for Quality Products

ISO 9001: 2008

ONICRA
We Secure Trust
NSIC - ONICRA CREDIT RATED: SE2B

एन. एस. आई. सी
NSIC
ISO 9001 : 2008
REGISTERED

MNRE
CRISIL GRADE
2013-14
SP 2B

അമ്മിണി സോളാർ

ഫോൺ: 0471-3060200, 93871 60225
ഫാക്സ്: 3060201; ഇ-മെയിൽ: mail@ammini.com

For more details: 1800 300 00 600 (TOLL FREE)

Printed & Published by A. Sayeed, Director (i/c), Dept. of Panchayats on behalf of Govt. of Kerala and
Printed at Akshara Offset (for GLM), Vanchiyoor, Thiruvananthapuram, Kerala - 695 035 and Published at Directorate of Panchayats,
Museum P.O., Thiruvananthapuram - 695 033, Kerala. Editor: A. Sayeed